# നിത്യതയുടെ വെളിപ്പാട്

ഏബ്രഹാം പൊടിമറ്റത്തിൽ



'പുസ്തകവ്യാഖ്യാനം - വെളിപ്പാട്', 'മനുഷ്യൻ പ്രാണനെ വിട്ടാൽ പിന്നെ അവൻ എവിടെ? മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ?' എന്നീ ഗ്രന്ഥങ്ങളുടെ രചയിതാവും പ്രേഷ്യസ് കോളിംഗ് മിനിസ്ട്രീസിലൂടെ കുടുംബസമേതം വിവിധ ആത്മീകനിലവാരങ്ങളിൽ കർതൃവേലയിൽ വ്യാപൃതനും കോട്ടയം ജില്ലയിൽ പള്ളിക്കത്തോട് ഹെബ്രോൻ ഐ. പി.സി. അംഗവുമാണ്.

ഭാര്യ: ഷേർലി (ബീന), മക്കൾ: നീതി & അജു (അബുദാബി), നിതിൻ

മേൽവിലാസം: പൊടിമറ്റത്തിൽ, പാമ്പാടി പോസ്റ്റ്, കോട്ടയം 686502, കേരളം, ഇന്ത്യ.

E-mail: abrahampodimattathil@gmail.com
Ph: 0481 2500674, Mob: 94471 39274

NITHYATHAYUDE VELIPPADU (Malayalam)
**നിത്യതയുടെ വെളിപ്പാട്** (മലയാളം)

Abraham Podimattathil

*Publishers*: **Precious Calling Ministries**
PB No. 04, Anickadu PO
Kottayam-686 503, Kerala
South India
E-mail: **preciouscallingministries@yahoo.co.in**
web site: **www.preciouscallingministries.com**

*Type setting, Layout & Cover*: **Right Perspective, Kottayam**

*Creative Consultant*: **Abraham Kurian, Lifetree**

*Printing:* **Sujilee Colour Printers, Chathannoor**

*First Published*: **July 2009**

*Second Edition (Revised)*: **May 2018**

*All Right Reserved.*

*Price* : **₹ 50.00**

Copies - **250**

## മുഖവുര

നിത്യതയുടെ വെളിപ്പാട് എന്ന ഗ്രന്ഥത്തിന്റെ പരിഷ്ക രിച്ച രണ്ടാംപതിപ്പ് പ്രസിദ്ധീകരിക്കുവാൻ കൃപ തന്ന സർവ്വ ജ്ഞാനിയായ ഏകദൈവത്തിന് സർവ്വമാനവും മഹത്വവും സ്തോത്രവും അർപ്പിക്കുന്നു.

വിശുദ്ധ ബൈബിളിൽ ജ്ഞാനിയായ ശലോമൻ എഴുതിയ സഭാപ്രസംഗി എന്ന പുസ്തകത്തിലെ മൂന്നാം അദ്ധ്യായം പതിനൊന്നാം വാക്യമാകുന്ന "അവൻ സകലവും അതതിന്റെ സമയത്തു ഭംഗിയായി ചെയ്തു നിത്യതയും മനു ഷ്യരുടെ ഹൃദയത്തിൽ വെച്ചിരിക്കുന്നു; എങ്കിലും ദൈവം ആദി യോടന്തം ചെയ്യുന്ന പ്രവർത്തിയെ ഗ്രഹിപ്പാൻ അവർക്കു കഴി വില്ല" എന്ന വാക്യത്തെ ആസ്പദമാക്കി വിവിധ സ്ഥലങ്ങളിൽ നടത്തിയ വേദപുസ്തക പഠനക്ലാസുകളുടെ പുസ്തകാവിഷ്കാ രമാണിത്.

ദൈവീകസൃഷ്ടിയായ മനുഷ്യനോടുള്ള ബന്ധത്തിലെ പരമപ്രധാനമായ വിഷയമാണ് നിത്യത. ലോകാരംഭം മുതൽ ഒടുക്കത്തെനാൾ വരെയുള്ള സകല മനുഷ്യർക്കും നിത്യതയുണ്ട്, നിത്യജീവൻ അല്ലെങ്കിൽ നിത്യമരണം. ഇതിൽ ഏതെങ്കിലും ഒന്നിലേക്കായിരിക്കും സകല മനുഷ്യരും ഇവി ടെനിന്നും മാറ്റപ്പെടുന്നത്. നിത്യജീവൻ എന്നതിന്റെ ആത്മീക അർത്ഥം പിതാവാംദൈവത്തെയും പുത്രനാംദൈവത്തെയും പരിശുദ്ധാത്മാംദൈവത്തിന്റെ പരിജ്ഞാനത്തിൽ അറിയുക എന്നുള്ളതാണ്. മാനവരക്ഷയ്ക്കായി മനുഷ്യനായി ഇഹലോ കത്തിൽ ജനിച്ച യേശുക്രിസ്തുവിനെ ആഴത്തിൽ അറിയുന്ന തിലൂടെയാണ് ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനം മനുഷ്യർക്ക് ലഭിക്കുന്നത്. ആ ലക്ഷ്യത്തോടെയാണ് ഈ ഗ്രന്ഥം രചി ക്കപ്പെട്ടിട്ടുള്ളത്. ഉല്പത്തിപുസ്തകം മുതൽ വെളിപ്പാട് പുസ്തകം വരെ യേശുക്രിസ്തുവിനെ ഏഴു വ്യത്യസ്ഥ നിലവാ രങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നതിനെക്കുറിച്ചാണ് ഈ പുസ്ത കത്തിലെ ഏഴ് അദ്ധ്യായങ്ങളിൽ വിശദീകരിച്ചിരിക്കുന്നത്.

ഈ ഗ്രന്ഥത്തിന്റെ ആദ്യപതിപ്പ് പ്രസിദ്ധീകരിച്ചതിനു ശേഷം എളിയവന് ലഭിച്ച ആത്മാർത്ഥമായ എല്ലാ അഭിപ്രായങ്ങളും പ്രോത്സാഹനങ്ങളുമാണ് ഇതിന്റെ രണ്ടാംപതിപ്പ് പരിഷ്ക്കരിച്ച് പ്രസിദ്ധീകരിക്കുവാൻ പ്രചോദനമായത്. അപ്രകാരം പ്രചോദനം തന്ന ഏവരെയും നന്ദിയോടെ സ്മരിക്കുകയും അതിനായി ദൈവത്തിന് സ്തോത്രം കരേറ്റുകയും ചെയ്യുന്നു. എളിയവന് ലഭിക്കുന്ന ഹൃദയസ്പർശിയായ അഭിപ്രായങ്ങളും പ്രോത്സാഹനങ്ങളും പുസ്തകരചനയിൽ ആത്മപ്രചോദനമാകുന്നു; തുടർന്നും ഏവരുടേയും പ്രാർത്ഥനയും സഹകരണവും ഉണ്ടായിരിക്കണമേയെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

പരിഷ്ക്കരിച്ച രണ്ടാംപതിപ്പിന്റെ പ്രസിദ്ധീകരണത്തിനു പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും കർത്താവ് ധാരാളമായി അനുഗ്രഹിക്കട്ടെയെന്നുള്ള പ്രാർത്ഥനയോടെ സർവ്വശക്തനായ ദൈവത്തിന്റെ പാദങ്ങളിൽ സവിനയം ഈ പുസ്തകത്തെ സമർപ്പിച്ചുകൊള്ളുന്നു.

കർത്തൃസേവയിൽ,

**എബ്രഹാം പൊടിമറ്റത്തിൽ**

# താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| 1. സൃഷ്ടിതാവ് | 7 |
| 2. ലോകരക്ഷിതാവ് | 18 |
| 3. മഹാപുരോഹിതൻ | 35 |
| 4. ആത്മമണവാളൻ | 44 |
| 5. മഹാരാജാവ് | 69 |
| 6. ന്യായാധിപതി | 93 |
| 7. പിതാവിന്റെ മന്ദിരം | 102 |

### അദ്ധ്യായം1

# സൃഷ്ടിതാവ്

*അവൻ സകലവും അതതിന്റെ സമയത്തു ഭംഗിയായി ചെയ്തു നിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ വെച്ചിരിക്കുന്നു; എങ്കിലും ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവൃത്തിയെ ഗ്രഹിപ്പാൻ അവർക്കു കഴിവില്ല (സഭാ. 3:11).*

ജ്ഞാനിയായ ശലോമൻ പ്രസ്താവിച്ചിരിക്കുന്നത് സർവ്വശക്തനായ ദൈവത്തിന്റെ പ്രവർത്തികളുടെ ആഴങ്ങളെ വേണ്ടതുപോലെ ഗ്രഹിക്കുവാൻ മനുഷ്യർക്ക് കഴിയുന്നില്ലായെന്നാണ്. പഴയനിയമത്തിൽ നിഴലായി മറഞ്ഞു കിടക്കുന്ന മർമ്മങ്ങളാണ് പുതിയനിയമത്തിൽ പൊരുളായി നിവർത്തീകരിക്കപ്പെടുന്നത്. ദൈവരാജ്യത്തിന്റെ മർമ്മങ്ങളെ ഗ്രഹിക്കുവാനുള്ള വരം ലഭിച്ചിരിക്കുന്നത് പുതിയനിയമ വിശ്വാസികൾക്കാണ്. പിതാവാം ദൈവം ഭൂമിയിലേക്ക് പരിശുദ്ധാത്മാവിനെ അയച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം ദൈവീകരഹസ്യങ്ങളുടെ പൊരുൾ കാലാകാലങ്ങളിൽ പുതിയനിയമസഭയ്ക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നതിനു വേണ്ടിയാണ്. ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴങ്ങളെ നമുക്കു വെളിപ്പെടുത്തിത്തരുന്നത് ദൈവത്തിന്റെ ആത്മാവാകുന്നു. ക്രിസ്തുവിന്റെ മനസ്സുള്ളവർക്ക് മാത്രമെ നിത്യതയുടെ മർമ്മം വേണ്ടവിധത്തിൽ ഗ്രഹിക്കുവാൻ സാധിക്കുകയുള്ളൂ.

സാധാരണ മനുഷ്യർക്ക് ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവൃത്തികളെ ഗ്രഹിക്കുവാൻ കഴിയുകയില്ല. ക്രിസ്തുയേശുവിന്റെ പരിജ്ഞാനതികവിലേക്ക് പ്രവേശിക്കുന്നവർക്കാണ് ദൈവം ആത്മാവിനാൽ രേഖപ്പെടുത്തിയിരിക്കുന്ന തിരുവചനത്തിന്റെ മർമ്മം വേണ്ടവിധത്തിൽ ഗ്രഹിക്കുവാൻ സാധിക്കുന്നത്. വിശുദ്ധബൈബിളിലെ അറുപത്തിയാറു പുസ്തകങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നതല്ലാതെ മറ്റൊന്നുംതന്നെ മാനവസൃഷ്ടി

യോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ ആത്മാവിനു വെളിപ്പെടുത്തുവാനായിട്ടില്ല. അതുകൊണ്ട് തിരുവചനത്തോട് ഒന്നും കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുവാൻ പാടില്ലാത്തതാകുന്നു. അതിന്റെ കാരണം ദൈവത്തിന്റെ വായ് അരുളിച്ചെയ്തത് സർവ്വതും അവന്റെ ആത്മാവ് കൂട്ടി വരുത്തിയിരിക്കുന്ന യഹോവയുടെ പുസ്തകം പരിപൂർണ്ണമായതുകൊണ്ട് അത് അന്വേഷിച്ച് വായിച്ചു നോക്കിയാൽ അവയിൽ ഒന്നും കാണാതിരിക്കുകയില്ല; അതുപോലെ ഒന്നിനും ഇണയില്ലാതിരിക്കുകയുമില്ല. അതിനാൽ തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളെ യഥാവിധം ഗ്രഹിച്ചെടുക്കുക മാത്രമാണ് നാം ചെയ്യേണ്ടത്.

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന വാക്യത്തോടെ ആരംഭിച്ചിരിക്കന്ന ഉല്പത്തിപുസ്തകത്തിന്റെ ആദ്യ അദ്ധ്യായങ്ങൾ പ്രപഞ്ചോല്പത്തിയുടെ രഹസ്യങ്ങളാണ് ദൈവപുരുഷനായ മോശെയിലൂടെ ദൈവം നമുക്ക് വെളിപ്പെടുത്തിത്തന്നിരിക്കുന്നത്. പുതിയനിയമത്തിൽ യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടു കൂടി ആയിരുന്നു, വചനം ദൈവം ആയിരുന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നത് സർവ്വസൃഷ്ടികളുടെയും കാരണഭൂതൻ വചനമാം ദൈവമാകുന്നു എന്ന വലിയ സത്യം വ്യക്തമാക്കുന്നതിനുവേണ്ടിയാണ്. ഉളവാകട്ടെ എന്ന ആത്മാവാം ദൈവത്തിന്റെ അരുളപ്പാട് അതുപോലെ ഉളവാക്കിയതിന്റെ പിന്നിൽ പ്രവർത്തിച്ചത് വചനമാംദൈവം ആയിരുന്നു. അതിന്റെ വ്യക്തയാണ് വെളിപ്പാട്പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്.

*കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്ത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ എന്ന് പറഞ്ഞുംകൊണ്ട് തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിനുമുമ്പിൽ ഇടും. (വെളി. 4:11)*

പ്രപഞ്ചസൃഷ്ടിതാവായ ദൈവം ആറു ദിവസങ്ങൾ കൊണ്ടാണ് ഇന്നു നാം കാണുന്ന ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചത്. അതിനു മുമ്പ് ഉണ്ടായിരുന്ന ആകാശവും ഭൂമിയും എന്നു സൃഷ്ടിക്കപ്പെട്ടു എന്നതിന്റെ വ്യക്തതയില്ല. പാഴും ശൂന്യവുമായി കിടക്കുന്ന ഭൂമിയെ മനുഷ്യവാസയോഗ്യമാക്കിത്തീർത്ത

തിനെക്കുറിച്ചാണ് ഉല്പത്തിപുസ്തകം ഒന്നാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

പാഴും ശൂന്യവുമായി കിടന്നിരുന്ന ഭൂമിയിൽ ആഴം, ഇരുൾ, വെള്ളം എന്നിവയും വെള്ളത്തിൻമീതെ പരിവർത്തിച്ചുകൊണ്ടിരുന്ന ദൈവത്തിന്റെ ആത്മാവും ആയിരുന്നു ഉണ്ടായിരുന്നത്. ഒന്നാം ദിവസം അരുളിച്ചെയ്ത് വെളിച്ചം ഉണ്ടാകട്ടെ എന്നായിരുന്നു. ഈ വെളിച്ചം ജീവനാകുന്ന വചനമാംവെളിച്ചമാണ്. അതുപോലെ ഇരുൾ എന്നിവിടെ സൂചിപ്പിച്ചിരിക്കുന്നത് മരണമാകുന്ന സാത്താനെയാണ്. അതല്ലാതെ ഇന്നു നാം കാണുന്ന ദിനരാത്രങ്ങൾ ഉണ്ടാകട്ടെയെന്നല്ല കർത്താവ് അരുളിച്ചെയ്തത്. രാവും പകലും സൃഷ്ടിക്കപ്പെട്ടത് മൂന്നാം ദിവസത്തിലാണ്. ജീവന്റെ ഉറവിടമാണ് ദൈവം; തന്നിൽത്തന്നെ ജീവനുള്ളവൻ എന്നർത്ഥം. വചനമാകുന്ന ക്രിസ്തുയേശു പിതാവാംദൈവത്തെപ്പോലെ തന്നിൽത്തന്നെ ജീവനുള്ളവനാണ്. ജീവനുള്ളവനായി ഒരുവൻ മാത്രമാണുള്ളത്, അവനാണ് സൃഷ്ടിതാംദൈവം, അവനിലാണ് ദൈവീകത്രിത്വം അടങ്ങിയിരിക്കുന്നത്.

ദൈവവചനത്തെ ശരിയായ രീതിയിൽ ഗ്രഹിക്കാത്തവരാണ് അവരുടെ നാശത്തിനായി ദൈവവചനത്തെ കോട്ടിക്കളയുന്നത്. ദൈവീകത്രിത്വത്തെക്കുറിച്ച് തിരിച്ചറിയുവാനോ ഉൾക്കൊള്ളുവാനോ കഴിയാത്തവർക്കാണ് എന്നും ചോദ്യങ്ങളും സംശയങ്ങളും ഇതോടുള്ള ബന്ധത്തിലുള്ളത്. മനുഷ്യനിൽ ദേഹം, ദേഹി, ആത്മാവ് എന്നിവ ഉള്ളതുപോലെ ദൈവം എന്ന ഏകനിൽ വചനവും പരിശുദ്ധാത്മാവും ആണുള്ളത്. ആലോചനയാകുന്ന **പിതാവാംദൈവം** പ്രവർത്തിയാകുന്ന വചനമെന്ന **പുത്രനാംദൈവം** ജീവനാകുന്ന **പരിശുദ്ധാത്മാവാംദൈവം** എന്ന ത്രിയേകദൈവത്തെയാണ് പുതിയനിയമത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നു വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്നത്.

ദൈവീകത്രിത്വത്തിന്റെ വ്യക്തമായ വെളിപ്പെടുത്തലുകൾ പഴയ-പുതിയനിയമങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതു മുഴുവൻ ഇവിടെ എഴുതി തെളിയിക്കുന്നില്ല. അവയിൽ സുപ്രധാനമായ ചില വെളിപ്പെടുത്തലുകളെക്കുറിച്ചു മാത്രമാണ് തുടർന്നു നാം ചിന്തിക്കുന്നത്. സംഖ്യാ പുസ്തകത്തിൽ മോശെ ദൈവീകത്രിത്വത്തെ വെളിപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

*യഹോവ നിന്നെ അനുഗ്രഹിച്ചു കാക്കുമാറാകട്ടെ, യഹോവ തിരുമുഖം നിന്റെമേൽ പ്രകാശിപ്പിച്ചു നിന്നോടു കൃപയുള്ളവനാകട്ടെ; യഹോവ തിരുമുഖം നിന്റെമേൽ ഉയർത്തി നിനക്ക് സമാധാനം നൽകുമാറാകട്ടെ. ഇങ്ങനെ അവർ യിസ്രായേൽ മക്കളുടെമേൽ എന്റെ നാമം വയ്ക്കണം; ഞാൻ അവരെ അനുഗ്രഹിക്കും (സംഖ്യ. 6:24 - 27).*

യഹോവ എന്ന ഏക നാമത്തിൽ അനുഗ്രഹത്തിന്റെ ദൈവമായ പിതാവിനെയും കൃപയുടെ കർത്താവായ യേശുക്രിസ്തുവിനെയും സമാധാനത്തിന്റെ ദൈവമായ പരിശുദ്ധാത്മാവിനെയുമാണ് വെളിപ്പെടുത്തിയിരിക്കുന്നത്. സ്വർഗ്ഗീയദൂതന്മാരുടെ ആരാധനയിലും ദൈവീകത്രിത്വത്തിന്റെ വെളിപ്പാടാണ് അവർ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് മൂന്നു പ്രാവശ്യം ആവർത്തിച്ച് ഘോഷിക്കുന്നതിൽനിന്നും വ്യക്തമാക്കപ്പെടുന്നത്. വെളിപ്പാട്പുസ്തകം എഴുതി അവസാനിപ്പിച്ചിരിക്കുന്നത് ദൈവീകത്രിത്വത്തെ വെളിപ്പെടുത്തിക്കൊണ്ടാണ്. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനവും അതിൽനിന്നും പുറപ്പെടുന്ന പളുങ്കുനദിയും യോഹന്നാൻ ദർശിച്ചത് ദൈവീകത്രിത്വത്തോടുള്ള ബന്ധത്തിലാകുന്നു.

യേശുക്രിസ്തു ദൈവമല്ല സൃഷ്ടിയാണെന്ന് പഠിപ്പിക്കുന്നവർ ചെയ്യുന്നത് ദൈവനിന്ദയാണ്. സർവ്വസൃഷ്ടിയുടെയും ആരംഭമായ ആമേൻ എന്നു യേശുക്രിസ്തുവിനെക്കുറിച്ച് വെളിപ്പാട്പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് അവൻ സൃഷ്ടി ആയതുകൊണ്ടല്ല; സർവ്വസൃഷ്ടിക്കും കാരണഭൂതനായതുകൊണ്ടാണ്. യേശു അരുളിച്ചെയ്തത് ഞാനും പിതാവും ഒന്നാകുന്നു എന്നാണ്. പിതാവ്, പുത്രൻ എന്നീ വാക്കുകൾ മാനുഷികരീതിയിൽ ചിന്തിക്കുന്നവരാണ് ദൈവത്തിന് മാതാവുണ്ടെന്നും ദൈവികത്രിത്വത്തിൽ വലിപ്പച്ചെറുപ്പമൊക്കെ ഉണ്ടെന്നു പഠിപ്പിക്കുന്നതും. ദൈവീകത്രിത്വത്തിലെ പിതാവ് എന്നതു സ്നേഹത്തെയും പുത്രൻ എന്നത് സ്നേഹത്തിൽ വ്യാപരിക്കുന്ന അനുസരണത്തെയുമാണ് വെളിപ്പെടുത്തുന്നത്. **ദൈവീക സ്നേഹമുള്ളിടത്ത് മാത്രമാണ് തികഞ്ഞ അനുസരണവും ഐക്യതയുമുള്ളത്**. ആലോചനയാകുന്ന പിതാവാംദൈവത്തിന്റെ ശബ്ദമാണ് പുത്രനാംദൈവം. ആത്മാവാംദൈവത്തിന്റെ ആലോചന, വചനമാംദൈവം അതേപടി പ്രവർത്തനപഥത്തിൽ കൊണ്ടു വരുകയാണ് ചെയ്യുന്നത്. പിതാവുപുത്ര

ബന്ധം തികഞ്ഞ ഐക്യതയിലാണ് പ്രവർത്തിക്കുന്നത്. പിതാവാംദൈവത്തിന്റെ ആലോചനയാൽ വചനമാംദൈവ ത്താൽ ഉളവാക്കപ്പെടുന്ന സൃഷ്ടികളുടെ നിയന്ത്രണവും പരി പാലനവുമാണ് പരിശുദ്ധാത്മാവാംദൈവം നിർവ്വഹിക്കുന്നത്. ഇതിൽനിന്നും **ഇവർ മൂവരും ഒന്നാകുന്നു** എന്നാണ് വ്യക്ത മാക്കപ്പെടുന്നത്.

യോഹന്നാൻ എഴുതിയ ഒന്നാം ലേഖനത്തിൽ ആത്മാവ്, ജലം, രക്തം എന്നീ മൂവരുണ്ടെന്നും അവർ മൂവരുടെയും സാക്ഷ്യം ഒന്നാകുന്നു എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്ന ത്. ആത്മാവാകുന്ന ആലോചന പിതാവാംദൈവത്തെയും ജല മാകുന്ന വചനം പുത്രനാംദൈവത്തെയും രക്തമാകുന്ന ജീവൻ പരിശുദ്ധാത്മാവിനെയുമാണ് പ്രതിനിധാനം ചെയ്യുന്നത് (എഫെ. 5:26, ലേവ്യ. 17:11–12). ദൈവീകത്രിത്വത്തിന്റെ മർമ്മം ചുരുക്കമായി പ്രസ്താവിച്ചാൽ അത് ആത്മാവാകുന്ന പിതാവാംദൈവം പുത്ര നാകുന്ന വചനത്താൽ സൃഷ്ടിക്കുന്നതിൽ വ്യാപരിക്കുന്ന ജീവ നാണ് പരിശുദ്ധാത്മാവാംദൈവം എന്നതാകുന്നു. അതിനാ ലാണ് യേശു ഇപ്രകാരം അരുളിച്ചെയ്തത്, ഞാൻ സംസാരി ക്കുന്ന വചനം ജീവനും ആത്മാവുമാകുന്നു എന്ന്. ഇതിൽ വച നം, ജീവൻ, ആത്മാവ് എന്ന ദൈവീകത്രിത്വത്തിന്റെ വെളിപ്പാ ടാണ് മറഞ്ഞിരിക്കുന്നത്.

പള്ളിപ്രമാണിയായ നിക്കോദേമൊസിനോട് നീ വെള്ള ത്താലും ആത്മാവിനാലും ജനിച്ചില്ലായെങ്കിൽ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നാണ് യേശു അരുളിച്ചെയ്തത്. ഇതിൽ നിന്നും വ്യക്തമാക്കപ്പെടുന്ന സന്ദേശം വചനമാകുന്ന ക്രിസ്തുവും ആത്മാവാകുന്ന പിതാവാംദൈവവും ഒരുവനിൽ പ്രവർത്തിക്കുമ്പോൾ അവനിൽ പരിശുദ്ധാത്മാവാകുന്ന നിത്യ ജീവൻ ഉളവാകുന്നു എന്നുള്ളതാണ്. യേശുക്രിസ്തു സത്യ ദൈവവും നിത്യജീവനും ആകുന്നു എന്ന വാക്യത്തിലും വ്യക്ത മാക്കപ്പെടുന്നത് ദൈവീകത്രിത്വമാണ്. രണ്ടായിരത്തിൽപ്പരം വർഷങ്ങൾക്കു മുമ്പ് വചനമാംദൈവം ജഡത്തിൽ പ്രത്യക്ഷ പ്പെട്ടതാണ് ക്രിസ്തുയേശു. പൂർണ്ണദൈവവും പൂർണ്ണമനുഷ്യ നുമായ യേശുവിന്റെ ശരീരം വചനത്താൽ ഉരുവായതും അവ നിലെ ആലോചനയുടെ ആത്മാവ് പിതാവാംദൈവത്തിന്റേതും അവനിൽ വ്യാപരിച്ചിരുന്ന ജീവനാകുന്ന രക്തം പരിശുദ്ധാ

ത്മാവാം ദൈവവുമായിരുന്നു. യേശുക്രിസ്തു എന്ന നാമത്തിൽ പിതാവാംദൈവവും പരിശുദ്ധാത്മാവാംദൈവവും ഉണ്ടെന്നുള്ള വിലയേറിയ മർമ്മമാണ് നമുക്കു ഇതിൽനിന്നും ലഭിക്കുന്നത്.

ദൈവീകത്രിത്വമെന്ന വിഷയം തിരുവചനത്തിൽ വിവിധ ഭാഗങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അത് എപ്പോഴും പ്രവർത്തനനിരതനായിരിക്കുന്ന ആലോചനയാകുന്ന പിതാവാംദൈവവും അതുപോലെ സദാ പ്രവർത്തിക്കുന്നവനും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്ന വചനമാകുന്ന കർത്താവായ യേശുക്രിസ്തുവും സർവ്വത്തെയും നിയന്ത്രിക്കുന്ന പരിശുദ്ധാത്മാവാംദൈവവും **ഒന്നാകുന്നു** എന്നുള്ളതാണ്. ഇതിൽനിന്നു വ്യക്തമാക്കപ്പെടുന്നത് രണ്ടായിരത്തിൽപ്പരം വർഷങ്ങൾക്കു മുമ്പ് മാനവരക്ഷയ്ക്കുവേണ്ടി മനുഷ്യവേഷത്തിൽ ഭൂമിയിൽ പ്രത്യക്ഷപ്പെട്ട യേശുക്രിസ്തു സൃഷ്ടിയല്ല; **സൃഷ്ടിതാവാംദൈവമാകുന്നു** എന്നുള്ളതാണ്. അവൻ കാലങ്ങൾക്ക് അതീതനായി സർവ്വത്തിനും മീതെ ദൈവമായി എന്നെന്നേക്കും വാഴ്ത്തപ്പെട്ടവനാകുന്നു എന്നുള്ളതാണ് സംശയരഹിതമായി തിരുവചനത്താൽ ഇതുവരെയുള്ള നമ്മുടെ പഠനത്തിൽ നിന്നു വ്യക്തമാക്കപ്പെട്ടത്.

മനുഷ്യസൃഷ്ടിക്ക് മുമ്പുതന്നെ ഭൂമിയിൽ പാപവും മരണവും ഉണ്ടായിരുന്നു. പാപം ഉളവായത് ഭൂമിയിൽ ദൈവം സൃഷ്ടിച്ച ആദിമമനുഷ്യനിലായിരുന്നില്ല, ആകാശത്തിലെ സൃഷ്ടിയായിരുന്ന ലൂസിഫറിലാണ് അത് ആദ്യം ഉടലെടുത്തത്. ആകാശത്തിലെ പ്രധാന സൃഷ്ടിയായിരുന്ന ലൂസിഫറിനെ ദൈവം സൃഷ്ടിച്ചത് നവരത്നങ്ങൾ കൊണ്ടായിരുന്നു. അവനെ ദൈവം ഇരുത്തിയിരുന്നത് സമാഗമ പർവ്വതത്തിലായിരുന്നു. അരുണോദയപുത്രനായ ശുക്രൻ എന്ന പേരിലറിയപ്പെട്ടിരുന്ന ലൂസിഫർ ചിറകു വിടർത്തി മറെക്കുന്ന കെരൂബായിരുന്നു. അവൻ സൗന്ദര്യസമ്പൂർണ്ണനായിരുന്നു. തേജസ്സുണ്ടായിരുന്ന സൃഷ്ടിയായ ലൂസഫറിന്റെ നടപ്പിൽ ദോഷം സംഭവിക്കുന്നതുവരെ അവൻ നിഷ്കളങ്കനായിരുന്നു (യെഹ. 28:12-17). ആകാശത്തിലെ സൃഷ്ടികളാകുന്ന ദൂതന്മാരെ ദേവന്മാർ അഥവാ അത്യുന്നതന്റെ പുത്രന്മാർ എന്ന പേരിലാണ് അറിയപ്പെടുന്നത് (സങ്കീ. 82:6). ദൈവം ഭൂമിക്ക് അടിസ്ഥാനമിട്ടപ്പോൾ ആർത്തുല്ലസിച്ചത്

ദേവന്മാർ എന്ന പേരിലറിയപ്പെട്ടിരുന്ന അത്യുന്നതന്റെ പുത്രന്മാരാണ്. അരുണോദയപുത്രനായ ശുക്രനെന്ന ലൂസിഫറായിരുന്നു ആകാശസൃഷ്ടികളുടെ തലവൻ. അവനിലാണ് പാപം ഉടലെടുത്തത്. അതു മുഖാന്തരം അവന്റെ തേജസ്സ് നഷ്ടപ്പെടുകയും അവൻ മരണമാകുന്ന ഇരുളായിത്തീരുകയും ചെയ്തു. അവനോട് ചേരുന്ന ദൂതന്മാരാണ് അന്ധകാരസൈന്യമായിത്തീരുന്നത്.

സ്വർഗ്ഗീയപിതാവാം ദൈവത്തിന്റെ സിംഹാസനമിരിക്കുന്ന സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ ആയിരുന്നില്ല ലൂസിഫറും സംഘവും വസിച്ചിരുന്നത്. അവർ സ്വർഗ്ഗമാകുന്ന ആകാശത്തിലെ സൃഷ്ടികളായിരുന്നു. ഭൂമിയിൽ ദൈവം സൃഷ്ടിച്ച മനുഷ്യനോടൊപ്പം ഏദെനിൽ ദൈവത്തിന് ഉണ്ടായിരുന്ന കൂടിവരവുപോലെ ആകാശത്തിലെ ഏദെനിലും ദൈവത്തിന് അവിടുത്തെ സൃഷ്ടികളോടൊപ്പം കൂടിവരവുണ്ട്. അത് ഇപ്പോഴും നിർബാധം തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഒരു കൂട്ടർ തെറ്റിപ്പോകുന്നതുകൊണ്ട് അസ്തമിക്കുന്നതല്ല ദൈവീകപദ്ധതികൾ.

ദൈവം തന്റെ ദാസന്മാരോട് അറിയിക്കാതെ ഒരു കാര്യവും ചെയ്യുകയില്ല. മനുഷ്യന്റെ ഉല്പത്തിക്കു മുമ്പ് ഭൂമിയെക്കുറിച്ചും അവിടെ സൃഷ്ടിക്കുവാൻ പോകുന്ന ദൈവസ്വരൂപസദൃശമായ മനുഷ്യരെക്കുറിച്ചും അവർ ദൈവത്തിന്റെ സ്വർഗ്ഗീയസിംഹാസനത്തിൽ ഇരിക്കുമെന്നുള്ള ഭാവികാല സംഭവങ്ങളെക്കുറിച്ച് സ്വർഗ്ഗത്തിലെ സൃഷ്ടികളോട് ദൈവം അറിയിച്ചിരുന്നു. ഈ അറിവാണ് ലൂസിഫറിനെ അഹങ്കാരിയാക്കിയത്. തേജസ്സിന്റെ പുത്രന്മാർ അവിടെ പ്രവേശിക്കുന്നതിനു മുമ്പ് ഏതു വിധേനയും സ്വർഗ്ഗീയസിംഹാസനത്തിൽ കയറുവാനുള്ള അവന്റെ നിഗളമാണ് അവനിൽ പാപവും മരണവും ഉടലെടുക്കുവാൻ കാരണമായത്. സകല സൃഷ്ടികളുടെയും നിരൂപണങ്ങൾ ദൂരത്തുനിന്നു ഗ്രഹിക്കുന്ന സർവ്വശക്തനായ ദൈവം സാത്താനിൽ അങ്കുരിച്ച നിഗളമനോഭാവം ഗ്രഹിച്ച് ആകാശമാകുന്ന സ്വർഗ്ഗത്തിൽനിന്ന് വചനമാകുന്ന തന്റെ വാൾകൊണ്ട് വെട്ടി അവനെ താഴേക്ക് ഇട്ടു. അവനും അവനോടു ചേർന്നവരും ദൈവം മനോഹരമായി സൃഷ്ടിച്ചിരുന്ന ഭൂമിയിലേക്ക് ഇരുളിന്റെ ശക്തിയായി ആർത്തലച്ചു വീണതു നിമിത്തം ഉണ്ടായ വലിയ പ്രഹരമാണ് ഭൂമി പാഴും ശൂന്യവും ആയിത്തീരുവാനും വലിയ

ആഴം അഥവാ ഗർത്തം ഉളവാകുവാനും ഇടയായത്. അന്ന് ലൂസിഫറിനോടുകൂടി പാപം ചെയ്ത ദൂതന്മാരെ ദൈവം അപ്പോൾതന്നെ അന്ധതമസ്സിന്റെ ചങ്ങലയ്ക്ക് നരകത്തിലിടുകയും ഇരുളാകുന്ന മരണത്തെ ആഴത്തിൽ ആക്കുകയും ചെയ്തു. അതിനു മീതെ ദൈവം വെള്ളംകൊണ്ട് മൂടുകയും ദൈവത്തിന്റെ ആത്മാവ് അതിന്മേൽ പരിവർത്തിക്കുകയുമാണ് ചെയ്തുകൊണ്ടിരുന്നത്. ഇതാണ് ഉല്പത്തിപുസ്തകം ഒന്നാം അദ്ധ്യായത്തിലെ പ്രാരംഭവാക്യങ്ങളിൽ മറഞ്ഞിരിക്കുന്ന മർമ്മം.

ആദിമമനുഷ്യനോട് പാപം ചെയ്താൽ മരിക്കുമെന്ന് ദൈവം മുൻകൂട്ടി അറിയിച്ചിരുന്നു. അതുപോലെ ആകാശസൃഷ്ടികളോടും പാപത്തിന്റെ അനന്തരഫലം അഗ്നിനരകമാകുന്ന നിത്യമരണമാണെന്ന് ദൈവം അരുളിച്ചെയ്തിരുന്നു. ഭൂമിക്ക് അടിസ്ഥാനമിട്ടപ്പോൾ സന്തോഷിച്ചാർത്ത ആകാശത്തിലെ സൃഷ്ടിയായിരുന്ന ലൂസിഫറിലും അവനോട് ചേർന്ന ദുഷ്ടദൂതന്മാരിലും നിഗളവും പാപവും മരണവും ഉടലെടുത്തതോടെയാണ് ദൈവീകപദ്ധതിയിൽനിന്ന് അവർ എന്നെന്നേക്കുമായി തള്ളപ്പെട്ടുപോയത്. അതാണ് ലോകസ്ഥാപനത്തിന് മുമ്പുണ്ടായ **ഒന്നാമത്തെ മരണം**. മരണമാകുന്ന ഇരുളിന്റെ അധികാരിയായ പിശാചിൽ വ്യാപരിക്കുന്ന അനുസരണക്കേടിന്റെ അനന്തരഫലമാകുന്ന മരണത്തെക്കുറിച്ചാണ് ആദിമമനുഷ്യനോട് ദൈവം അരുളിച്ചെയ്തിരുന്നത്.

മനുഷ്യവാസത്തിനു വേണ്ടി സൃഷ്ടിച്ച ഭൂമിയുടെ ശൂന്യത മാറ്റി അതിനെ എന്തിനുവേണ്ടി ദൈവം സൃഷ്ടിച്ചുവോ അതിനായി പ്രപഞ്ചത്തെ നവീകരിച്ചെടുക്കുന്നതിനെക്കുറിച്ചാണ് അഞ്ചു ദിവസങ്ങളിലെ സൃഷ്ടിയോടുള്ള ബന്ധത്തിൽ ഉല്പത്തിപുസ്തകത്തിൽ തുടർന്ന് പ്രസ്താവിച്ചിരിക്കുന്നത്. അതിനുശേഷം ആറാം ദിവസമാണ് ദൈവീകത്രിത്വം തന്റെ സ്വരൂപ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിപ്പാനായി ഭൂമിയിലേക്ക് ഇറങ്ങിവന്നത്. ദൈവത്തിന്റെ പാദസ്പർശം ഏറ്റ അതിപാപനമായ സ്ഥലം ഭൂമിയുടെ മദ്ധ്യഭാഗമാകുന്ന ഇപ്പോഴത്തെ **യെരുശലേം** സ്ഥിതി ചെയ്യുന്ന സ്ഥലമായിരുന്നു. **അവിടുത്തെ മണ്ണിൽ നിന്നുമാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചെടുത്തത്**. അതിനാലാണ് മനുഷ്യനോടുള്ള സകല കാര്യങ്ങൾക്കും യെരുശലേം സുപ്രധാന കേന്ദ്രമായിരിക്കുന്നത്. മനുഷ്യലോപ്ത്തി, മാനവരക്ഷ, വരുവാ

നുള്ള മഹാരാജാവായ ക്രിസ്തുവിന്റെ ഭരണം എന്നിവയെല്ലാം യെരുശലേം എന്ന സ്ഥലത്തോട് ബന്ധപ്പെട്ടാണിരിക്കുന്നത്.

ഭൂമിയുടെ മദ്ധ്യഭാഗത്ത് ദൈവം മനുഷ്യനെ സൃഷ്ടിച്ചതിനു ശേഷമാണ് കിഴക്ക് ഏദെനെന്ന തോട്ടം ഉണ്ടാക്കി അവനെ പാർപ്പിച്ചത്. അവിടെവച്ചാണ് ആദാമിൽ നിന്നു ഹവ്വായെ ദൈവം സൃഷ്ടിച്ചത്. ഏദെൻതോട്ടത്തിന്റെ ഏകദേശസ്ഥാനം അതിലൂടെ ഒഴുകിയിരുന്ന നദികളുടെ സ്ഥാനനിർണ്ണയത്തിൽ നിന്നും നമുക്ക് കണ്ടെത്തുവാൻ സാധിക്കും. ഏദെനിലൂടെ ഒഴുകിയിരുന്ന നദികളായ **ഫ്രാത്ത്, ഹിദ്ദേക്കെൽ** എന്നിവ ഒഴുകുന്ന പ്രദേശം യെരുശലേമിനു കിഴക്കായി സ്ഥിതിചെയ്യുന്ന ബാബേലിലാണ്. അതിൽനിന്നുമാണ് ബാബേലിന് പടിഞ്ഞാറു ഭാഗത്തായിട്ടുള്ള ഇപ്പോഴത്തെ യെരുശലേമിലെ മണ്ണിൽനിന്നും ആദിമ മനുഷ്യനെ സൃഷ്ടിച്ചു എന്ന് ഇവിടെ സമർത്ഥിച്ചിരിക്കുന്നത്.

ആകാശത്തിലെ ദൈവത്തിന്റെ തോട്ടമായ ഏദെനിൽ സൃഷ്ടി, സൃഷ്ടിതാവാം ദൈവത്തോട് നേരിട്ട് മത്സരിക്കുകയായിരുന്നുവെങ്കിൽ ഭൂമിയിലെ ഏദെനിൽ ഇരുളായിത്തീർന്ന സൃഷ്ടി, ദൈവസൃഷ്ടിയായ മനുഷ്യനെ വഞ്ചിക്കുകയാണ് ചെയ്തത്. ലൂസിഫറിൽ സ്വയം പാപം ഉടലെടുത്തതുകൊണ്ടാണ് അവനും അവന്റെ സംഘത്തിനും ഒരിക്കലും ക്ഷമ കിട്ടാതെ നിത്യനാശത്തിനു യോഗ്യരായിത്തീർന്നത്. മനുഷ്യരിൽ സ്വയം പാപം ഉടലെടുത്തതല്ല അവർ പിശാചിനാൽ വഞ്ചിക്കപ്പെട്ടതായതുകൊണ്ടാണ് ദൈവം മനുഷ്യർക്ക് വീണ്ടെടുപ്പിനുള്ള രക്ഷാപദ്ധതി ഒരുക്കിയത്. പാപാനന്തരം മനുഷ്യനെ ശപിക്കപ്പെട്ടവനായിട്ടല്ല ഏദെനിൽ നിന്നും ദൈവം പുറത്താക്കിയത്, മനുഷ്യർക്ക് രക്ഷപ്പെട്ടു മടങ്ങിവരുവാനുള്ള സ്വർഗ്ഗീയവാഗ്ദത്തം നല്കിയാണ് അവരെ അവിടെനിന്നും പുറത്താക്കിയത്.

ഒന്നാം മനുഷ്യൻ മണ്ണുകൊണ്ടുള്ളവനായിരുന്നുവെങ്കിൽ ഒടുക്കത്തെ ആദാം സ്വർഗ്ഗീയനാണ്. ദൈവപുത്രന്റെ നിഴലായിട്ടാണ് മല്ക്കീസേദെക്ക് അബ്രഹാമിന് പ്രത്യക്ഷപ്പെട്ടത്. മല്ക്കീസേദെക്കിന് പിതാവില്ല, മാതാവില്ല, വംശാവലിയില്ല, ജീവാരംഭവും ജീവാവസാനവും ഇല്ല. അവൻ ദൈവപുത്രന് തുല്യനായി എന്നേയ്ക്കും പുരോഹിതനായിട്ടിരിക്കുന്നു. നിഴലായി പ്രത്യക്ഷപ്പെട്ടവനെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്നതിന്റെ പൊരുൾ യേശുക്രിസ്തുവിലാണ് നമുക്ക് സമ്പൂർണ്ണമായി

ദർശിപ്പാൻ സാധിക്കുന്നത്. യേശുക്രിസ്തുവിലാണ് മനുഷ്യത്വവും ദൈവത്വവും അതിന്റെ പൂർണ്ണതയിൽ സമ്മേളിച്ചിരിക്കുന്നത്. അവൻ ഭൂമിയിലായിരുന്നപ്പോൾ പൂർണ്ണമനുഷ്യനും പൂർണ്ണദൈവവുമായിരുന്നു.

യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തോടുള്ള ബന്ധത്തിൽ അവന് മാതാവുണ്ട്, വംശാവലിയുണ്ട്, ആരംഭവും അവസാനവുമുണ്ട് എന്നാൽ അവന് **പിതാവില്ല**. യേശുവിന്റെ ദൈവത്വത്തോടുള്ള ബന്ധത്തിൽ അവന് **പിതാവുണ്ട്**, എന്നാൽ മാതാവില്ല, വംശാവലിയില്ല, ആരംഭവും അവസാനവുമില്ല. മല്ക്കീസേദെക്ക് ദൈവപുത്രന് തുല്യനായിരുന്നുവെങ്കിൽ പൊരുളായി പിറന്ന **ക്രിസ്തുയേശു** സാക്ഷാൽ ദൈവപുത്രനാണ്. കർത്താവ് ഭൂമിയിൽ ആയിരുന്നപ്പോൾ വെളിപ്പെടുത്തിയ ബന്ധം സ്വർഗ്ഗീയ ബന്ധമായിരുന്നു. അതു നിത്യതയുടെ ദൈവീകബന്ധമാണ്. **ഞാനും പിതാവും** ഒന്നാകുന്നു എന്നാണ് യേശു അരുളിച്ചെയ്തത്, അതല്ലാതെ **ഞാനും മാതാവും** ഒന്നാകുന്നു എന്ന് യേശു ഒരിടത്തും അരുളിച്ചെയ്തിട്ടില്ല. സൃഷ്ടിതാവായ യേശുവിനോട് സൃഷ്ടിയായ മറിയയെ ഒരുനാളും തുലനം ചെയ്യുവാൻ കഴിയുകയില്ല എന്നതാണ് ഇതിൽനിന്നും സ്പഷ്ടമാക്കപ്പെടുന്നത്. മാനവകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി കന്യകയിൽ ഭൂജാതനായ യേശുക്രിസ്തു സൃഷ്ടി ആയിരുന്നില്ല; **സൃഷ്ടിതാവാംദൈവം** ആകുന്നു.

ലോകരക്ഷകനായ യേശുവിന്റെ അമ്മ മറിയ ബഹുമാനത്തിന് യോഗ്യയാണ്. സൃഷ്ടി ആയതുകൊണ്ട് സ്തുതി ബഹുമാന പുകഴ്ചകൾക്കും ആരാധനയ്ക്കും യോഗ്യയല്ല. യേശുവിന്റെ ജനനത്തിൽ അവൻ സ്വർഗ്ഗീയപിതാവാം ദൈവത്തിന്റെ ഏകജാതനായിരുന്നുവെങ്കിൽ മറിയയുടെ ആദ്യജാതനായിരുന്നു. അതിന്റെ അർത്ഥം മറിയയ്ക്ക് യോസഫിലൂടെയുള്ള ദാമ്പത്യജീവിതത്തിൽ പിന്നീട് മക്കൾ ജനിച്ചു എന്നാണ്. സ്വർഗീയപിതാവാം ദൈവത്തിന് **ഏകജാതനായ പുത്രൻ** യേശു എന്ന ഒരുവൻ മാത്രമേയുള്ളൂ, അവനെപ്പോലെ ആരും ജനിച്ചിട്ടില്ല, ഇനി ജനിക്കുകയുമില്ല.

ക്രിസ്തുയേശു ജനനത്തിൽ പിതാവാം ദൈവത്തിന്റെ ഏകജാതനായിരുന്നുവെങ്കിൽ, മരണപുനരുത്ഥാനത്തിൽ പിതാവാം ദൈവത്തിന്റെ ഏകജാതനല്ല, **ആദ്യജാതനാണ്**. യേശുവിനെ

പ്പോലെ അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുക എന്ന ലക്ഷ്യപ്രാപ്തിക്കു വേണ്ടിയാണ് പിതാവാംദൈവം കാൽവറിയിൽ അവനെ തകർത്തുകളഞ്ഞത്. അവൻ കല്ലറയിൽ അടക്കപ്പെടുകയും മൂന്നാംനാളിൽ ഉയിർത്തെഴുന്നേറ്റ് മരിച്ചവരുടെ ഇടയിൽനിന്നുള്ള പുനരുത്ഥാനത്തിൽ ആദ്യജാതനായിത്തീരുകയും ചെയ്തു. പുതിയനിയമ ദൈവസഭയുടെ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം ക്രിസ്തുവിനോട് സദൃശ്യന്മാരാകുന്നവരെ ഭൂമിയിൽനിന്ന് സൃഷ്ടിച്ചെടുക്കുക എന്നുള്ളതാണ്. അതാണ് പരിശുദ്ധാത്മാവാംദൈവം കഴിഞ്ഞ രണ്ടായിരത്തിൽപ്പരം വർഷങ്ങളായി ഭൂമിയിൽ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്.

കർത്താവായ യേശുക്രിസ്തു സകല സൃഷ്ടിക്കും കാരണഭൂതനും മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റവനും ആരാധിപ്പാൻ യോഗ്യനുമാകുന്നു. ദൃശ്യമാകട്ടെ അദൃശ്യമാകട്ടെ സകലവും അവൻ മുഖാന്തരം ഉളവായി, അവനെ കൂടാതെ ഒന്നും ഉളവായിട്ടുമില്ല. ഈ സൃഷ്ടിയിൽ ഉൾപ്പെടാത്ത തികവാകുന്ന അവന്റെ ശരീരമാകുന്ന സഭയെ സൃഷ്ടിച്ചെടുക്കുന്ന സൃഷ്ടിതാവും അവൻ തന്നെ. അതിനാൽ വചനമാകുന്ന ദൈവം മനുഷ്യവേഷത്തിൽ പ്രത്യക്ഷപ്പെട്ട സൃഷ്ടിതാവാംദൈവം ആകുന്നു, അവനാണ് നമ്മെ സൃഷ്ടിച്ചത്. അതുകൊണ്ടാണ് തെറ്റിപ്പോയ മാനവരാശിയെ രക്ഷിപ്പാൻ ലോകത്തിൽ വന്നപ്പോൾ അവൻ മനുഷ്യസദൃശ്യൻ ആയിത്തീർന്നത്. അതെക്കുറിച്ചാണ് തുടർന്ന് 'രക്ഷിതാവ്' എന്ന അടുത്ത അദ്ധ്യായത്തിൽ നാം ചിന്തിക്കുന്നത്.

### അദ്ധ്യായം 2

# ലോകരക്ഷിതാവ്

*ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ; ആ പാപികളിൽ ഞാൻ ഒന്നാമൻ (1 തിമൊ. 1:15).*

കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ചത് സൃഷ്ടിതാവാം ദൈവത്തെക്കുറിച്ചായിരുന്നുവെങ്കിൽ തുടർന്ന് ഈ അദ്ധ്യായത്തിൽ ചിന്തിക്കുന്നത് ലോകരക്ഷിതാവായി മനുഷ്യവേഷത്തിൽ ഭൂമിയിൽ പ്രത്യക്ഷനായ സാക്ഷാൽ യേശുക്രിസ്തുവിനെക്കുറിച്ചാണ്. ദൈവസൃഷ്ടിയുടെ മകുടമായ മനുഷ്യന് എന്തുസംഭവിച്ചുവെന്നും അവൻ എങ്ങനെ പാപത്തിന് അടിമപ്പെട്ടു എന്നതിനെക്കുറിച്ചുമുള്ള വ്യക്തമായ തിരുവചനതെളിവുകളുണ്ട്. ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും സകല മനുഷ്യരിലും പരക്കുവാൻ ഇടയായിത്തീർന്നു. തേജസ്സു നഷ്ടപ്പെട്ട് ഏദെൻ തോട്ടത്തിൽനിന്നു പുറത്താക്കപ്പെട്ട മനുഷ്യരുടെ വംശവർദ്ധനവ് ഭൂമിയിൽ വളരെ വേഗത്തിലാണ് സംഭവിച്ചത്. ഏദെനിൽ എത്രനാൾ മനുഷ്യൻ തേജസ്സിന്റെ അധികാരത്തോടെ വാണു എന്നതിന്റെ കാലദൈർഘ്യം അറിവില്ല. എന്നാൽ അവിടെ അവർക്ക് വംശവർദ്ധനവ് ഉണ്ടായിരുന്നില്ല എന്നതിന്റെ വ്യക്തതയുണ്ട്. അതിൽ ഒന്ന് മനുഷ്യർ ഏദെൻതോട്ടത്തിലല്ല, ഭൂമിയിൽ വർദ്ധിച്ചു പെരുകുവാനാണ് ദൈവം കല്പിച്ചിരുന്നത് എന്നുള്ളതാണ്. പാപാനന്തരം ശപിക്കപ്പെട്ട ഭൂമിയിൽവെച്ചാണ് ഹവ്വാ കയീനെ പ്രസവിച്ചത്. മറ്റൊന്ന് വരുവാനുള്ള ലോകത്തിലെ പുതുവാനഭൂമിയിൽ നിത്യജീവനിലേക്ക് പ്രവേശിക്കപ്പെടുന്ന ഭൗമതേജസ്സു പ്രാപിക്കുന്ന ദൂതതുല്യരാകുന്ന മനുഷ്യജാതിക്ക് വംശവർദ്ധനവ് ഉണ്ടാകുന്നില്ല എന്നുള്ളതാണ്. ഇതിൽനിന്നും ആദിമമനുഷ്യരുടെ നിത്യജീവൻ നഷ്ടപ്പെടുന്നതുവരെ അവർക്കും വംശവർദ്ധനവ് ഉണ്ടായിരുന്നില്ല എന്നതാണ് വ്യക്തമാക്കപ്പെടുന്നത്.

ജീവനാകുന്ന വെളിച്ചത്തിനും മരണമാകുന്ന ഇരുളിനും മദ്ധ്യത്തിലായിരുന്നു ഇച്ഛാശക്തിയുള്ള മനുഷ്യസൃഷ്ടി, നിത്യജീവനിൽ തുടരുകയോ, അതല്ല അതിനെ ഉപേക്ഷിച്ചു നിത്യ മരണത്തെ തിരഞ്ഞെടുക്കുന്നതിനോ ഉള്ള സ്വാതന്ത്ര്യമാണ് ദൈവം മനുഷ്യർക്ക് നല്കിയിരിക്കുന്നത്. ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും എന്ന പഴയ പാമ്പ് വഞ്ചനയിലൂടെ വരുവാനുള്ളവന്റെ പ്രതിമയും തേജസ്സുമായിരുന്ന ആദാമിന്റെ ഭാര്യയായ ഹവ്വായെ വഞ്ചിച്ച് പാപത്തിനും മരണത്തിനും അടിമയാക്കി. ദൈവത്തിന്റെ തേജസ്സായിരുന്ന ആദാമിനെ നേരിട്ടു പരാജയപ്പെടുത്തുവാൻ സാത്താന് ഒരു നാളും കഴിയുമായിരുന്നില്ല. അതുകൊണ്ടാണ് തന്ത്രശാലിയായ സാത്താൻ പുരുഷന്റെ തേജസ്സായിരുന്ന ഹവ്വായെ വശീകരിച്ച് പാപമാകുന്ന അനുസരണക്കേടിൽ അകപ്പെടുത്തിയത്. അത് ആദാമിലും വ്യാപരിക്കുവാൻ ഇടയായത് അവൻ ഹവ്വയെ ജീവനു തുല്യം സ്നേഹിച്ചതുകൊണ്ട് അവളെ അനുസരിക്കുകയും അവൻ അറിഞ്ഞുകൊണ്ടുതന്നെ വിലക്കപ്പെട്ട കനി ഭക്ഷിച്ച് അവളെപ്പോലെ ആയിത്തീരുകയുമാണ് ചെയ്തത്. അങ്ങനെ അവർ ഇരുവരും പാപത്തിനും മരണത്തിനും അടിമപ്പെടുകയും ദൈവതേജസ്സും അധികാരവും നഷ്ടപ്പെട്ടവരായി ഏദെനിൽനിന്നു പുറത്താക്കപ്പെടുകയും ചെയ്തു.

മനുഷ്യസൃഷ്ടിയെ പാപത്തിന് അടിമപ്പെടുത്തിയത് സാത്താന്റെ താല്ക്കാലിക വിജയം മാത്രമായിരുന്നു. ദൈവം ഏദെനിൽനിന്നും ആദിമമനുഷ്യരെ ഇറക്കിവിട്ടത് അവരുടെ വിടുതലിന്റെ സന്ദേശം പ്രഖ്യാപിച്ചുകൊണ്ടായിരുന്നു. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ തകർക്കും എന്ന ദൈവീകപ്രവചനത്തിൽനിന്നു സാത്താൻ തിരിച്ചറിഞ്ഞത് ഒരുനാൾ അവന്റെ തല തകർക്കപ്പെടുമെന്നുള്ളതായിരുന്നു. അന്നുമുതൽ അതു സംഭവിക്കാതിരിക്കുവാനുള്ള പദ്ധതികളെ സാത്താൻ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും കാൽവറി ക്രൂശിൽവെച്ച് യേശു അവന്റെ തലയെ തകർത്ത് മാനവരക്ഷയുടെ സ്വർഗ്ഗീയപദ്ധതിക്ക് ആരംഭം കുറിച്ചു.

തേജസ്സ് നഷ്ടപ്പെട്ടുപോയ ആദിമമനുഷ്യർക്ക് ജനിച്ച കയീൻ ദുഷ്ടനിൽനിന്നു ഉളവായി എന്നതിന്റെ അർത്ഥം ആത്മീകമരണത്തിന് അടിമപ്പെട്ട പുരുഷനും സ്ത്രീക്കും ജനിച്ച സന്തതി

യെന്നാണ്. അതിവേദനയോടെ കയീനെ പ്രസവിച്ച ഹവ്വയുടെ കഷ്ടതയ്ക്ക് ദൃക്സാക്ഷിയായിരുന്നു ആദാം. അത് അവരുടെ ദൈവത്തിങ്കലേക്കുള്ള മടങ്ങിവരവിന് കാരണമായിത്തീർന്നു. വേദന എവിടെ ഉളവാകുന്നുവോ അവിടെയാണ് ദൈവമേ! എന്ന നിലവിളി ഉയരുന്നത്. അതുനിമിത്തം ദൈവത്തെ പ്രസാദിപ്പിപ്പാൻ ആദിമമനുഷ്യർ പരിശ്രമിക്കുകയും ആയതിൽ അവർ വിജയിക്കുകയും ചെയ്തു. അതുകൊണ്ട് കയീൻ ജനിച്ചതിൽനിന്നും വ്യത്യസ്ഥമായ പശ്ചാത്തലത്തിലായിരുന്നു ഹാബെൽ ജനിച്ചത്. സൃഷ്ടിതാവാംദൈവത്തെ പ്രസാദിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവർ പിൻതലമുറയോട് അറിയിച്ചിരുന്നു. അതിൽ ഹാബെൽ നീതിയുടെ മാർഗത്തിൽ സഞ്ചരിച്ച് വിജയിച്ചപ്പോൾ കയീൻ ദുഷ്ടതയുടെ മാർഗത്തിൽ സഞ്ചരിച്ച് പരാജയപ്പെടുകയാണ് ചെയ്തത്.

ഹാബെൽ സ്വമനസ്സാൽ ദൈവത്തിനു പ്രസാദമായ യാഗം അർപ്പിച്ചപ്പോൾ കയീൻ നിർബ്ബന്ധത്തിന് വഴങ്ങി നടത്തിയ യാഗത്തിൽ ദൈവത്തിന് പ്രസാദമില്ലായിരുന്നു. മൂഢന്റെ യാഗം യഹോവയ്ക്ക് വെറുപ്പാകുന്നു. വിശ്വാസത്താൽ ഉത്തമമായ യാഗം അർപ്പിച്ച ഹാബെലിനെ ദൈവം നീതികരിച്ചു. ജീവപുസ്തകത്തിൽ വീണ്ടും അവന്റെ പേർ എഴുതപ്പെട്ടു. അതിനുശേഷമാണ് അവൻ സ്വന്തസഹോദരനാൽ വധിക്കപ്പെട്ടത്. ജഡമരണത്താൽ പ്രാണനെ വെടിഞ്ഞവരിൽ ഒന്നാമനായ ഹാബെലിന്റെ ആത്മാവ് ദൈവത്തിന്റെ കരങ്ങളിലേക്കാണ് എത്തിച്ചേർന്നത്. നീതിമാനായ ഹാബെലിനു മുമ്പ് ദുഷ്ടനായ കയീനാണ് മരിച്ചതെങ്കിൽ അവന്റെ പ്രാണൻ ദുഷ്ടനായ സാത്തനോടു ചേരുമായിരുന്നു. ലോകാരംഭത്തിങ്കൽ അപ്രകാരം സംഭവിക്കാതിരിപ്പാനാണ് നീതിമാനായ ഹാബെൽ പ്രാണനെ വെടിഞ്ഞവരിൽ ഒന്നാമനായിത്തീരുവാൻ ദൈവം അനുവദിച്ചത്.

മനുഷ്യവംശത്തിന്റെ വർദ്ധനയുടെ മുഴുവൻ ചരിത്രവും എഴുതുക ആയാസകരമാണ്. അതിനാൽ വിശുദ്ധ തിരുവെഴുത്തിൽ സുപ്രധാന സംഭവങ്ങളെയും വ്യക്തികളെയും കുറിച്ചു മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആദാം ഹവ്വാ ദമ്പതിമാർക്ക് അനേകം ആൺമക്കളും പെൺമക്കളും ഉണ്ടാവുകയും അവരുടെ സന്താനങ്ങൾ വർദ്ധിച്ചു പെരുകുകയുമാണ് ചെയ്തത്. മനുഷ്യർ ലോകത്തിൽ പെരുകിയതുപോലെ പാപവും ലോകത്തിൽ

വർദ്ധിച്ച് ഏറ്റവും പെരുകി. ഭൂമിയിൽ വഷളത്വം പ്രബലപ്പെട്ട് പെരുകിയെങ്കിലും മറുഭാഗത്ത് ഏനോശിന്റെ കാലത്തു യഹോവയുടെ നാമത്തിലുള്ള ആരാധനയും ആരംഭിച്ചു. ഭൂമിയിൽ ബഹുഭൂരിപക്ഷം ദൈവത്തിൽനിന്നു അകന്ന് പാപം ചെയ്തു വഷളത്വത്തിൽ അകപ്പെട്ടപ്പോൾ ദൈവീകസാക്ഷ്യത്തിനുവേണ്ടി നിലകൊണ്ടത് ഒരു ചെറിയ വിഭാഗം മാത്രമായിരുന്നു. പുരാതനലോകത്തിന്റെ നാശത്തിനു മുമ്പ് നോഹയുടെ കുടുംബത്തിലെ **എട്ടുപേർ** മാത്രമാണ് ദൈവത്തിൽ വിശ്വസിച്ച് ന്യായവിധിയിൽ അകപ്പെടാതെ അന്നു രക്ഷപ്പെട്ടത്.

പുരാതനലോകത്ത് സംഭവിച്ച ആത്മീകഅധഃപതനത്തിന്റെയും വഷളത്വത്തിന്റെയും പ്രധാന കാരണം തന്ത്രശാലിയായ സാത്താൻ ആകാശസൃഷ്ടിയായ ദൂതന്മാരിൽ ചിലരെ വശീകരിച്ച് ഭൂമിയിൽ മനുഷ്യസ്ത്രീകളുമായി നടത്തിയ പ്രകൃതിവിരുദ്ധ പ്രവർത്തികളായിരുന്നു. ദൈവസൃഷ്ടിയുടെ ഉദ്ദേശത്തെ തകിടംമറിച്ച് ദുഷ്ടദൂത–മനുഷ്യസംഗമത്തിലൂടെ ദൂതനോ മനുഷ്യരോ അല്ലാത്ത സങ്കരവർഗ്ഗത്തെ ജനിപ്പിക്കുക എന്ന ഹീനപ്രവർത്തിയാണ് സാത്താൻ ഭൂമിയിൽ ചെയ്തത്. സൗന്ദര്യമുള്ള സ്ത്രീകളിൽ ദുഷ്ടദൂതന്മാർ ആകർഷിച്ചുണ്ടായ തലമുറ ലോകത്തിൽ പെരുകിത്തുടങ്ങിയപ്പോൾ അതിനു വിരാമം ഇടുന്നതിനുവേണ്ടിയാണ് ദൈവം ഭൂമിയെ വെള്ളം കൊണ്ട് ന്യായംവിധിച്ചത്. പ്രളയാനന്തരഭൂമിയിൽ അത്തരം പ്രവണത ആവർത്തിക്കാതിരിക്കുവാൻ ദൈവം പ്രകൃതിക്ക് മാറ്റം വരുത്തുകയും അന്നു പാപം ചെയ്ത ദൂതന്മാരെ അന്ധകാരത്തിന്റെ ചങ്ങലക്കിടുകയും ചെയ്തു. അതിനെക്കുറിച്ചാണ് യൂദായുടെ ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

> *തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാ ദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ടു അന്ധകാരത്തിൻകീഴിൽ സൂക്ഷിച്ചിരിക്കുന്നു. അതുപോലെ സൊദോമും ഗൊമോറായും ചുറ്റുമുള്ള പട്ടണങ്ങളും അവർക്കു സമമായി ദുർന്നടപ്പ് ആചരിച്ച് അന്യജഢം മോഹിച്ചു നടന്നതിനാൽ നിത്യാഗ്നിയുടെ ശിക്ഷാവിധി സഹിച്ചുകൊണ്ടു ദൃഷ്ടാന്തമായി കിടക്കുന്നു (യൂദാ :6 - 7).*

സ്വന്തം വാസസ്ഥലം വിട്ടുപോന്ന ദുഷ്ടദുതന്മാർക്കു സമമായിട്ടുള്ള പാപമാണ് സൊദോമും ഗൊമോറായും ചുറ്റുമുള്ള പട്ട

ണങ്ങളും പ്രളയാനന്തരഭൂമിയിൽ ചെയ്തത്. അതുകൊണ്ട് ദൈവം ആ പട്ടണങ്ങളെ ഭസ്മീകരിച്ചുകളഞ്ഞു. മനുഷ്യ സൃഷ്ടിക്ക് മുമ്പ് ലൂസിഫറിനോട് ചേർന്നു പാപം ചെയ്ത ദൂത ന്മാരെക്കുറിച്ചല്ല യൂദയുടെ ലേഖനത്തിൽ പരാമർശിച്ചിരിക്കു ന്നത്. അത് നോഹയുടെ കാലത്ത് പുരാതനലോകത്തിൽ സംഭ വിച്ച വഷളത്വത്തെക്കുറിച്ചാണ്. ആകാശത്തിലെ സൈന്യമായ ദൂതന്മാരിൽ ഒരു കൂട്ടർ വശീകരിക്കപ്പെട്ട് സ്വന്തം വാസസ്ഥലം വിട്ടു പോയത് ഭൂമിയിലേക്കായിരുന്നു. അവരും മനുഷ്യസ്ത്രീക ളുമായിട്ടുള്ള സഹവർത്തിത്വത്തിൽനിന്നും ഉടലെടുത്ത പ്രകൃ തിവിരുദ്ധ തലമുറയാണ് അമാനുഷിക ശക്തിയുള്ള മല്ലന്മാരുടെ തലമുറ.

പുരാതന ലോകത്തെ പ്രകൃതിയും മനുഷ്യരുടെ ആരോ ഗ്യവും ഇന്നത്തെ നിലവാരത്തിലുള്ളതായിരുന്നില്ല. അത്തരം ഹീനസംഭവം ഇനിയൊരിക്കലും സംഭവിക്കാതിരിക്കുവാനാണ് ദൈവം വെള്ളം കൊണ്ട് ഭൂമിയെ ന്യായം വിധിച്ച് ഭൂമിയിൽ ശ്വാസമുള്ളതിനെയൊക്കെയും കൊന്നൊടുക്കിയത്. നോഹയും കുടുംബവും പെട്ടകത്തിലുള്ളവരും മാത്രമാണ് അന്നു നടന്ന ദൈവീകന്യായവിധിയിൽനിന്നു രക്ഷപ്പെട്ടത്. പുരാതനലോക ത്തിൽ നടന്ന ജലപ്രളയത്തിൽ അന്ന് നശിച്ചുപോയ മനുഷ്യ രിൽ പാപികളുടെ ആത്മാക്കൾ അധമപാതാളത്തിലേക്കും കഠിന പാപികളുടെ ആത്മാക്കൾ നരകത്തിലേക്കുമാണ് മാറ്റപ്പെട്ടത്. എന്നാൽ ദുഷ്ടദൂത-മനുഷ്യ സംഗമത്തിലൂടെ ജനിച്ച സന്തതി കൾ ദൂതന്മാരോ മനുഷ്യരോ അല്ലാത്ത സങ്കരവർഗ്ഗത്തിൽപ്പെട്ട വരായതുകൊണ്ട് ദൈവം അവരുടെ ആത്മാക്കളെ അപ്പോൾ അധമപാതാളത്തിലേക്ക് തള്ളിക്കളഞ്ഞില്ല. അന്നുമുതൽ അവ രുടെ ആത്മാക്കളാണ് ഭൂമിയിൽ അലഞ്ഞു തിരിയുന്നത്. അവ റ്റകളെയാണ് **ഭൂതാത്മാക്കൾ** എന്ന പേരിൽ അറിയപ്പെടുന്നത്. യേശുക്രിസ്തു ഭൂമിയിൽ പ്രത്യക്ഷനായപ്പോൾ അവകൾക്ക് യേശുവിനെ തിരിച്ചറിയുവാൻ സാധിച്ചിരുന്നു. അതിന്റെ കാരണം പണ്ട് നോഹയുടെ കാലത്ത് ദൈവം ദീർഘക്ഷമയോടിരുന്ന പ്പോൾ അന്നത്തെ മനുഷ്യരോട് നോഹയിലൂടെ സംസാരിച്ചത് ക്രിസ്തുവിന്റെ ആത്മാവായിരുന്നതുകൊണ്ടാണ്. അന്നു സംസാ രിച്ച യേശുവിന്റെ ശബ്ദത്തെ തിരിച്ചറിയുവാൻ ഭൂതാത്മാക്കൾക്ക് സാധിച്ചതുകൊണ്ടാണ് യേശുവിന്റെ പരസ്യ ശുശ്രൂഷകളിൽ

അവർ അവനെ തിരിച്ചറിഞ്ഞത്. നീ ദൈവത്തിന്റെ പരിശുദ്ധനാകുന്നുവെന്നും സമയത്തിനു മുമ്പേ ഞങ്ങളെ പാതാളത്തിലേക്ക് പറഞ്ഞയക്കരുതേ എന്നുമാണ് അവർ യേശുവിനോട് അപേക്ഷിച്ചത്. ഇതിൽനിന്നും ഇവറ്റകൾ ഒടുവിൽ കർത്താവിന്റെ കല്പനയാൽ പാതാളത്തിലേക്ക് തള്ളപ്പെടും എന്നുള്ളതും അവർക്ക് അറിയാം എന്നുള്ളതാണ് ഇവിടെ വ്യക്തമാക്കപ്പെടുന്നത്. ഭൂതാത്മാക്കൾക്ക് വംശവർദ്ധനയില്ല, പുരാതനകാലം മുതലേ അവരുടെ ആഗ്രഹം മനുഷ്യരോട് ആയിരുന്നതുകൊണ്ട് സാഹചര്യം ലഭിച്ചാൽ അവറ്റകൾ മനുഷ്യരിൽ കടന്ന് അവരുടെ ആഗ്രഹം നിവർത്തിക്കുകയാണ് ചെയ്യുന്നത്. ഭൂതബാധയുള്ളവർ മരിക്കുമ്പോൾ അവരിലുണ്ടായിരുന്ന ഭൂതാത്മാക്കൾ മറ്റുള്ളവരിലേക്ക് കുടി മാറുന്നതിനെയാണ് കുലദൈവങ്ങളെന്നും, കുടിയിരിപ്പുകളെന്നുമൊക്കെയുള്ള പേരിൽ അറിയപ്പെടുന്നത്.

പിശാച്, ദുഷ്ടദൂതന്മാർ എന്നിവർ വെളിച്ചമായിരുന്ന സൃഷ്ടികൾ ഇരുളായി മാറിയതാണെങ്കിൽ മനുഷ്യസൃഷ്ടിക്കു ശേഷം പൈശാചികവശീകരണത്തിൽ വീണുപോയ ദുഷ്ടദൂതന്മാർ ചെയ്ത പാപം സ്വന്തം വാസസ്ഥലമാകുന്ന ആകാശം വിട്ട് ഭൂമിയിൽ വന്ന് മനുഷ്യസ്ത്രീകളോടു കൂടെ സഹവസിച്ചു എന്നതാണ്. അവരിൽനിന്നും ഉടലെടുത്ത അമാനുഷിക തലമുറ ജലപ്രളയത്തിൽ മുങ്ങി നശിച്ചപ്പോൾ അവരുടെ ആത്മാക്കൾ ഭൂമിയിൽ ഊടാടി സഞ്ചരിപ്പാൻ തുടങ്ങി. അങ്ങനെയാണ് പ്രളയാനന്തരഭൂമിയിൽ ഭൂതാത്മാക്കൾ രൂപപ്പെട്ടത്. അതിനെക്കുറിച്ചാണ് നാം ഇതുവരെ ചിന്തിച്ചത്. ക്രിസ്തുവിന്റെ ആത്മാവ് പുരാതന ലോകത്ത് അവരോടു സംസാരിച്ചിരുന്ന സമയമാകുന്ന ഒടുക്കത്തെനാൾ വരെ അവകൾ ഭൂമിയിൽ ഉണ്ടായിരിക്കും.

ഭൂതാത്മാക്കൾ എങ്ങനെ ഉണ്ടായി എന്നതിനെക്കുറിച്ച് ചുരുക്കി എഴുതി ഈ വിഷയത്തിന്റെ പഠനം അവസാനിപ്പിക്കുന്നു. പാപം ചെയ്ത ദൂതന്മാരെ രണ്ടു ഘട്ടങ്ങളിലായി അന്ധതമസ്സിന്റെ ചങ്ങലക്കിട്ടു എന്നതിനാണ് തിരുവചനം വ്യക്തത നല്കുന്നത്. അതിൽ ഒന്നാമത്തേത് മനുഷ്യസൃഷ്ടിക്കു മുമ്പ് നിഗളം മുഖാന്തരം പാപം ചെയ്തു ലൂസിഫറിനോട് ചേർന്ന ദൂതന്മാരാണ്. അവരെ അപ്പോൾതന്നെ അന്ധതമസ്സിന്റെ ചങ്ങലക്കിട്ടു എന്നാണ് ഇവിടെ വ്യക്തമാക്കിയിരിക്കുന്നത്. അതേക്കുറിച്ച് പത്രൊസ് അപ്പൊസ്തലൻ രേഖപ്പെടുത്തിയരിക്കുന്നത് ഇപ്രകാരമാണ്.

*പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ടു നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏല്പി ക്കയും... (2 പത്രൊ. 2:4 - 5).*

രണ്ടാമത്തെ സന്ദർഭം മനുഷ്യ സൃഷ്ടിക്കുശേഷം സംഭവിച്ച താണ്. അത് പുരാതനലോകത്തിൽ വാഴ്ച കാത്തുകൊള്ളാതെ സ്വന്തം വാസസ്ഥലം വിട്ടു ഭൂമിയിൽ വന്നു മനുഷ്യസ്ത്രീകളോടു കൂടി വഷളത്വം പ്രവർത്തിച്ച ദുഷ്ടദൂതന്മാരെക്കുറിച്ചാണ്. അവ രെയും അപ്പോൾത്തന്നെ ദൈവം നരകത്തിൽ അന്ധതമസ്സിന്റെ ചങ്ങലക്കിട്ടു. അതെക്കുറിച്ചാണ് യൂദായുടെ ലേഖനത്തിൽ പരാ മർശിച്ചിരിക്കുന്നത്. മനുഷ്യ-ദുഷ്ടദൂത സംഗമത്തിലൂടെ ഉടലെ ടുത്ത തലമുറ അമാനുഷികരായിരുന്നു. ജലപ്രളയത്തിൽ അവർ മുങ്ങിമരിച്ചപ്പോൾ അവരുടെ ആത്മാക്കളെ ദൈവം പാതാളത്തി ലേക്ക് അയച്ചില്ല. അന്നു മുതൽ അവകളാണ് ഭൂമിയിൽ ഉഴന്നല യുന്നത്. അവകളെ ഭൂതാത്മാക്കൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. അവകൾ ചിലമനുഷ്യരിൽ പ്രവേശിച്ച് ഹീന മായ മ്ലേച്ഛപ്രവർത്തികൾ അവരെക്കൊണ്ട് ചെയ്യിക്കുന്നു. അതു പോലെ അവകളാണ് പ്രളയാനന്തര ഭൂമിയിൽ ചില മനുഷ്യ രിൽ കടന്ന് അമാനുഷിക പ്രവർത്തികൾ ചെയ്യിപ്പിക്കുന്നതും പൈശാചിക ആരാധനയിൽ കുടുക്കിക്കളയുന്നതും. അവകൾക്ക് പണ്ടുണ്ടായിരുന്ന ജഡത്തിന്റെ രൂപങ്ങളാണ് പില്ക്കാലത്ത് മനു ഷ്യരെക്കൊണ്ട് നിർമ്മിച്ചു ആരാധിപ്പിക്കുവാൻ പ്രേരിപ്പിക്കുന്ന ത്. അത് വർദ്ധിച്ചു പെരുകി കൊണ്ടിരിക്കുന്ന കാലഘട്ടത്തി ലാണ് നാമിപ്പോൾ ജീവിക്കുന്നത്.

പ്രളയാനന്തരം നിലവിൽ വന്ന ഇപ്പോഴത്തെ ലോകത്തിൽ ഭൂമിയുടെ കാലാവസ്ഥ മനുഷ്യരുടെ ആയുസ്സ്, ആഹാരരീതി എന്നിവയ്ക്കെല്ലാം മാറ്റം സംഭവിച്ചു. ഏദെനിൽ ദൈവം മനു ഷ്യർക്ക് ഭക്ഷിപ്പാൻ കൊടുത്തിരുന്നത് നന്മതിന്മയുടെ വൃക്ഷ ഫലമൊഴികെയുള്ള സകല വൃക്ഷഫലങ്ങളുമായിരുന്നു. പാപാ നന്തരഭൂമിയിൽ ജലപ്രളയം വരെയുള്ള കാലഘട്ടത്തിൽ ഭൂമി യിലെ വിത്തുള്ള സസ്യങ്ങളും വൃക്ഷഫലങ്ങളുമായിരുന്നു ഭക്ഷ ണമായി ദൈവം മനുഷ്യർക്ക് കൊടുത്തിരുന്നത്. നോഹയുടെ കാലത്തെ ജലപ്രളയത്തിനു മുമ്പുവരെ സകല പക്ഷിമൃഗാദി കൾക്കും പച്ചസസ്യമായിരുന്നു ആഹാരമായിരുന്നത്. ഇതിൽ നിന്നും വ്യക്തമാക്കപ്പെടുന്ന വസ്തുത പുരാതനലോകത്തിൽ

പക്ഷിമൃഗാദികളും സസ്യഭുക്കുകളായിരുന്നു എന്നുള്ളതാണ്. നോഹയുടെ പെട്ടകത്തിൽ കയറിയ മൃഗങ്ങൾക്കല്ല മനുഷ്യർക്കായിരുന്നു മാനസാന്തരമുണ്ടായത്. പ്രളയാനന്തരമുള്ള ഇപ്പോഴത്തെ ലോകത്തിലാണ് ദൈവം മനുഷ്യർക്ക് മാംസാഹാരം ഭക്ഷിക്കുവാൻ അനുവാദം നല്കിയത്. മനുഷ്യന്റെ ആഹാരരീതിയിൽ വന്ന മാറ്റത്തോടെയാണ് പക്ഷിമൃഗാദികളിൽ ചിലത് മാംസഭുക്കുകളായിത്തീർന്നത്.

നോഹയുടെ മൂന്നു ആൺമക്കളായ ശേം, ഹാം, യാഫെത്ത് എന്നിവരുടെ തലമുറകളാണ് ഇന്നു നാം കാണുന്ന മാനവരാശി. അവരുടെ മക്കളിൽ നിന്നാണ് ലോകത്തിൽ വിവിധ ജാതികൾ ഉടലെടുത്തത്. അത് സംഭവിച്ചത് ബാബേൽ ഗോപുരം പണിത കാലത്താണ്. അന്നാണ് ലോകത്തിൽ വിവിധ ഭാഷകൾ ഉടലെടുക്കുകയും ജനങ്ങൾ വിവിധ ഭാഷകളും ജാതികളുമായി വേർപിരിഞ്ഞു പോകുകയും ചെയ്തത്. ശേമിന്റെ തലമുറയിൽനിന്നു അബ്രഹാമിനെ ദൈവം തിരഞ്ഞെടുത്തു. അവന്റെ മകനായ യിസ്ഹാക്കിൽനിന്നു ദൈവം **യിസ്രായേൽ** എന്ന രാഷ്ട്രത്തിന് രൂപം കൊടുത്തു. യിസ്ഹാക്കിന്റെ മകനായ യാക്കോബിനെയാണ് യിസ്രായേൽ എന്ന് ദൈവം നാമകരണം ചെയ്തത്. ദൈവപുരുഷനായ മോശെയാണ് യിസ്രായേലിന്റെ വാഗ്ദത്തദേശമായ പാലും തേനും ഒഴുകുന്ന കനാൻ ദേശത്തേക്കുള്ള പ്രയാണത്തിൽ യിസ്രായേൽ മക്കളെ നയിച്ചത്.

യിസ്രായേൽ എന്ന ജനതയ്ക്കാണ് ദൈവം അഗ്നിമയമായ പ്രമാണം കൊടുത്തത്. യിസ്രായേൽ ജനത ലോകാവസാനത്തിന്റെ അന്ത്യത്തോളം ഭൂമിയിൽ ഉണ്ടായിരിക്കും. അവരെ ഭൂമുഖത്തുനിന്നും ആർക്കും തുടച്ചുനീക്കുവാൻ കഴിയുകയില്ല. യിസ്രായേലിന്റെ രാജാവായിട്ടാണ് യേശുകർത്താവ് ലോകത്തിൽ മനുഷ്യനായി അവതരിച്ചത്. യേശുവിന്റെ രാജ്യം ഐഹികമായിരുന്നില്ല. അവൻ രാജാവായി പിറന്നത് മരണത്തിന്റെ അധികാരിയായ സാത്താനെ ക്രൂശിൽ വച്ച് പരാജയപ്പെടുത്തുവാനായിരുന്നു. പാപത്തിലും മരണത്തിലുമായിരുന്ന മാനവരാശിയുടെ സ്വാതന്ത്ര്യമാണ് ക്രിസ്തുവിലൂടെ നിവർത്തികരിക്കപ്പെട്ടത്. ഏദെനിൽ ഹവ്വായ്ക്ക് ഉണ്ടായ ദൈവത്തിങ്കലുള്ള അവിശ്വാസമാണ് മാനവരാശിയുടെ അധപതനത്തിനും തേജസ്സു നഷ്ടപ്പെടുന്നതിനും കാരണമായത്. ഏദെനിൽ നഷ്ടപ്പെട്ടു

പോയതിനേക്കാൾ അതിശ്രേഷ്ഠമായ അവകാശവും പദവിയും മനുഷ്യർക്ക് പ്രാപിക്കുവാൻ സാധിക്കുന്നത് കാൽവറി ക്രൂശിൽ യാഗമായിത്തീർന്ന യേശുവിൽ വിശ്വസിക്കുന്നതിലൂടെയാണ്.

മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പ് ക്രിസ്തുയേശുവിന്റെ പുണ്യാഹരക്തത്താൽ നിവർത്തീകരിക്കപ്പെട്ടതുകൊണ്ടാണ് പുതിയനിയമം സാക്ഷാൽ സ്വാതന്ത്ര്യത്തിന്റെ ആത്മീയപ്രമാണമായത്. ദൈവപുത്രനാൽ ആത്മികസ്വാതന്ത്ര്യം പ്രാപിക്കുന്നവരാണ് സാക്ഷാൽ സ്വതന്ത്ര്യരായിത്തീരുന്നത്. യേശുക്രിസ്തുവിന്റെ രക്തത്താൽ വിശ്വാസത്തിൽ ജനിക്കുന്നവർ പാപത്തിൽ നിന്നും ശാപത്തിൽനിന്നും മോചനം പ്രാപിച്ച് ദൈവത്തിന്റെ മക്കളായിത്തീരുന്നു.

യേശു എന്ന ലോകരക്ഷിതാവ് മാനവരക്ഷയ്ക്കു വേണ്ടി ജനിച്ചത് സ്ത്രീയുടെ സന്തതിയായി യിസ്രായേലിലെ ബേദ്ലെഹേമിലായിരുന്നു. ഗലീലയിലെ നസ്രത്ത് എന്ന പട്ടണത്തിലാണ് അവൻ വളർന്നത്. മുപ്പതാമത്തെ വയസ്സിൽ യോർദ്ദാൻ നദിയിൽ യേശു യോഹന്നാൻ സ്നാപകന്റെ കൈക്കീഴിൽ സ്നാനം ഏറ്റു. പരിശുദ്ധാത്മാവ് അവന്റമേൽ പ്രാവ് രൂപത്തിൽ ആവസിച്ചു. മൂന്നരവർഷം പിതാവാംദൈവത്തിനു പ്രസാദമായ ശുശ്രൂഷ ചെയ്തു. ഒടുവിൽ പിതാവാംദൈവത്തിന്റെ തിരുഹിതപ്രകാരം മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനുവേണ്ടി ക്രൂശിൽ യാഗമായിത്തീർന്നു. മൂന്നാംനാളിൽ മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റു. നാല്പതാം ദിവസം ഒലിവ് മലയിൽനിന്ന് അവന്റെ ശിഷ്യന്മാർ കാൺകെ സ്വർഗ്ഗാരോഹണം ചെയ്തു. അന്നുമുതൽ പിതാവിന്റെ വലത്തു ഭാഗത്തിരുന്നു മഹാപുരോഹിതനായി നമുക്കുവേണ്ടി പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നു. മനുഷ്യർ അഭിമുഖീകരിക്കുന്ന സകല പ്രശ്നങ്ങളിൽനിന്നും അവരെ പൂർണ്ണമായി വിടുവിപ്പാൻ യേശു മതിയാകുന്നവൻ ആകുന്നു.

പെന്തെക്കൊസ്തുനാളിൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്ന് പുതിയനിയമസഭ സ്ഥാപിച്ചത് സുവിശേഷത്തിലൂടെ മാനവരാശിയെ രക്ഷിച്ച്, പൂർണ്ണതയിലേക്ക് നയിക്കുക എന്ന ദൗത്യം നിർവ്വഹിക്കുന്നതിനു വേണ്ടിയാണ്. ഒരുവന്റെ ഹൃദയസ്പന്ദനത്തോടെ ആരംഭിക്കുന്ന **നിതൃത** അത് നിലയ്ക്കുമ്പോൾ നിത്യജീവനിലേക്കോ, നിത്യമരണത്തിലേക്കോ ആണ് മാറ്റപ്പെടുന്നത്. അതല്ലാതെ മനുഷ്യാത്മാവ് ഇല്ലാതാകുന്നില്ല. അനേകം ചര

മക്കുറിപ്പുകളിൽ നിത്യതയിലേക്ക് ചേർക്കപ്പെട്ടു എന്ന് എഴുതിക്കാണാറുണ്ട്. അതു തികച്ചും ശരിയായിട്ടുള്ളതാണ്. എന്നാൽ അത് എവിടേക്കാണ് നിത്യതയുടെ ജീവനിലേക്കോ അതോ നിത്യനാശമാകുന്ന മരണത്തിലേക്കോ എന്നതിനാണ് പ്രാധാന്യം. ജീവിതത്തിന്റെ അന്ത്യയാത്രയിൽ എവിടെ എത്തിച്ചേരുന്നു എന്നതാണ് സുപ്രധാനമായിട്ടുള്ളത്. ജീവിതം ക്രിസ്തുവിലാണെങ്കിൽ നിത്യജീവനിലേക്കും അതല്ല ഇരുളിന്റെ പിന്നാലെയുള്ള ജീവിതമാണെങ്കിൽ മരണമാകുന്ന ഇരുളിലേക്കുമായിരിക്കും എത്തിച്ചേരുക.

പാപത്തിനും മരണത്തിനും അടിമപ്പെട്ടു കിടക്കുന്ന മനുഷ്യന് സ്വയം അതിൽനിന്നും മോചനം പ്രാപിക്കുവാൻ കഴിയുകയില്ല. അതുകൊണ്ടാണ് പിശാചിന്റെ പ്രവർത്തികളെ അഴിപ്പാൻ ദൈവപുത്രൻ ലോകത്തിൽ പ്രത്യക്ഷനായത്. സർവ്വശക്തനായ യേശു എന്ന ദൈവത്തിനു മാത്രമെ സാത്താന്റെ അടിമത്വത്തിൽനിന്നു മനുഷ്യനെ പൂർണ്ണമായി വിടുവിപ്പാൻ കഴിയുകയുള്ളൂ. പുതിയ നിയമസഭയുടെ ആരംഭത്തിൽ അതെക്കുറിച്ചാണ് പത്രൊസ് അപ്പൊസ്തലൻ ലോകത്തോട് ഇപ്രകാരം വിളിച്ചു പറഞ്ഞത്.

*മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല (അപ്പൊ. 4:12).*

ഈ വാക്യത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് അവന്റെ നാമം മുഖാന്തരം പാപമോചനം ലഭിക്കുന്നു എന്നതാണ് വ്യക്തമാക്കപ്പെടുന്നത്. ഒരുവനിൽ പരിശുദ്ധാത്മാവിന്റെ വചനം ക്രിയചെയ്യുമ്പോൾ പാപബോധം ഉളവാകുകയും നീതികരണത്തിന് യേശുക്രിസ്തുവിൽ വിശ്വസിക്കുകയും സ്നാനപ്പെടുകയും ചെയ്യുന്നതിലൂടെയാണ് രക്ഷ പ്രാപിക്കുന്നത്. രക്ഷ **സാർവത്രികമാണ്** ഏതു മനുഷ്യനും കർത്താവായ യേശുവിങ്കലുള്ള വിശ്വാസത്താൽ ആത്മരക്ഷ പ്രാപിക്കാമെന്നുള്ളതാണ് സുവിശേഷത്തിന്റെ പ്രഥമ സന്ദേശം. അതല്ലാതെയുള്ള മനുഷ്യരുടെ സകല പ്രയത്നങ്ങളും പാപപരിഹാരത്തോടുള്ള ബന്ധത്തിൽ നിഷ്പ്രയോജനമാണ്.

മാനസാന്തരാനുഭവം ഇല്ലാതെ ഒരു വ്യക്തി ആയിരം പ്രാവശ്യം യേശുവിനെ കർത്താവായി അംഗീകരിക്കുന്നു എന്ന് ഏറ്റുപറഞ്ഞാലും അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഒരു

തത്തയെ ശരിയായ രീതിയിൽ പരിശീലിപ്പിച്ചാൽ അതും വേണ മെങ്കിൽ യേശു കർത്താവും രക്ഷിതാവുമാണെന്ന് പറയും അതു കൊണ്ട് തത്ത രക്ഷിക്കപ്പെടുകയില്ലല്ലോ. പരിശുദ്ധാത്മാവിന്റെ ക്രിയയാൽ പാപബോധം ഉണ്ടാകുന്ന ഒരുവൻ രണ്ടായിര ത്തിൽപ്പരം വർഷങ്ങൾക്കു മുമ്പ് മാനവപാപത്തിന്റെ പരിഹാര ത്തിനു വേണ്ടി മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ യേശുവിൽ വിശ്വസിച്ച് സ്നാനം സ്വീകരിക്കുമ്പോഴാണ് അവൻ രക്ഷിക്ക പ്പെടുന്നത്. അതിന് പരപ്രേരണയോ, നിർബ്ബന്ധമോ, അനുകര ണമോ എന്നിവയൊന്നും പാടില്ല. ദൈവവചനം ക്രിയ ചെയ്യു മ്പോൾ ഒരുവനിൽ മാനസാന്തരം ഉളവാകുന്നുവെങ്കിൽ മാത്രമെ അത് യഥാർത്ഥ ആത്മരക്ഷയിലേക്ക് നയിക്കുകയുള്ളൂ. അപ്ര കാരമല്ലാത്തതെല്ലാം കേവലം അനുകരണങ്ങളാണ്; താല്ക്കാ ലികമായ ചില വികാരപ്രകടനങ്ങൾ മാത്രം.

ദൈവവചനത്തിന്റെ സത്യത്തെ തിരിച്ചറിയാത്ത ചിലർ തിരു വചനത്തിൽനിന്നും ഏതെങ്കിലും ഒരു ഭാഗം അടർത്തിയെടുത്തു പഠിപ്പിച്ച് അനേകരെ വഞ്ചിക്കാറുണ്ട്. അപ്രകാരമുള്ള വ്യക്തി കളും അവരുടെ പ്രസ്ഥാനങ്ങളും സാത്താനിക ആശീർവാദ ത്തോടെ വർദ്ധിച്ചു വരുന്ന ഇക്കാലങ്ങളിൽ നാം വ്യതിചലിച്ചു പോകാതിരിക്കണമെങ്കിൽ സത്യവചനം യഥാർത്ഥമായി തിരി ച്ചറിയണം. അത്തരക്കാർ ദുരുപയോഗം ചെയ്യുന്ന രണ്ടു വാക്യ ങ്ങളെക്കുറിച്ചു മാത്രമാണ് വിസ്താരഭയത്താൽ ഈ അദ്ധ്യായ ത്തിൽ നാം ചിന്തിക്കുന്നത്. അതിൽ ഒന്നാമത്തേത് അന്ത്യകാ ലത്ത് സകല ജഡത്തിന്മേലും ഞാൻ എന്റെ ആത്മാവിനെ പകരും എന്നുള്ളതാണെങ്കിൽ രണ്ടാമത്തേത് കർത്താവിന്റെ നാമം വിളി ച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടുമെന്നുള്ളതാണ്.

അന്ത്യകാലം എന്നതിന്റെ അർത്ഥം പലർക്കും ഉൾക്കൊള്ളു വാൻ സാധിക്കുന്നില്ലായെന്നുള്ളതാണ് വാസ്തവം. **അന്ത്യ കാലം എന്ന കാലം കർത്താവിന്റെ ഒന്നാമത്തെ വരവിനും രണ്ടാമത്തെ വരവിനും ഇടയിലുള്ള കാലമാണ്.** അന്ത്യകാലം അഥവാ ലോകാവസാനം എന്നത് കേവലം ഒരു ദിവസം കൊണ്ട് പൂർത്തീകരിക്കപ്പെടുന്ന സംഭവമല്ല. വേനൽക്കാലം, മഴക്കാലം, ശൈത്യകാലം എന്നിവകളൊന്നും ഒരു ദിവസത്തെ സംഭവമല്ല; അത് ആരംഭിച്ചിട്ട് ചില ദിവസങ്ങളും മാസങ്ങളും കഴിഞ്ഞിട്ടാണ് മറ്റൊരു കാലത്തിലേക്ക് പ്രകൃതി മാറുന്നത്. അതുപോലെ അന്ത്യ

കാലം അഥവാ ലോകാവസാനം എന്നത് പൈശാചികഭരണത്തിന്റെ അടിമത്വത്തിൽനിന്നു ദൈവരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിലേക്ക് മാറുന്ന കാലമാണ്. സർവ്വലോകവും ഇപ്പോൾ ദുഷ്ടന്റെ അധീനതയിലാണ് കിടക്കുന്നത്. അതിന് മാറ്റം വരുത്തി നീതി സൂര്യനായ രാജാധിരാജാവായ യേശുക്രിസ്തു തന്റെ രാജ്യം ഇവിടെ സ്ഥാപിക്കുന്ന പ്രക്രിയയാണ് കഴിഞ്ഞ രണ്ടായിരത്തിൽപ്പരം വർഷങ്ങളായി ലോകത്തിൽ നടന്നു കൊണ്ടിരിക്കുന്നത്. അതിന്റെ ആരംഭം കുറിച്ചത് കാൽവറിയിൽ സാത്താന്റെ തലയെ തകർത്തുകൊണ്ടായിരുന്നു. അതിനുവേണ്ടിയാണ് യേശു ലോകാവസാനത്തിന്റെ ആരംഭത്തിൽ പ്രത്യക്ഷനായത്. യേശു മുഖാന്തരം ജീവൻ പ്രാപിക്കുന്നവർ സാത്താനീകസാമ്രാജ്യത്തിന്റെ അടിമത്വത്തിൽനിന്നും മോചനം പ്രാപിച്ച് ദൈവരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിലേക്കാണ് ആത്മീകമായി പ്രവേശിപ്പിക്കപ്പെടുന്നത്. കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ സകല ഇടർച്ചകളെയും നീക്കിക്കളഞ്ഞ് യേശു ഈ ഭൂമിയിൽ അക്ഷരീകമായ ദൈവരാജ്യം സ്ഥാപിച്ച് ആയിരം ആണ്ട് വാഴും. അതിൽനിന്നും നമുക്ക് ഗ്രഹിക്കുവാൻ സാധിക്കുന്നത് ലോകാവസാനം അഥവാ അന്ത്യകാലം എന്നത് സാത്താനീകവാഴ്ചയെ എന്നെന്നേക്കുമായി ഭൂമിയിൽനിന്ന് തുടച്ചുനീക്കുന്നതിനെക്കുറിച്ചാകുന്നു. യോവേൽ മുഖാന്തരം അരുളിച്ചെയ്ത പ്രവചനം ദൈവസഭയുടെ ആരംഭത്തിൽ പത്രൊസ് അപ്പൊസ്തലൻ എടുത്ത് ഉദ്ധരിച്ചപ്പോൾ അത് നിറവേറപ്പെട്ടു എന്നാണ് അവൻ സാക്ഷീകരിച്ചത് (അപ്പൊ. 2:16-21, യോവേ. 2:28-32).

പുതിയനിയമസഭ സാർവ്വത്രികമായതുകൊണ്ട് അതിൽ ജാതികൾക്കും അംഗമായി ചേരുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ചെയ്യാം എന്നതാണ് സകല ജഡത്തിന്മേലും ഞാൻ എന്റെ ആത്മാവിനെ പകരും എന്നതിന്റെ യഥാർത്ഥ വിവർത്തനം. അതല്ലാതെ കാണുന്ന എല്ലാവരുടേയും മേൽ അഭിഷേകം പകരുക എന്നല്ല. ദൈവസഭയുടെ അടിസ്ഥാന ഉപദേശങ്ങൾക്കും ആരാധനയ്ക്കും ഒരിക്കലും മാറ്റം വരുന്നതല്ല. പുതിയനിയമസഭയുടെ ആരംഭത്തിൽ ദൈവം അഭിഷേകം പകർന്നത് എപ്രകാരമായിരുന്നുവോ അതിന് ഒരിക്കലും മാറ്റം വരുകയില്ല. ഹൃദയങ്ങളെ അറിയുന്ന ദൈവം തന്നെ അനുസരിക്കുന്നവരുടെ ഹൃദയങ്ങളിലാണ് പരിശുദ്ധാത്മാവിനെ പകരുന്നത്. ദൈവവചനം

ഗ്രഹിച്ച് മാനസാന്തരപ്പെടുകയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ വിശ്വാസസ്നാനം സ്വീക രിച്ച് പരിശുദ്ധാത്മാഭിഷേകത്തെ അംഗീകരിക്കുന്നവരിലാണ് ദൈവം തന്റെ ആത്മാവിനെ പകരുന്നത്. പഴയ തുരുത്തിയിൽ പുതിയ വീഞ്ഞ് ദൈവം പകരുമാറില്ല. അതുകൊണ്ട് വഞ്ചിക്ക പ്പെട്ടു പോകരുത്. ജനിച്ചുവീണ മതപാരമ്പര്യങ്ങളെ പിടിച്ചു കൊണ്ട് ദൈവവചനത്തെ അനുസരിക്കാത്തവരിൽ ദൈവത്തിന്റെ സത്യാത്മാവിനെ ദൈവം ഒരുനാളും പകരുകയില്ല.

ഇന്നു നാം കാണുന്ന വചനവിരുദ്ധമായ അഭിഷേകം **വ്യാജാ ത്മാവിന്റെതാണ്**. അതെക്കുറിച്ച് അപ്പൊസ്തലനായ പൌലൊസ് വിശുദ്ധതിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാ രമാണ്.

*അധർമ്മമൂർത്തിയുടെ പ്രത്യക്ഷത നശിച്ചു പോകുന്നവർക്കു സാത്താന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം വ്യാജമായ സകല ശക്തി യോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടുംകൂടെ ആയിരിക്കും; അവർ രക്ഷിക്കപ്പെടു വാൻ തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്ക യാൽതന്നെ അങ്ങനെ ഭവിക്കും. സത്യത്തെ വിശ്വസിക്കാതെ അനീ തിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിന് ദൈവം അവർക്കു ഭോഷ്ക് വിശ്വസിക്കുമാറ് വ്യാജത്തിന്റെ വ്യാപാര ശക്തി അയ യ്ക്കുന്നു. (2 തെസ്സ. 2:9 - 12).*

അതുകൊണ്ട് ഏത് ആത്മാവിനെയും വിശ്വസിക്കാതെ ആത്മാ ക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്നു ശോധന ചെയ്യണം. ക്രിസ്തുവാകുന്ന പാറമേൽ അടിസ്ഥാനമിട്ട് വീടു പണിയുന്നത് അത്ര എളുപ്പമല്ല. അതിന് വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള പഴയ നടപ്പിന് മരിച്ച് പുതിയ സൃഷ്ടി ആയി ജീവിക്കണം. ഭക്തി യുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവരാകരു ത്. ഭക്തനാണെങ്കിൽ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ജീവി ക്കുന്നവനായിരിക്കണം. ഹൃദയമാകുന്ന യാഗപീഠത്തിൽ അന്യാഗ്നി കത്തിക്കുന്നവരാകരുത്. സമ്പത്ത് വർദ്ധിപ്പിക്കുവാൻ വ്യാജാത്മാവിൽ അടയാളങ്ങളും അത്ഭുതങ്ങളും ചെയ്ത് വഞ്ചി ക്കുന്നവരുടെ ചതിയിൽ പെട്ടുപോകയും അരുത്. സത്യാത്മാ വിൽ നിർമ്മലമനസ്സാക്ഷിയിൽ ദൈവത്തെ ആരാധിക്കുന്നവ രുടെ ജീവിതത്തിൽ വിശുദ്ധിയുണ്ടായിരിക്കും. അശുദ്ധമായതൊ

ക്കെയും പരിശുദ്ധനായ ദൈവത്തിന് അറപ്പാകുന്നു. പാപത്തിൽ നിന്ന് വിളിച്ച് വേർതിരിക്കപ്പെട്ട വിശുദ്ധന്മാരുടെ കൂട്ടായ്മയാണ് ദൈവസഭ. അതിന് വിരുദ്ധമായിട്ടുള്ളതെല്ലാം ദൈവീകമല്ല പൈശാചികമാണ്.

രണ്ടാമത്തേത് യേശുവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും എന്നുള്ളതാണ്. അനീതി പ്രവർത്തിച്ചിട്ട് മാനസാന്തരപ്പെടാതെ യേശുവേ എന്ന് എത്ര വിളിച്ചാലും ദൈവം കേൾക്കുകയുമില്ല. ശുദ്ധമനസ്സാക്ഷിയിലാണ് ദൈവത്തെ വിളിച്ചപേക്ഷിക്കേണ്ടത്. അപ്പൊസ്തലനായ പൌലൊസ് അതെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

*എങ്കിലും ദൈവത്തിന്റെ സ്ഥിരമായ അടിസ്ഥാനം നിലനില്ക്കുന്നു; കർത്താവ് തനിക്കുള്ളവരെ അറിയുന്നു എന്നും കർത്താവിന്റെ നാമം ഉച്ചരിക്കുന്നവൻ എല്ലാം അനീതി വിട്ടകന്നുകൊള്ളട്ടെ എന്നും ആകുന്നു അതിന്റെ മുദ്ര (2 തിമൊ. 2:19).*

ഇന്ന് അനേകർ എതിർക്രിസ്തുവിന്റെ മുദ്ര ഏൽക്കാതിരിക്കാൻ 666-ന്റെ ചിപ്പിനെക്കുറിച്ച് പ്രസംഗിച്ചു നടക്കുകയാണ്. എന്നാൽ പലരും അവരിൽ വ്യാപരിക്കുന്ന അനീതിയുടെ വ്യാപാരശക്തിയെ തിരിച്ചറിയുന്നില്ല. കർത്താവിന്റെ നാമം ഉച്ചരിക്കുന്നവർ അനീതി വിട്ടകന്നവരായിരിക്കണം എന്നാണ് നമ്മെ ഈ വചനം പ്രബോധിപ്പിച്ചുണർത്തുന്നത്.

നമ്മുടെ കർത്താവ് സ്വർഗ്ഗത്തിൽ ലോകരാജത്വം ഏറ്റെടുക്കുന്നതിനുള്ള സമയമാണ് ആഗതമായിക്കൊണ്ടിരിക്കുന്നത്. കർത്താവ് തന്റെ ഇളകാത്ത രാജ്യം ഭൂമിയിൽ സ്ഥാപിക്കുവാൻ വരുന്നതിന്റെ കാലലക്ഷണങ്ങളും അതിന്റെ ധ്വനിയുമാണ് നാം കാണുകയും കേൾക്കുകയും ചെയ്യുന്നത്. കർത്താവിന്റെ രണ്ടാമത്തെ പ്രത്യക്ഷതയ്ക്കു മുമ്പ് ആത്മമണവാളൻ അവന്റെ കാന്തയെ ചേർത്തുകൊള്ളും. അതുപോലെ പുതിയയെരുശലേമിൽ ഉൾപ്പെടുവാനുള്ള സകല വിശുദ്ധന്മാരും സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ എത്തിച്ചേർന്നതിനു ശേഷമാണ് കുഞ്ഞാട് രാജത്വം ഏറ്റെടുക്കുകയും സ്വർഗ്ഗീയവിവാഹം നടക്കുകയും ചെയ്യുന്നത്. ലോകസ്ഥാപനത്തിനു മുമ്പ് പിതാവാംദൈവം വിഭാവനം ചെയ്ത കാര്യങ്ങളാണ് സ്വർഗ്ഗീയകലണ്ടറനുസരിച്ച് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ലോകരക്ഷകനായ യേശുവിന്റെ ദാനമാണ് രക്ഷ. അത് വില കൊടുത്ത് വാങ്ങുവാൻ കഴിയാത്ത അമൂല്യമായതാണ്. മനുഷ്യന്റെ എന്നേയ്ക്കുമുള്ള വീണ്ടെടുപ്പിന്റെ വില മറ്റാർക്കും കൊടുക്കുവാൻ കഴിയുകയുമില്ല. അത് ക്രിസ്തുയേശുവിന്റെ വിലയേറിയ പുണ്യാഹരക്തം കൊണ്ടാണ് സാധിക്കുന്നത്. യേശുവിന്റെ പരമയാഗത്തിൽ വിശ്വസിക്കുന്നവരെയാണ് അവൻ വീണ്ടെടുക്കുന്നത്. ദൈവപുത്രനായ യേശുവിന്റെ പാപമില്ലാത്ത രക്തത്തിനു മാത്രമേ പാപത്തെ നീക്കുവാൻ കഴിയുകയുള്ളൂ. ക്രിസ്തു മുഖാന്തരം മാനവജാതിക്ക് ജീവനും അക്ഷയതയുമാണ് വെളിപ്പെട്ടത്. ക്ഷയമില്ലാത്ത ജീവൻ അഥവാ നിത്യജീവൻ പ്രാപിക്കുവാൻ ഒരേ ഒരു മാർഗ്ഗം ക്രിസ്തുയേശുവിലൂടെ മാത്രമാണ് എന്ന് ആവർത്തിക്കുന്നത് അതിന് വേറൊരു മാർഗ്ഗമില്ലാത്തതുകൊണ്ടാണ്.

സുവിശേഷസത്യത്തിനെതിരെ ഒന്നാം നൂറ്റാണ്ടു മുതൽ ശക്തമായ എതിർപ്പുകൾ ഉയർന്നിട്ടുണ്ട്. അവയ്ക്കൊന്നും സുവിശേഷത്തിന്റെ പുനരുത്ഥാനശക്തിയെ തടയുവാൻ സാധിച്ചിട്ടില്ല. ചിലർ ഉന്നയിക്കുന്ന ചോദ്യം രണ്ടായിരം വർഷം മുമ്പ് യേശു മരിച്ചതുകൊണ്ട് ഇന്നു ജീവിക്കുന്ന ഞങ്ങൾക്ക് എന്തു പ്രയോജനമെന്നാണ്. നമ്മുടെ രാജ്യം ഇന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യം നമുക്ക് ലഭിച്ചത് സ്വാതന്ത്ര്യസമരകാലത്ത് ദേശസ്നേഹികളായ അനേകർ രക്തം ചിന്തിയതുകൊണ്ടാണ്. അതുപോലെ ആത്മാവിന്റെ സ്വാതന്ത്ര്യം നേടിത്തരുവാൻ മനുഷ്യർക്കു കഴിയാതിരുന്നപ്പോൾ തന്റെ പുത്രനെ പാപജഡത്തിന്റെ സദൃശത്തിൽ അയച്ചത് മനുഷ്യരാശിയെ വീണ്ടെടുക്കുന്നതിനു വേണ്ടിയായിരുന്നു. അതിനുവേണ്ടിയാണ് യേശുക്രിസ്തു സർവ്വലോകത്തിന്റെയും പാപത്തെ ചുമന്നുകൊണ്ട് ക്രൂശിൽ കയറി മരണത്തെ ആസ്വദിച്ചത്. മൂന്നാംനാൾ മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ യേശു ഇന്നും ജീവിക്കുന്നു. ക്രിസ്തുയേശുവിന്റെ മരണപുനരുത്ഥാനത്തിൽ വിശ്വസിക്കുന്നവർക്കാണ് പാപമോചനം സൗജന്യമായി ലഭിക്കുന്നത്.

ക്രിസ്തുയേശുവിനു മുമ്പ് മരിച്ചുപോയ പഴയനിയമത്തിലെ സകല നീതിമാന്മാരുടെയും വിടുതൽ സംഭവിച്ചത് യേശുവിന്റെ മരണത്തിങ്കലാണ്. അവന്റെ ജീവൻ മീതെയുള്ള പാതാളത്തിൽ ഇറങ്ങിച്ചെന്ന് അവിടെ ബദ്ധന്മാരായിരുന്ന നീതിമാന്മാരെ

ഒക്കെയും വിടുവിച്ചു. അവരെയുംകൊണ്ട് അവൻ ഉയരത്തിലേക്ക് കരേറി അവർക്ക് ദാനങ്ങളെ കൊടുത്തു. അന്നുവരെ മരിച്ചുപോയ സകലമനുഷ്യരുടെയും വിടുതലായിരുന്നില്ല, ദൈവത്തെ ഭയപ്പെട്ട് ജീവിച്ചവരുടെ വിടുതൽ മാത്രമാണ് അന്നു സംഭവിച്ചത്. യേശു മരിച്ചവരോട് സുവിശേഷം അറിയിച്ചു എന്ന് പത്രൊസ് അപ്പൊസ്തലൻ രേഖപ്പെടുത്തിയിരിക്കുന്നത് മീതെയുള്ള പാതാളത്തിലുള്ളവരോട് സുവിശേഷം അറിയിച്ചതിനെയാണ്. അവരുടെ പാപങ്ങളുടെ പരിഹാരവും നടന്നത് കർത്താവായ യേശുക്രിസ്തുവിന്റെ മരണത്തിങ്കലായിരുന്നു. അതുകൊണ്ട് സുവിശേഷം മുഖാന്തരം ഉണ്ടായ വിടുതൽ ക്രിസ്തുവിനു മുമ്പ് മരിച്ചുപോയവർക്കും അതിനു ശേഷമുള്ളവർക്കും ഇനി ജനിക്കുവാനുള്ളവർക്കും ഉള്ളതാണ്. കർത്താവിന്റെ രണ്ടാമത്തെ വരവാകുന്ന മഹത്വപ്രത്യക്ഷതവരെയാണ് സുവിശേഷത്തിന്റെ കാലം. കർത്താവിന്റെ ഒന്നാം വരവിങ്കൽ പ്രസംഗിച്ചു തുടങ്ങിയ രക്ഷയുടെ സന്ദേശം അവന്റെ രണ്ടാമത്തെ വരവിങ്കലാണ് പ്രസംഗിച്ച് അവസാനിപ്പിക്കുന്നത്. അന്നുവരെ രക്ഷയുടെ സന്ദേശം മനുഷ്യരുടെ ഇടയിൽ ഘോഷിക്കപ്പെട്ടുകൊണ്ടിരിക്കും.

യേശുക്രിസ്തുവിന്റെ ക്രൂശ് മരണത്തിൽ മൂന്നു സുപ്രധാന സംഭവങ്ങളാണ് നിറവേറപ്പെട്ടത്.

- അവനിലെ വിശുദ്ധിയുടെ ആത്മാവ് കർത്താവിന്റെ മരണസമയത്തുതന്നെ ആകാശമണ്ഡലങ്ങളെ ഭേദിച്ച് സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ പിതാവാം ദൈവത്തിന്റെ കരങ്ങളിലേക്ക് എത്തിച്ചേർന്നു. അവന്റെ ആത്മാവിന്റെ ഉയരത്തിലേക്കുള്ള യാത്രയെ തടയുവാൻ സ്വർലോകത്തിലെ ഒരു ശക്തിക്കും സാധിച്ചില്ല. സ്വർലോകശക്തികൾ അന്ന് അവന്റെ മുമ്പിൽ പരാജയം സമ്മതിച്ച് കീഴടങ്ങി.
- അവന്റെ ജീവൻ ഭൂമിയുടെ അധോഭാഗത്തേക്കിറങ്ങിച്ചെന്ന് അധോലോകശക്തികളെ പരാജയപ്പെടുത്തി പാതാളത്തിന്റെയും മരണത്തിന്റെയും താക്കോൽ കൈവശമാക്കുകയും മീതെയുള്ള പാതാളത്തിൽ ബദ്ധന്മാരായിരുന്ന വിശുദ്ധന്മാരുടെ ആത്മാക്കളെ മോചിപ്പിച്ച് ഉയരത്തിലേക്ക് കരേറിയപ്പോൾ അധോലോക ശക്തികൾ അവന്റെ മുമ്പിൽ മുട്ടുമടക്കി.
- യേശുവിന്റെ നിർജ്ജീവമായ ശരീരം ഭൂമിക്കുള്ളിൽ മൂന്നുനാൽ

ഇരുന്നുവെങ്കിലും പരിശുദ്ധനെ ദ്രവത്വം കാണാൻ ദൈവം അനുവദിച്ചില്ല. അതുപോലെ ഇഹലോകശക്തികൾ അവൻ ഉയിർത്തെഴുന്നേല്ക്കാതിരിക്കാൻ കല്ലറ മുദ്രവച്ച് റോമൻ പട യാളികളുടെ കാവൽ ഏർപ്പെടുത്തിയെങ്കിലും മൂന്നാം ദിവസം അവൻ മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റു. അതോടെ ഇഹ ലോക ശക്തികളും അവന്റെ മുമ്പിൽ മുട്ടുമടക്കി.

സ്വർലോക, അധോലോക, ഭൂലോക ശക്തികളുടെ സമ്പൂർണ്ണ പരാജയമാണ് ക്രിസ്തുയേശുവിന്റെ മരണപുനരുത്ഥാനത്തിങ്കൽ സംഭവിച്ചത്. അവന്റെ **ആത്മാവും ജീവനും ശരീരവും** പുനരുത്ഥാനത്തിൽ ഒന്നായിച്ചേർന്ന് ഉയിർത്തെഴുന്നേല്ക്കുകയും നാല്പതാം ദിവസം ശിഷ്യന്മാർ കാൺകെ സ്വർഗ്ഗാരോഹണം ചെയ്ത് പിതാവിന്റെ വലത്തേക്ക് കരേറിപ്പോവുകയും ചെയ്തു.

ലോകരക്ഷകനായ യേശുക്രിസ്തു പിതാവാം ദൈവത്തിന്റെ പ്രവൃത്തിയെ തികച്ചത് മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മൃത്യുഭീതിയിൽ ആയിരുന്നവരെ ഒക്കെയും വിടുവിച്ചു എന്നതാണ്. ആരും നശിച്ചുപോകാതെ എല്ലാവരും നിത്യജീവൻ പ്രാപിപ്പാൻ തക്കവണ്ണം അവനെ ഏല്പിച്ചുകൊടുത്ത പിതാവിന്റെ വലത്തു ഭാഗത്തിരുന്നുകൊണ്ട് ശ്രേഷ്ഠ മഹാപുരോഹിതനായി നമുക്കു വേണ്ടി പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നു. അതെക്കുറിച്ചാണ് മഹാ 'പുരോഹിതൻ' എന്ന അടുത്ത അദ്ധ്യായത്തിൽ തുടർന്നു നാം ചിന്തിക്കുന്നത്.

അദ്ധ്യായം 3

# മഹാപുരോഹിതൻ

*അതുകൊണ്ടു വിശുദ്ധ സഹോദരന്മാരെ, സ്വർഗ്ഗീയവിളിക്ക് ഓഹരിക്കാരായുള്ളവരേ, നാം സ്വീകരിച്ചു പറയുന്ന അപ്പൊസ്തലനും, മഹാപുരോഹിതനുമായ യേശുവിനെ ശ്രദ്ധിച്ചു നോക്കുവിൻ (എബ്രാ. 3:1).*

യേശുവിനെ അപ്പൊസ്തലനും മഹാപുരോഹിതനുമായിട്ടാണ് ഈ വാക്യത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. ദൈവം തന്റെ പുത്രനെ പാപപരിഹാരാർത്ഥം അപ്പൊസ്തലനായി ഭൂമിയിലേക്ക് അയച്ചതിനെക്കുറിച്ചാണ് കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ചത്. തുടർന്ന് ഈ അദ്ധ്യായത്തിൽ നാം ചിന്തിക്കുന്നത് യേശുക്രിസ്തു മഹാപുരോഹിതൻ എന്ന വിഷയത്തെക്കുറിച്ചാണ്.

*ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിൽക്കൂടി കടന്നുപോയൊരു ശ്രേഷ്ഠമഹാപുരോഹിതനായി നമുക്ക് ഉള്ളതുകൊണ്ട് നാം നമ്മുടെ സ്വീകാരം മുറുകെപ്പിടിച്ചുകൊൾക, നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളത്. അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക (എബ്രാ. 4:14 - 16).*

ന്യായപ്രമാണപ്രകാരം മഹാപുരോഹിതൻ തന്റെയും ജനത്തിന്റെയും അബദ്ധങ്ങൾക്കുവേണ്ടി യാഗരക്തവുമായി അതിവിശുദ്ധസ്ഥലത്തേക്ക് ആണ്ടിലൊരിക്കലാണ് പ്രവേശിച്ചിരുന്നത്. ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴൽ അല്ലാതെ സാക്ഷാൽ സ്വരൂപം അല്ലായ്കകൊണ്ട് ആണ്ടുതോറും ഇടവിടാതെ കഴിച്ചുവരുന്ന അതേ യാഗങ്ങളാൽ അടുത്തു വരുന്നവർക്ക് സൽഗുണപൂർത്തിവരുത്തുവാൻ ഒരുനാളും കഴിയുന്നതല്ല. എന്നാൽ ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ട് കൈപ്പണി അല്ലാത്ത എന്നുവെച്ചാൽ

ഈ സൃഷ്ടിയിൽ ഉൾപ്പെടാത്ത കൂടാരത്തിൽകൂടി സ്വന്തരക്ത ത്താൽ വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ച് എന്നേയ്ക്കുമുള്ള വീണ്ടെടുപ്പാണ് സാധിച്ചത്.

യേശു അഹരോന്യ ക്രമപ്രകാരമുള്ള മഹാപുരോഹിതനല്ല. അത് മാറിപ്പോകുന്ന പൌരോഹിത്യമാണ്. അവൻ വന്നതു മല്ക്കീ സേദെക്കിന്റെ ക്രമപ്രകാരമാണ്. മല്ക്കീസേദെക്കിന്റെ ക്രമപ്രകാരം വന്ന ക്രിസ്തുയേശുവിലൂടെയുള്ള പൌരോഹിത്യം രാജകീയ പൌരോഹിത്യമാണ്. അത് നിഴലായിരിക്കുന്ന അഹരോന്യ പൌരോഹിത്യത്തിൽനിന്നു വിഭിന്നമാണ്. അവ രണ്ടും തമ്മി ലുള്ള അന്തരമാണ് താഴെ തരം തിരിച്ചു കൊടുത്തിരിക്കുന്നത്.

| **അഹരോന്യ ക്രമപ്രകാരമുള്ള പൌരോഹിത്യം** | **മല്ക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ള പൌരോഹിത്യം** |
|---|---|
| പാപങ്ങൾക്ക് ഒരുനാളും നീക്കം വരുന്നില്ല | പാപങ്ങൾക്ക് നീക്കം വരുത്തി |
| ബലഹീനമനുഷ്യൻ മഹാപുരോഹിതൻ | ക്രിസ്തയേശു വിശ്വസ്തനായ നിത്യമഹാപുരോഹിതൻ |
| ആണ്ടിലോരിക്കൽ മാത്രം അതിവിശുദ്ധസ്ഥലത്തേക്കുള്ള പ്രവേശനം | എന്നേയ്ക്കുമുള്ള മഹാപുരോഹിതനായി സ്വർഗ്ഗാധിസ്വർഗ്ഗത്തിലേക്ക് പ്രവേശിച്ചു. |
| ജനത്തിനുവേണ്ടി എന്നപോലെ തനിക്കു വേണ്ടിയും പാപയാഗം അർപ്പിക്കുന്നവൻ | പാപയാഗമായിത്തീർന്നവൻ, യാഗം ആവശ്യമില്ലാത്തവൻ |
| ദശാംശം വാങ്ങുന്നത് | യാഗപീഠത്തിന്റെ ഓഹരി ആവശ്യമില്ലാത്തത് |
| സമ്പൂർണ്ണത വരുത്തുവാൻ കഴിയാത്തത് | പൂർണ്ണമായി രക്ഷിപ്പാൻ പ്രാപ്തിയുള്ളത് |
| നീങ്ങിപ്പോകുന്ന പൌരോഹിത്യം | നീങ്ങിപ്പോകാത്ത നിത്യ പൌരോഹിത്യം |
| ജഡസംബന്ധമായ കല്പനയുടെ പ്രമാണം | അഴിഞ്ഞുപോകാത്ത ജീവന്റെ ശക്തിയുടെ പ്രമാണം. |
| ആണകൂടാതെ പുരോഹിതൻ ആയിത്തീരുന്നത് | നീ എന്നേയ്ക്കും മഹാപുരോഹിതൻ എന്ന് ആണയോടെ മഹാപുരോഹിതനായത് |

| | |
|---|---|
| മരണം നിമിത്തം അനേകർ മഹാപുരോഹിതന്മാർ ആയി ത്തീരുന്നത് | മരണത്തെ ജയിച്ചവനാക കൊണ്ട് എന്നേയ്ക്കുമുള്ളത് |
| സദാ പക്ഷവാദം ചെയ്യുവാൻ സാധിക്കാത്തത് | സദാ പക്ഷവാദം ചെയ്യുവാൻ സാധിക്കുന്നത് |
| പാപം നിമിത്തം ബലഹീനമാ യത് | പവിത്രൻ, നിർദ്ദോഷൻ, നിർമ്മ ലൻ, പാപികളോട് വേർപെട്ടവ ൻ, സ്വർഗ്ഗത്തെക്കാൾ ഉന്നതനാ യിത്തീർന്ന ബലഹീനമല്ലാത്തത് |
| അഹരോൻ മോശെ സ്ഥാപിച്ച സമാഗമന കൂടാരത്തിലെ ശുശ്രൂഷകൻ | കർത്താവ് സ്ഥാപിച്ച സത്യകൂ ടാരത്തിന്റെ ശുശ്രൂഷകൻ |
| വഴിപാടും യാഗവും അർപ്പി പ്പാൻ നിയമിക്കപ്പെട്ടത് | ഏകയാഗം കൊണ്ട് സമ്പൂർണ്ണ പാപപരിഹാരം വരുത്തിയത്. |
| സീനായ് മലയിൽ കാണിച്ച മാ തൃക പ്രകാരം നിലവിൽ വന്നത് | സ്വർഗ്ഗാധിസ്വർഗ്ഗത്തിലെ മാതൃക പ്രാകാരം നിലവിൽ വന്നത്. |
| കുറവുള്ളത് | കുറവില്ലാത്തത് |
| ലൗകീകമായ വിശുദ്ധമന്ദിരവും ഉപകരണങ്ങളും വേണ്ടിയത് | ലൗകീകമായ വിശുദ്ധ മന്ദിരമോ ഉപകരണങ്ങളോ ആവശ്യമില്ലാ ത്തത് |
| നിർജ്ജീവ മനസ്സാക്ഷിയുടെ ആരാധന | ജീവനുള്ള ആരാധന |
| സ്വർഗ്ഗത്തിലുള്ളവയുടെ പ്രതി ബിംബങ്ങൾ | സ്വർഗ്ഗീയമായവ |
| പാപങ്ങളുടെ ഓർമ്മ പുതുക്കു ന്ന ശുശ്രൂഷകളും യാഗങ്ങളും | പാപങ്ങളെയും അകൃത്യങ്ങ ളെയും എന്നേയ്ക്കുമായി ഇല്ലാ താക്കുന്നത് |
| തിരശ്ശീലയിലൂടെ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിക്കുന്നവർ | ജീവനുള്ള പുതുവഴിയായ തന്റെ ശരീരമെന്ന തിരശ്ശീലയി ലൂടെ സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ പ്രവേശിച്ചത് |
| ആരാധനക്കാരന് അതിവിശുദ്ധ സ്ഥലത്തേക്ക് ഒരിക്കലും പ്രവേ ശനമില്ലാത്തത് | പരമാർത്ഥ ഹൃദയത്തോടെ ആ രാധനക്കാരന് കൃപാസനത്തി ന്റെ അടുത്തു ചെല്ലുവാൻ സ്വാ തന്ത്ര്യമുള്ളത് |

ഈ രണ്ടു പൌരോഹിത്യങ്ങൾ തമ്മിലുള്ള അന്തരം ഗ്രഹിക്കുവാൻ പഴയനിയമത്തിലെ ലേവ്യാപുസ്തകവും പുതിയനിയമത്തിലെ എബ്രായർക്ക് എഴുതിയ ലേഖനവും തമ്മിലുള്ള താരതമ്യപഠനം ഏറെ സഹായകരമാണ്. പഴയനിയമ പൌരോഹിത്യം ലേവ്യ ഗോത്രത്തിൽ മാത്രമായിരുന്നു നിക്ഷിപ്തമായിരുന്നതെങ്കിൽ പുതിയനിയമസഭയുടെ പൌരോഹിത്യം സാർവത്രികമാണ്. ഗോത്രങ്ങൾ, വംശങ്ങൾ, ജാതികൾ, ഭാഷകൾ എന്നിവയിൽ നിന്നെല്ലാം കുഞ്ഞാടിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങിയവരാണ് പുതിയനിയമസഭയിലെ ഓരോ അംഗങ്ങളും (വെളി. 5:9). പുതിയനിയമസഭയുടെ സ്ഥാപകനും ശ്രേഷ്ഠ മഹാപുരോഹിതനും കർത്താവായ യേശുക്രിസ്തുവും അതിലെ ഓരോ അംഗങ്ങൾ രാജകീയപുരോഹിതന്മാരുമ ാകുന്നു.

ഞാൻ എന്റെ സഭയെ പണിയും പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്ന് ആരുളിച്ചെയ്ത ക്രിസ്തുയേശുവാണ് സഭയുടെ ശില്പിയും ഉടമസ്ഥനുമായിട്ടുള്ളവൻ. യെരുശലേമിൽ പരിശുദ്ധാത്മാവിനുവേണ്ടി കാത്തിരുന്ന നൂറ്റിയിരുപത് പേരടങ്ങിയ സംഘത്തിലേക്കാണ് പരിശുദ്ധാത്മാവ് ഇറങ്ങിവന്ന് സഭയ്ക്ക് ആരംഭമിട്ടത്. അന്നുമുതൽ വിശുദ്ധിയുടെ പ്രമാണത്തിന്മേൽ നിലക്കുന്ന പുതിയനിയമസഭയുടെ പ്രവർത്തനം ആരംഭിച്ചു. സുവിശേഷഘോഷണത്തിലൂടെ പാപികളുടെ മാനസാന്തരവും കുഞ്ഞാടിന്റെ രക്തത്താലുള്ള ശുദ്ധീകരണവുമാണ് നടന്നുകൊണ്ടിരിക്കുന്നത്. അപ്രകാരം ക്രിസ്തുയേശുവിന്റെ രക്തത്താൽ ശുദ്ധീകരണംപ്രാപിച്ച രണ്ടോ മൂന്നോ പേർ കൂടിവരുന്നിടത്തൊക്കെയും സർവ്വശക്തനായ ദൈവമാണ് എഴുന്നെള്ളിവരുന്നത്.

ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധനായിരിപ്പിൻ എന്നു പഴയനിയമത്തിൽ യഹോവയാം ദൈവം അരുളിച്ചെയ്തത് പൂർണ്ണമായി നിറവേറപ്പെടുന്നത് പുതിയനിയമത്തിലാണ്. വിശുദ്ധന്മാരുടെ മദ്ധ്യത്തിലാണ് തിരുസാന്നിദ്ധ്യം ഇറങ്ങിവരുന്നത്. പുതിയനിയമത്തിന്റെ സവിശേഷത പാപങ്ങൾക്ക് പൂർണ്ണമായ മോചനം പ്രാപിക്കാമെന്നുള്ളതാണ്. അപ്രകാരം ജീവനുള്ള മന്ദിരങ്ങളായിത്തീരുന്ന വിശുദ്ധന്മാരിലാണ് ദൈവം വസിക്കുന്നത്. അവർ ജീവനുള്ള ദൈവത്തിന്റെ ആലയത്തിലെ ജീവനുള്ള കല്ലുകളാകുന്നു. അതിന്റെ മൂലക്കല്ലായിരിക്കുന്ന ജീവനുള്ള കല്ലായ

ക്രിസ്തുവിനോട് ചേർന്ന് ജീവൻ പ്രാപിച്ചവർ ഒന്നായിച്ചേർന്ന് പണിയപ്പെടുന്നതാണ് പുതിയ യെരുശലേം എന്ന വിശുദ്ധനഗരത്തിലെ പിതാവാംദൈവത്തിന്റെ മന്ദിരം. സുവിശേഷം ഉയർത്തിക്കാട്ടുന്നത് മൂലക്കല്ലായിരിക്കുന്ന ക്രിസ്തുയേശുവിനെയാണ്. അവനോടു ചേർത്തു പണിയപ്പെടുവാനുള്ള ആഹ്വാനമാണ് മാനവരാശിയോട് സുവിശേഷീകരണത്തിലൂടെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഭൂമിയിൽ ചെയ്തുകൊണ്ടിരിക്കുന്നത്.

യേശുക്രിസ്തുവിന്റെ സഭ ഒന്നാം നൂറ്റാണ്ടിൽ പരിശുദ്ധാത്മാവിനാൽ ആരംഭിച്ചത് പില്ക്കാലത്ത് ചിലയിടങ്ങളിൽ മതമായി രൂപപ്പെട്ടു. അതു നിമിത്തമാണ് അനേകം ദുരാചാരങ്ങളും അനുഷ്ഠാനങ്ങളും അവരുടെ ഇടയിൽ കടന്നുവന്നത്. എന്നാൽ മതങ്ങളിൽനിന്ന് എത്രയോ വ്യത്യസ്ഥമാണ് പുതിയനിയമസഭ. മാനുഷിക അഭിപ്രായങ്ങളായ നിയമമല്ല യേശുക്രിസ്തുതന്നെയാണ് സാക്ഷാൽ അതിന്റെ നിയമമായിത്തീർന്നത്. അവൻ ചൊരിഞ്ഞ തിരുരക്തത്താൽ രചിക്കപ്പെട്ടതാണ് പുതിയനിയമം. അതുകൊണ്ടാണ് പുതിയനിയമം തികവുള്ളതായിരിക്കുന്നത്. പരിശുദ്ധാത്മാവിനാൽ സ്ഥാപിക്കപ്പെട്ട സഭ പിതാവാം ദൈവത്തെ സത്യത്തിലും ആത്മാവിലും ആണ് ആരാധിക്കുന്നത്. ദൈവപുത്രന്റെ രക്തത്താൽ വീണ്ടും ജനനം പ്രാപിച്ചവരെ സത്യാത്മാവിൽ ആരാധിപ്പിക്കുന്നതും വചനമാകുന്ന പോഷണം നല്കി ദൈവീകവളർച്ചയിലേക്ക് നയിക്കുന്നതും സഭയെ കർത്താവിന്റെ മദ്ധ്യാകാശവരവിനു വേണ്ടി ഒരുക്കുന്നതും **പരിശുദ്ധാത്മാവാംദൈവം** ആകുന്നു.

പുതിയനിയമ ശുശ്രൂഷ തേജസ്സിന്റെ ശുശ്രൂഷയാണ്. അത് മൂടുപടത്തിന്റെ ശുശ്രൂഷയല്ല. ക്രിസ്തുവിങ്കലേക്ക് തിരിയുമ്പോളാണ് മൂടുപടം നീങ്ങിപ്പോകുന്നത്. തിരുവെഴുത്തുകളെ ശരിയായ രീതിയിൽ ഗ്രഹിക്കാത്തവരാണ് സമ്മിശ്ര ആരാധനയിൽ കുടുങ്ങിക്കിടക്കുന്നത്. സത്യസഭയ്ക്ക് ഏഴുവിധ അടിസ്ഥാന ഉപദേശങ്ങളും അഞ്ചുവിധ ശുശ്രൂഷകളും വിലയേറിയ ദൈവീകകൃപാവരങ്ങളാകുന്ന വാഗ്ദത്തങ്ങളും ആണുള്ളത്. അതിനപ്പുറമായി യാതൊരുവിധ ഉപദേശങ്ങളോ ആരാധനാക്രമങ്ങളോ പുതിയ ദൈവസഭയ്ക്ക് ആവശ്യമില്ല. ദേശസംസ്കാരങ്ങൾ, കാലങ്ങൾ, എന്നിവയ്ക്ക് അതീതമാണ് ദൈവസഭ. അതുകൊണ്ട് കാലാനുസരണമായ മാറ്റങ്ങൾ ദൈവസഭയുടെ ആരാധനയിലോ ഉപദേശങ്ങളിലോ ആവശ്യമില്ല.

അടിസ്ഥാനമില്ലാതെ മണലിന്മേൽ പണിതിരിക്കുന്ന സഭകളിൽ പ്രാദേശിക സംസ്കാരത്തിന്റെ കടന്നുകയറ്റം ദൃശ്യമാണ്. ഉത്സവങ്ങൾ പോലുള്ള പെരുന്നാളുകളും, നിലവിളക്കും നിറപറയും വിഗ്രഹങ്ങളും സ്തംഭങ്ങളും സ്ഥാനമാന ചിഹ്നങ്ങളും വേഷഭൂഷാദികളും അലങ്കാരങ്ങളും പ്രദക്ഷിണങ്ങളും നേർച്ച കാഴ്ചകളും തീർത്ഥാടനങ്ങളും വെടിക്കെട്ടും ചെണ്ടമേളങ്ങളും എന്നുവേണ്ട ലോകത്തിന്റെ സകലവിധ ആചാരങ്ങളുമാണ് നാമധേയ ക്രിസ്തീയസഭകളിൽ കടന്നുകൂടിയിരിക്കുന്നത്. ഇത്തരം സഭകളെ നിഷ്പക്ഷമായി വീക്ഷിക്കുന്ന ഏതൊരാൾക്കും ഇവയൊക്കെയും കാണുവാൻ സാധിക്കുന്നത് അവർ ദൈവവചനത്തിൽനിന്ന് അന്യപ്പെട്ടു പോയതുകൊണ്ടാണ്.

ഈ കാലഘട്ടങ്ങളിൽ പ്രകടമായിക്കൊണ്ടിരിക്കുന്ന മറ്റൊരു സാത്താന്യതന്ത്രമാണ് കൃത്രിമസഭകളുടെ രൂപീകരണം. ഇവയിൽ നിർമ്മിത സാക്ഷ്യങ്ങളും ഭൗതീകനന്മയുടെ ദൂതുകളുമാണ് മുഖ്യ ആയുധം. **കഷ്ടതയും വിശുദ്ധിയുമൊന്നും** ഇത്തരക്കാർക്ക് പ്രിയമേയല്ല. അതിനാൽ വിടുതൽ പ്രാപിക്കാമെന്ന വ്യാമോഹത്തോടെ വലിയ ആൾക്കൂട്ടങ്ങൾ ഇവരുടെ സഭകളിൽ ചേക്കേറാറുണ്ട്. സത്യസഭ മഹാപുരുഷാരത്തിന്റെ സമ്മേളനനഗരിയല്ല. അത് വിളിച്ച് വേർതിരിക്കപ്പെട്ട വിശുദ്ധന്മാരുടെ കൂട്ടായ്മയാണ്. സഭയെ നയിക്കുന്നത് ആൾബലമല്ല, **ദൈവത്തിന്റെ ആത്മബലമാണ്**. ലോകത്തിന്റെ അന്ത്യനാളുകളിലേക്ക് സമീപിക്കുന്തോറും പലരെയും തെറ്റിച്ചു കളയുന്നതിനായി വ്യാജാത്മാവിലുള്ള അത്ഭുതങ്ങളും അടയാളങ്ങളും വർദ്ധിച്ചു പെരുകിക്കൊണ്ടിരിക്കുന്നു. അത് മുൻകൂട്ടി കണ്ടുകൊണ്ടാണ് കർത്താവും അപ്പൊസ്തലന്മാരും നിങ്ങളെ ആരും തെറ്റിച്ചുകളയരുത് എന്ന് ദൂത് അറിയിച്ചിട്ടുള്ളത്. തിരുവെഴുത്തുകളെയും ദൈവശക്തിയെയും തിരിച്ചറിയാത്തവർ തെറ്റിപ്പോകുകതന്നെ ചെയ്യും. സത്യവചനം വെളിപ്പെടാതിരിക്കുവാൻ സാത്താൻ മൂന്നുവിധ തന്ത്രങ്ങളാണ് മെനയുന്നത്. അവ തിരുവെഴുത്തുകളെ മറച്ചുവയ്ക്കുക, വചനത്തെ അനുസരിപ്പിക്കാതിരിക്കുക, എല്ലാം അറിയാമെന്നുള്ള ആത്മീകഅഹങ്കാരത്തിന് അടിമപ്പെടുത്തുക എന്നിവകളാകുന്നു.

പുതിയനിയമത്തിന്റെ ശ്രേഷ്ഠമഹാപുരോഹിതൻ ക്രിസ്തുയേശുവും രാജകീയപുരോഹിതവർഗ്ഗം അവനാൽ അത്ഭുത

പ്രകാശത്തിലേക്കു വന്ന് ദൈവീകചൈതന്യം പ്രാപിച്ച വിശുദ്ധന്മാരുമാണ്. **പുതിയനിയമത്തിലെ പൌരോഹിത്യ ശുശ്രൂഷ സുവിശേഷീകരണവും നന്മ ചെയ്യുന്നതും കൂട്ടായ്മ ആചരിക്കുന്നതും പ്രാർത്ഥിക്കുന്നതുമാണ്**. ഈ ശുശ്രൂഷയിൽ സ്ത്രീ-പുരുഷ വ്യത്യാസമില്ല, എല്ലാവരും രാജകീയപുരോഹിതവർഗ്ഗമാണ്. എന്നാൽ ദൈവസഭയുടെ സുഗമമായ പ്രവർത്തനത്തിനായി നിയോഗിക്കപ്പെട്ടവരാണ് അഞ്ചുവിധ ശുശ്രൂഷകൾ നിർവഹിക്കുന്നത്. അവരെ ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് അതിനായി വേർതിരിക്കുന്നത്.

സഭ അനുവർത്തിക്കേണ്ട സകലകാര്യങ്ങളുമാണ് മഹാപുരോഹിതനായ ക്രിസ്തുയേശു തന്റെ ആത്മാവിലൂടെ സഭയ്ക്ക് വെളിപ്പെടുത്തിയിരിക്കുന്നത്. ദൈവസഭ മാനുഷിക മഹാപുരോഹിതന്റെ കീഴിലല്ല; സ്വർഗ്ഗീയ ശ്രേഷ്ഠമഹാപുരോഹിതന്റെ കീഴിലാണ്. ഞാൻ എന്റെ സഭയെപണിയും പാതാളഗോപുരങ്ങൾ അതിനെ ജയിക്കില്ല എന്നു പറഞ്ഞിരിക്കുന്ന ക്രിസ്തുയേശുവാണ് അതിന്റെ ശില്പി. ക്രിസ്തു സഭയുടെ തലയും സഭ അവന്റെ ശരീരവും ആകുന്നു. സഭയുടെ സമ്പൂർണ്ണ അധികാരം തലയായ ക്രിസ്തുവിലാണ്. ശരീരമാകുന്ന ദൈവസഭയുടെ ജീവനും ഭക്തിക്കും ആവശ്യമായതൊക്കെയും അവന്റെ ദിവ്യ ശക്തിയാണ് പ്രദാനം ചെയ്യുന്നത്. ഭൂമിയിൽ നാം താല്കാലികമായി ജീവിക്കുന്നവരും നിത്യജീവനായി നിയമിക്കപ്പെട്ടവരുമാകുന്നു.

പഴയനിയമത്തിലെ സമാഗമനകൂടാരത്തിനും പൌരോഹിത്യ ശുശ്രൂഷയ്ക്കും അതിന്റേതായ വ്യക്തമായ മാതൃകയും നിയമങ്ങളും ഉണ്ടായിരുന്നു. ദൈവം അത് സീനായി പർവ്വതത്തിൽ വെച്ച് മോശെയ്ക്കായിരുന്നു കൊടുത്തത്. അതുപോലെ ശലോമോൻ പണിത ദൈവത്തിന്റെ ആലയത്തിന്റെ മാതൃകാവിവരണം ദാവിദിനായിരുന്നു ദൈവം നൽകിയത്. എന്നാൽ പുതിയനിയമത്തിൽ ദൈവം ആവസിക്കുന്നത് ഭൗതീകമന്ദിരത്തിൽ അല്ല മനുഷ്യരാകുന്ന കല്ലുകൾകൊണ്ട് പണിയപ്പെടുന്ന ആത്മീകഗൃഹത്തിലാണ്. നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ എന്നാണ് കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിൽ പരിശുദ്ധാത്മാവ് വ്യക്തമാക്കിയിരിക്കുന്നത്. പുതിയനി

യമ വിശ്വാസികൾ ജീവനുള്ള ദൈവത്തിന്റെ ആലയമാണ്. അപ്രകാരം ജീവനുള്ള കല്ലുകളാകുന്നവരാണ് പുതിയ സൃഷ്ടികളായിത്തീരുന്നത്. അവർ വിശുദ്ധിയിൽ മഹോന്നതനാം ദൈവത്തെ ആരാധിക്കുന്നവരും ആത്മമണവാളനാകുന്ന കർത്താവിന്റെ മദ്ധ്യാകാശവരവിനുവേണ്ടി കാത്തിരിക്കുന്നവരുമാണ്. മാനവരാശിയോടുള്ള ബന്ധത്തിലെ ദൈവീകനിത്യതയിൽ പിതാവാംദൈവം വസിക്കുന്ന പുതിയ യെരുശലേം എന്ന വിശുദ്ധനഗരത്തിലെ **മന്ദിരം കുഞ്ഞാടാണ്**. കുഞ്ഞാടാകുന്ന മന്ദിരത്തോടു ചേർത്തു പണിയപ്പെടുന്നവരാണ് കുഞ്ഞാടിന്റെ സഭയാകുന്ന ആത്മമണവാട്ടി. അവരാണ് ഭൂമിയിൽ പരിശുദ്ധാത്മാവിനാൽ ജയാളികളായി ജീവിതം നയിക്കുന്നവർ.

പുതിയനിയമ ദൈവസഭ ആത്മീകമായതുകൊണ്ട് ഭൗതിക കെട്ടിടം, വസ്തുക്കൾ, വസ്ത്രങ്ങൾ, എന്നിവകളുടെയൊന്നും അവശ്യമില്ല. ഏതു സ്ഥലത്തും എവിടെവെച്ചും ഏതു സമയത്തും പിതാവാംദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കാനുള്ള സ്വാതന്ത്ര്യമാണ് പുത്രൻ മുഖാന്തരം ദൈവമക്കൾക്ക് ലഭിച്ചിരിക്കുന്നത്. പ്രാർത്ഥനയ്ക്ക് ദിക്ക് നോക്കേണ്ട ആവശ്യമില്ല, ആകാശത്തിലോ കരയിലോ കടലിലോ എവിടെ വേണമെങ്കിലും സത്യദൈവത്തെ വിശുദ്ധിയിൽ ആരാധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. ഹൃദയവിശുദ്ധിയാണ് ദൈവത്തെ ആരാധിക്കുവാൻ ഒരുവനെ യോഗ്യനാക്കിത്തീർക്കുന്നത്. അതു പ്രാപിക്കുന്നതാകട്ടെ കുഞ്ഞാടിന്റെ തിരുരക്തത്താലുമാണ്. ആടുകളുടെ വലിയ ഇടയനാകുന്ന ക്രിസ്തുയേശുവിനെ വെളിപ്പെടുത്തിക്കൊണ്ടാണ് എബ്രായർക്ക് എഴുതിയ ലേഖനം പൂർത്തീകരിച്ചിരിക്കുന്നത്.

*നിത്യനിയമത്തിന്റെ രക്തത്താൽ ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരുടെ ഇടയിൽനിന്നു മടക്കി വരുത്തിയ സമാധാനത്തിന്റെ ദൈവം നിങ്ങളെ അവന്റെ ഇഷ്ടം ചെയ്‌വാൻ തക്കവണ്ണം എല്ലാ നന്മയിലും യഥാസ്ഥാനപ്പെടുത്തി തനിക്ക് പ്രസാദമുള്ളത് യേശുക്രിസ്തു മുഖാന്തരം നമ്മിൽ നിവർത്തിക്കുമാറാകട്ടെ; അവന് എന്നേയ്ക്കും മഹത്വം. ആമേൻ (എബ്രാ. 13:20 - 21).*

ആടുകളുടെ വലിയ ഇടയനായ കർത്താവ് സ്വന്തജീവനെ അർപ്പിച്ചത് മാനവപാപത്തിന്റെ പരിഹാരത്തിനുവേണ്ടിയായി

രുന്നു. സ്വർഗ്ഗീയപിതാവിന്റെ ഇഷ്ടമായിരിക്കുന്ന ശുദ്ധീകരണ മാണ് ക്രിയ്തുയേശുവിന്റെ രക്തത്താൽ മനുഷ്യർക്ക് വിശ്വാസ ത്താൽ പ്രാപിച്ചെടുക്കുവാൻ സാധിക്കുന്നത്. വിശ്വാസത്താൽ ശുദ്ധീകരണംപ്രാപിച്ച് ദൈവവചനത്തിന് അനുസരണമായി ജീവിക്കുന്നവരാണ് **ദൈവമക്കൾ**. അവരെ ദൈവത്തിന്റെ പരി ശുദ്ധാത്മാവ് അനുദിനം യഥാസ്ഥാനപ്പെടുത്തി ദൈവഹിതം അവരിൽ സമ്പൂർണ്ണമായി നിറവേറപ്പെടുവാൻ യേശുക്രിസ്തു മുഖാന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ദൈവസഭയുടെ മഹാപുരോഹിതനായ യേശുക്രിസ്തു ജീവ നുള്ള കല്ലുകളാകുന്ന അവന്റെ മക്കളുടെ കുറവുകളെ പരിഹ രിച്ച് ദൈവമന്ദിരത്തിന്റെ തികവുള്ള കല്ലുകളാക്കുന്നതിനുവേ ണ്ടിയാണ് പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നുകൊണ്ട് പക്ഷ വാദം ചെയ്യുന്നത്. ആകാശത്തിലൂടെ കടന്നുപോയ ശ്രേഷ്ഠ മഹാപുരോഹിതൻ **ആത്മമണവാളനായി** മദ്ധ്യാകാശത്തിലേക്ക് ഇറങ്ങിവരുന്നത് പരിശുദ്ധാത്മാവിനാൽ ഭൂമിയിൽനിന്നും എടു ക്കപ്പെടുന്ന **ആത്മമണവാട്ടിയെ** സ്വീകരിക്കുന്നതിനുവേണ്ടിയാ ണ്. ആത്മമണവാളനാകുന്ന കുഞ്ഞാടും പരിശുദ്ധാത്മാവും ആത്മമണവാട്ടിയാകുന്ന സഭയും മദ്ധ്യാകാശത്തുവെച്ച് സമ്മേളി ക്കുകയും സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ പിതാവാംദൈവത്തിന്റെ സന്നി ധിയിലേക്ക് പെട്ടന്ന് എടുക്കപ്പെടുകയുമാണ് ചെയ്യുന്നത്. അതെ ക്കുറിച്ചാണ് ‘ആത്മമണവാളൻ’ എന്ന അടുത്ത അദ്ധ്യായത്തിൽ നാം ചിന്തിക്കുന്നത്.

അദ്ധ്യായം 4

# ആത്മമണവാളൻ

*ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും (യോഹ. 14:3).*

യേശുക്രിസ്തു മഹാപുരോഹിതനായി പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നുകൊണ്ട് നമുക്കുവേണ്ടി പക്ഷവാദം കഴിക്കുന്നതിനെക്കുറിച്ചാണ് കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ചത്. യേശുക്രിസ്തുവിന്റെ ഒന്നാമത്തെ വരവിന്റെ ലക്ഷ്യം തന്റെ രക്തത്താലുള്ള മാനവരാശിയുടെ പാപമോചനമായിരുന്നു. ക്രിസ്തുയേശുവിന്റെ രക്തം സകല പാപവും പോക്കി ശുദ്ധീകരിക്കുന്നു എന്ന വചനത്തിൽ വിശ്വസിച്ച് വിശുദ്ധരായിത്തീരുന്നവരുടെ കൂട്ടായ്മയാണ് പുതിയനിയമസഭ. അതിനെ വളർത്തി പരിപാലിച്ച് ഒരുക്കിയെടുക്കുക എന്നതാണ് പരിശുദ്ധാത്മാവിന്റെ ഇഹലോകത്തിലെ സ്വർഗ്ഗീയദൗത്യം. കഴിഞ്ഞ രണ്ടായിരത്തിൽപ്പരം വർഷങ്ങൾക്കു മുമ്പ് പരിശുദ്ധാത്മാവിനാൽ ആരംഭിച്ച് സഭ അതിന്റെ പൂർത്തീകരണത്തിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. പാതാളഗോപുരങ്ങൾ ജയിക്കാത്ത സഭയുടെ മൂലക്കല്ലായിരിക്കുന്നത് ക്രിസ്തയേശുവാണ്. സഭയുടെ ആരംഭം മുതൽ പരാജയപ്പെടുത്തുവാൻ കുതന്ത്രങ്ങൾ മെനഞ്ഞുകൊണ്ടിരിക്കുന്ന സാത്താന് ഇന്നുവരെയും അതിന് സാധിക്കാതിരിക്കുന്നത് ക്രിസ്തുയേശുവിന്റെ **പുനരുത്ഥാനശക്തിയാൽ** സഭ സ്ഥാപിക്കപ്പെട്ട് നയിക്കപ്പെടുന്നതുകൊണ്ടാണ്.

ആദിമനൂറ്റാണ്ടു മുതൽ അനേകർ ക്രിസ്തയേശുവിലുള്ള സ്നേഹത്താൽ സഭയ്ക്കുവേണ്ടി രക്തസാക്ഷികളായിത്തീർന്നിട്ടുണ്ട്. ദൈവസഭയുടെ സത്യാത്മാവിലുള്ള ആരാധന നൂറ്റാണ്ടുകളിലൂടെ പരിശുദ്ധാത്മാവ് ഇന്നും ഭൂമിയിൽ നിലനിർത്തിയിരിക്കുന്നതിൽനിന്നും സഭയെ പരാജയപ്പെടുത്തുവാൻ സാത്താന്യ

ശക്തികൾക്ക് കഴിയുകയില്ലായെന്നുള്ളതാണ് വ്യക്തമാക്കപ്പെടുന്നത്. ദൈവസഭയുടെ ശില്പി ദൈവംതന്നെ ആയതുകൊണ്ട് മാനുഷികമായിട്ടുള്ള സാങ്കല്പിക ചിന്താഗതികൾക്ക് ദൈവസഭയിൽ സ്ഥാനമില്ല. അതുകൊണ്ട് മേലാൽ സംഭവിപ്പാനുള്ള എല്ലാ കാര്യങ്ങളും തിരുവചന വെളിച്ചത്തിലാണ് വ്യക്തമാക്കപ്പെടേണ്ടത്. ലോകരക്ഷിതാവായ യേശുക്രിസ്തുവിന്റെ **ഒന്നാമത്തെ വരവ്** ശാസ്ത്രീയ അടിസ്ഥാനത്തിൽ അല്ല തിരുവചനപ്രവചനങ്ങളെ ആധാരമാക്കിയാണ് തെളിയിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് യേശുവിന്റെ **മദ്ധ്യാകാശപ്രത്യക്ഷതയും** ദൈവവചനത്തെളിവുകളുടെ അടിസ്ഥാനത്തിലാണ് തെളിയിക്കപ്പെടേണ്ടത്. കർത്താവിന്റെ രഹസ്യവരവാകുന്ന മദ്ധ്യാകാശപ്രത്യക്ഷത, പരസ്യവരവാകുന്ന മഹത്വപ്രത്യക്ഷത എന്നിവയുടെ പഠനങ്ങൾക്ക് ആധാരമായി തിരുവചനത്തിലെ പ്രവചനങ്ങളെ മാത്രമാണ് നാം ആശ്രയിക്കേണ്ടത്. പഴയനിയമത്തിൽ പ്രവചനമായിരുന്ന കർത്താവിന്റെ ഒന്നാമത്തെ വരവ് പുതിയനിയമത്തിൽ ചരിത്രസംഭവമായി നിവർത്തീകരിക്കപ്പെട്ടതുകൊണ്ട് മേലാൽ സംഭവിപ്പാനുള്ള കാര്യങ്ങളും തക്കസമയത്ത് തിരുവചനപ്രകാരം നിവൃത്തിയാകും എന്നതിൽ തെല്ലും സംശയമില്ല.

കർത്താവിന്റെ മദ്ധ്യാകാശപ്രത്യക്ഷതയും മഹത്വപ്രത്യക്ഷതയും വിഭിന്നങ്ങളായ രണ്ടു സംഭവങ്ങളാണ്. അതു തിരിച്ചറിയാതെ ചിലർ അവ രണ്ടിനെയും കൂട്ടിക്കലർത്തി പഠിപ്പിക്കാറുണ്ട്. അവ രണ്ടു വ്യത്യസ്ഥ സംഭവങ്ങളായതുകൊണ്ട് രഹസ്യ-പരസ്യ വരവുകളെ തരംതിരിച്ചാണ് ചിന്തിക്കേണ്ടത്. ആത്മമണവാളൻ എന്ന ഈ അദ്ധ്യായത്തിൽ കർത്താവിന്റെ രഹസ്യവരവാകുന്ന മദ്ധ്യാകാശപ്രത്യക്ഷതയിൽ സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ചാണ് തുടർന്നു നാം ചിന്തിക്കുന്നത്.

കർത്താവ് മദ്ധ്യാകാശമാകുന്ന സ്വർഗ്ഗത്തിൽ ഇറങ്ങിവന്ന് തന്റെ ശരീരമാകുന്ന സഭയെ തന്നോടുകൂടെ ചേർക്കുമെന്നതിനാണ് തിരുവചനം വ്യക്തത നല്കുന്നത്. കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം കർത്താവിന്റെ പ്രത്യക്ഷതയ്ക്കുവേണ്ടി അന്ന് കാത്തിരുന്ന വിശുദ്ധന്മാർക്കു വേണ്ടി എഴുതിയതാണ്. രണ്ടായിരത്തിൽപ്പരം വർഷങ്ങൾ കഴിഞ്ഞിട്ടും അതിന്റെ പ്രസക്തി നഷ്ടപ്പെടാതെ തനിമ നിലനിർത്തുന്നതിന്റെ കാരണം ഇതുവരെ കർത്താവ് വന്ന് സഭയെ ചേർത്തിട്ടില്ലാത്തതുകൊണ്ടാണ്. കൊരി

ന്ത്യർക്ക് എഴുതിയ രണ്ടാം ലേഖനം കുഞ്ഞാടിന്റെ ആത്മമണവാട്ടി **നിർമ്മലകന്യകയാകുന്നു** എന്നതിന്റെ വ്യക്തതയാണ് നമുക്കു നല്കുന്നത്.

*ഞാൻ നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏകപുരുഷനു നിങ്ങളെ നിർമലകന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. എന്നാൽ സർപ്പം ഹവ്വായെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു (2 കൊരി. 11:2 - 3).*

ക്രിസ്തുവാകുന്ന ഏകപുരുഷൻ ആത്മമണവാളനും വിവാഹനിശ്ചയം ചെയ്തിരിക്കുന്ന നിർമ്മലകന്യക ആത്മമണവാട്ടിയുമാകുന്നു എന്ന സുപ്രധാനമായ മർമ്മമാണ് ഇതിൽ സ്പഷ്ടമാക്കപ്പെട്ടിരിക്കുന്നത്.

സർപ്പം ഉപായത്താൽ ഹവ്വായെ ചതിച്ചതുപോലെ നിർമ്മലകന്യകയിൽ ഉൾപ്പെടുന്നവരെ ചതിക്കുവാൻവേണ്ടിയാണ് സഭയുടെ ആരംഭം മുതൽ സാത്താൻ കരുക്കൾ നീക്കിക്കൊണ്ടിരിക്കുന്നത്. അതിൽ സാത്താൻ പ്രയോഗിക്കുന്ന കുതന്ത്രം, കർത്താവിന്റെ അപ്പൊസ്തലന്മാർ പ്രസംഗിക്കാത്ത മറ്റൊരു യേശുവിനെയും ആത്മാവിനെയും സുവിശേഷത്തെയും കുറിച്ച് പ്രസംഗിക്കുക എന്നുള്ളതാണ്. അത് യാതൊരു കാരണവശാലും ദൈവസഭകൾ പൊറുക്കരുത് എന്നാണ് അപ്പൊസ്തലൻ പ്രബോധിപ്പിച്ചിരിക്കുന്നത്. ഒന്നാം നൂറ്റാണ്ടുമുതൽ ഇത്തരം പ്രവണതകൾ തലപൊക്കിയിരുന്നു. അവരാണ് മറ്റൊരു യേശുവിനെയും ആത്മാവിനെയും കുറിച്ച് പ്രസംഗിച്ചിരുന്നവർ. അവരുടെ പിൻതലമുറക്കാരാണ് ഇന്നു ശക്തിപ്രാപിച്ച് ആത്മീകഗോളം കയ്യടക്കാൻ ശ്രമിക്കുന്നത്. അതിന്റെ പ്രകടമായ തെളിവുകളാണ് ഇന്നു ചാനലുകളിലും മറ്റും കണ്ടുകൊണ്ടിരിക്കുന്ന വ്യാജാത്മാവിലുള്ള ആരാധനകളും കൃത്രിമ അത്ഭുതങ്ങളും അടയാളങ്ങളും ഒക്കെ. വചനവിരുദ്ധമായ എത്രവലിയ അത്ഭുതങ്ങൾ ആരു നടത്തിയാലും ദൈവജനം അത് ഗൗനിക്കരുത്. വചനത്തെ ഉറപ്പിക്കുന്നതിനാണ് അടയാളങ്ങളും അത്ഭുതങ്ങളും ദൈവത്തിന്റെ പരിശുദ്ധാത്മാവ് സഭയിലൂടെ ചെയ്തുകൊണ്ടിരിക്കുന്നത്. വിശ്വാസസ്നാനവും വേർപാടും ദൈവീകഉപദേശവും ഇല്ലാത്തവർ വൻ തട്ടിപ്പുകൾ ക്രിസ്തുയേശുവിന്റെ നാമത്തിൽ ചെയ്യുമ്പോൾ

അതിനെ എതിർക്കാതിരിക്കരുത് എന്നാണ് അപ്പൊസ്തലനായ പൌലൊസ് സഭകളെ ഓർപ്പിച്ച് ഉണർത്തിയിരിക്കുന്നത്.

ദൈവവചനത്താൽ ആത്മരക്ഷപ്രാപിച്ചവരും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ വിശ്വാസസ്നാനമേറ്റ് വിശുദ്ധജീവിതം നയിക്കുന്നവരിലുമാണ് പരിശുദ്ധാത്മാവിന്റെ ശക്തി ദൈവം പകരുന്നത്. അതിനുപകരം കേവലം അനുകരണങ്ങളായ രക്ഷയും സ്നാനവും അഭിഷേകവുമൊക്കെ സത്യാത്മാവിനാലുള്ളതല്ല, വ്യാജാത്മാവിനാൽ ഉള്ളതാണ്. അവരുടെ പ്രവൃത്തികളിൽനിന്നുമാണ് നമുക്കത് തിരിച്ചറിയുവാൻ സാധിക്കുന്നത്. അത്തരക്കാരുടെ വ്യാജോപദേശങ്ങളിൽ ദൈവജനം വഞ്ചിതരാകരുത്. ഇന്ന് അതിന്റെ കടന്നാക്രമണം ആത്മീകഗോളത്തിൽ വളരെ ശക്തമായിരിക്കുന്നതുകൊണ്ട് സത്യവചനത്താലും പ്രാർത്ഥനയാലും ഉപവാസത്താലും നാം അതിനെ പരാജയപ്പെടുത്തണം. ഏത് ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്ന് ശോധന ചെയ്യുന്നവരാകേണം എന്നാണ് അപ്പൊസ്തലനായ യോഹന്നാൻ എഴുതിയ ഒന്നാം ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നത് (1 യോഹ. 4:1).

ദൈവവചനത്താൽ ജനിക്കപ്പെട്ടവരാണ് ദൈവസഭയിലെ അംഗങ്ങൾ. ജീവപുസ്തകത്തിൽ പേരെഴുതപ്പെട്ടവർ ദൈവഭവനത്തിൽ ജനിക്കുന്നു എങ്കിലും, ശിശുവായിരിക്കുന്നിടത്തോളം ദാസനെക്കാൾ ഒട്ടും വിശേഷതയുള്ളവനല്ല. ശിശുത്വം അല്ല **പുത്രത്വമാണ്** പ്രാപിക്കേണ്ടത്. എബ്രായർക്ക് എഴുതിയ ലേഖനം അഞ്ചാം അദ്ധ്യായം 13,14 വാക്യങ്ങളിൽ ശിശുക്കളും മുതിർന്നവരും തമ്മിലുള്ള വ്യത്യാസമാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. പാൽ കുടിക്കുന്നവനെല്ലാം നീതിയുടെ വചനത്തിൽ പരിചയമില്ലാത്ത ശിശുക്കളാണ്. കട്ടിയുള്ള ആഹാരം നന്മതിന്മകളെ തിരിച്ചറിയാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയജയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളൂ. എബ്രായർക്ക് എഴുതിയ ലേഖനത്തിൽ ആദ്യവചനം വിട്ട് പരിജ്ഞാനപൂർത്തി പ്രാപിക്കാൻ ശ്രമിക്കണമെന്ന് രേഖപ്പെടുത്തിയിരിക്കുമ്പോൾ തിമൊഥെയൊസിന് എഴുതിയ ലേഖനത്തിൽ സകലമനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തിച്ചേരുവാനും ദൈവം ഇച്ഛിക്കുന്നു എന്നാണ് പ്രസ്താവി

ച്ചിരിക്കുന്നത്. ആദ്യവചനം ആത്മരക്ഷയെക്കുറിച്ചുള്ളതാണെങ്കിൽ പരിജ്ഞാനപൂർത്തിയുടെ വചനം ദൈവസഭയുടെ തികവിനെക്കുറിച്ചുള്ളതാണ് (1 തിമൊ. 2:4).

മേൽ പ്രസ്താവിച്ചിരിക്കുന്ന വാക്യങ്ങളിൽനിന്നും ദൈവസഭയിൽ തികവു പ്രാപിക്കുന്നവരും പ്രാപിക്കാത്തവരും ഉണ്ടെന്നുള്ളതാണ് വ്യക്തമാക്കപ്പെടുന്നത്. ദൈവത്തിന്റെ ഹിതം എല്ലാവരും **രക്ഷ**പ്രാപിക്കേണം എന്നതുപോലെ **പരിജ്ഞാനപൂർത്തിയും** പ്രാപിക്കേണം എന്നുള്ളതാണ്. ദൈവത്തിന് ആരോടും മുഖപക്ഷമില്ല. രക്ഷയും ആത്മീകവളർച്ചയും ഒരു പ്രത്യേക വിഭാഗക്കാർക്കുവേണ്ടി മാറ്റി വച്ചിട്ടില്ല. ആഗ്രഹിക്കുന്ന ഏതൊരുവനും ദൈവം അനുവദിച്ചാൽ അത് പ്രാപിച്ചെടുക്കാവുന്നതാണ്.

പഴയനിയമപിതാക്കന്മാരും അന്നത്തെ സഭയിൽ വിവിധ ആത്മീകനിലവാരങ്ങളിലായിരുന്നു എന്നതിന്റെ തെളിവാണ് കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ അപ്പൊസ്തലൻ പ്രസ്താവിച്ചിരിക്കുന്നത്.

*സഹോദരന്മാരേ, നമ്മുടെ പിതാക്കന്മാർ എല്ലാവരും മേഘത്തിൻകീഴിൽ ആയിരുന്നു; എല്ലാവരും സമുദ്രത്തിലൂടെ കടന്ന് എല്ലാവരും മേഘത്തിലും സമുദ്രത്തിലും സ്നാനം ഏറ്റു മോശെയോടു ചേർന്നു. എല്ലാവരും ഒരേ ആത്മികാഹാരം തിന്ന് എല്ലാവരും ഒരേ ആത്മികപാനീയം കുടിച്ചു- അവരെ അനുഗമിച്ച ആത്മിക പാറയിൽനിന്നല്ലോ അവർ കുടിച്ചത്; ആ പാറ ക്രിസ്തുവായിരുന്നു... (1 കൊരി. 10:1- 5).*

ഒരേ ആത്മികാഹാരവും ആത്മികപാനീയവും കുടിച്ചവരായിരുന്നെങ്കിലും യിസ്രായേലിലെ ലേവി ഗോത്രത്തിനു മാത്രമായിരുന്നു **പൌരോഹിത്യശുശ്രൂഷ**. അതിവിശുദ്ധ സ്ഥലത്തേക്ക് പ്രവേശിക്കുവാൻ **മഹാപുരോഹിതനു** മാത്രമാണ് ആണ്ടിലൊരിക്കൽ അനുവാദമുണ്ടായിരുന്നത്. അന്ന് ഓരോരുത്തരും വ്യത്യസ്ഥ നിലവാരങ്ങളിലായിരുന്നതുപോലെ പുതിയനിയമസഭയിലും ഓരോരുത്തനും **താന്താന്റെ** നിരയിലാണുള്ളത്. അന്ന് പ്രാകാരം, വിശുദ്ധസ്ഥലം, അതിവിശുദ്ധസ്ഥലം എന്നീ വേർതിരിവുകൾ പ്രകടമായിരുന്നുവെങ്കിൽ, പുതിയനിയമസഭയിൽ അപ്രകാരമുള്ള പ്രത്യക്ഷമായ വേർതിരിവുകളില്ലായെങ്കിലും ഓരോരുത്തരും പ്രാപിക്കുന്ന ആത്മികവളർച്ചയുടെ നിലവാര

ത്തിനനുസരിച്ച് **മുപ്പതുമേനി, അറുപതുമേനി, നൂറുമേനി** എന്ന വിഭജനമുണ്ട്. കർത്താവിന്റെ മദ്ധ്യാകാശവരവിങ്കൽ എടുക്കപ്പെടുവാനുള്ള യോഗ്യത **നൂറുമേനി** വിളയുന്ന ആത്മീകനിലവാരമുള്ളവർക്കു മാത്രമാണ്. ആ നിലവാരത്തിലേക്ക് എത്തിച്ചേരുവാൻ കഴിയാത്തവർ കർത്താവിന്റെ മദ്ധ്യാകാശവരവിങ്കൽ എടുക്കപ്പെടുകയില്ല എന്നാതാണ് യാഥാർത്ഥ്യം. ആത്മീകവിഷയങ്ങളെക്കുറിച്ചുള്ള അജ്ഞതയാണ് ആത്മീക അനുഗ്രഹം പ്രാപിക്കുന്നതിനുള്ള സുപ്രധാന തടസ്സം. അതെക്കുറിച്ചാണ് പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു എന്ന് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ഒരുവൻ ക്രിസ്തുവിൽ എങ്ങനെ തികഞ്ഞവനാകണം എന്നതിനെക്കുറിച്ചാണ് തിമൊഥെയൊസിന് എഴുതിയ ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

*ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷയ്ക്ക് ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറിയുകയും ചെയ്യുന്നതുകൊണ്ട് നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനില്ക്ക. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്... (2 തിമൊ. 3:14 - 17).*

തികവു പ്രാപിക്കണമെങ്കിൽ ദൈവവചനത്തിന്റെ ആഴം ആത്മാവിൽ ഗ്രഹിക്കുകയും അതിനനുസൃതമായി ജീവിക്കുകയും ചെയ്യണം. അറിഞ്ഞിരിക്കുന്ന സത്യത്തിന് ഒരുവൻ വിശ്വസ്തനാകുമ്പോഴാണ് അധികമായത് ദൈവം വെളിപ്പെടുത്തിക്കൊടുക്കുന്നത്. ദാനിയേൽ വിശ്വസ്തൻ ആയിരുന്നതുകൊണ്ടാണ് യിസ്രായേലിനോടുള്ള ബന്ധത്തിലെ അന്ത്യകാലസംഭവങ്ങളെക്കുറിച്ചുള്ള ദർശനം ദൈവം അവന് വെളിപ്പെടുത്തിക്കൊടുത്തത്. അതാണ് വിശുദ്ധബൈബിളിലെ അറുപത്താറ് പുസ്തകങ്ങളിലെ ഇരുപത്തിയേഴാമത്തെ പുസ്തകമായിരിക്കുന്ന ദാനിയേൽ പ്രവചനം.

രക്ഷാനിർണ്ണയം പ്രാപിച്ച് വിശ്വാസസ്നാനം സ്വീകരിച്ച് വർഷങ്ങളായിട്ടും ശൈശവാവസ്ഥയിലായിരിക്കുന്നവർ കർത്താവിന്റെ മദ്ധ്യാകാശവരവിങ്കൽ എടുക്കപ്പെടുകയില്ലായെന്നതാണ് ഇതുവരെ പ്രസ്താവിച്ചതിന്റെ സാരം. കർത്താവിന്റെ കാന്ത ശിശുവോ പാരമ്പര്യത്തിന്റെ ചുളുക്കം വന്നവരോ അല്ല; ആത്മമ

ണവാളനുമായി വിവാഹനിശ്ചയം ചെയ്തിരിക്കുന്ന തികവു പ്രാപിക്കുന്ന നിർമ്മലകന്യകയാണ്. അവളെ ചേർക്കുവാനാണ് ആത്മ മണവാളനാകുന്ന ക്രിസ്തു മദ്ധ്യാകാശത്തിൽ ഇറങ്ങിവരുന്നത്.

പറുദീസ്സയിലെ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ട പൌലൊസ് ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിൽ ദൈവമക്കളെ പ്രബോധിച്ച് ഉണർത്തിയിരിക്കുന്നത് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ ലാക്കിലേക്ക് ഓടണം എന്നാകുന്നു (ഫില. 3:14). അപ്രകാരം ഓടണമെങ്കിൽ പിമ്പിലുള്ളത് മറന്നു മുമ്പിലുള്ളതിനു ആഞ്ഞുംകൊണ്ട് ഓടുന്നവർക്കു മാത്രമേ സാധ്യമാകൂ എന്നാണ് സ്വന്ത അനുഭവത്തിൽനിന്ന് അവൻ പ്രസ്താവിച്ചിരിക്കുന്നത്. അവൻ ലാഭമായിരുന്നതൊക്കെയും ചേതമെന്നു എണ്ണിയതിന്റെ കാരണം ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തമായിരുന്നു. അതിനർത്ഥം അവൻ എപ്പോഴും കർത്താവിന്റെ വരവിനെക്കുറിച്ച് പ്രത്യാശയുള്ളവനായിരുന്നു എന്നാണ്. അവന് ലഭിച്ച തികവിന്റെ പ്രത്യാശയിലേക്ക് ഒരുവന് എങ്ങനെ എത്തിച്ചേരാം എന്നതിനെക്കുറിച്ച് ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നതിൽ അഞ്ചു കാര്യങ്ങളാണ് ഉള്ളത് (ഫില. 3:7-15).

- സ്വയം നീതി ഉപേക്ഷിച്ച് വിശ്വാസം മൂലം രക്ഷിക്കപ്പെടണം
- ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തോട് അനുരൂപപ്പെടുന്ന വിശ്വാസസ്നാനം ഏല്ക്കണം
- പരിശുദ്ധാത്മാവിനെ പ്രാപിക്കണം
- ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ പങ്കുള്ളവരാകണം
- മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം ലക്ഷ്യമാക്കി പ്രത്യാശയോടെ ജീവിക്കണം.

അപ്രകാരം ജീവിക്കുന്നവരാണ് ക്രിസ്തു നിമിത്തം എല്ലാം ചേതമെന്ന് എണ്ണി തികവു പ്രാപിക്കുന്നവരുടെ എണ്ണത്തിലുൾപ്പെടുന്നത്.

തിരുവചനത്തിലെ പതിനാലു ലേഖനങ്ങൾ എഴുതിയ അപ്പൊസ്തലനായ പൌലൊസ് ലഭിച്ചു കഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ നിരൂപിക്കാതെ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടവനായതുകൊണ്ട് തനിക്കു മുമ്പിൽ വച്ചിരുന്ന ലക്ഷ്യ

ത്തിന്റെ നിവർത്തികരണത്തിനായി ഓട്ടക്കളത്തിൽ ഓടുകയായിരുന്നു ചെയ്തത്. എന്നാൽ ഭൗതികസമൃദ്ധിയുടെ വേറൊരു സുവിശേഷം ഘോഷിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ ദൈവവചനത്തിന്റെ ശക്തിയാണ് വിസ്മരിക്കപ്പെടുന്നത്. ക്രിസ്തുവിനോടു കൂടെ കഷ്ടം അനുഭവിക്കുന്നവർക്ക് മാത്രമെ അവനോടു കൂടെ വാഴുവാൻ സാധിക്കുകയുള്ളൂ.

*നാം മക്കളെങ്കിലോ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന് കൂട്ട് അവകാശികളുംതന്നെ; നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന് അവനോടുകൂടെ കഷ്ടമനുഭവിച്ചാലത്രെ (റോമ. 8:17).*

ഭൗതിക അനുഗ്രഹത്തിന്റെ പിൻപെ അനേകർ ഓടുമ്പോൾ നാം ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വം പ്രാപിപ്പാനുള്ള ആഗ്രഹത്തിന്റെ ഞരക്കം ഉള്ളവരായിരിക്കണം.

*ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിന് കാത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു (റോമ. 8:23).*

ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്നവരുടെ പ്രത്യാശ ശരീരത്തിന്റെ വീണ്ടെടുപ്പാണ്.

*നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെനിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്ന് നാം കാത്തിരിക്കുന്നു (ഫില. 3:20).*

*ക്രിസ്തു വാസ്തവമായതിന്റെ പ്രതിബിംബമായി കൈപ്പണിയായ വിശുദ്ധമന്ദിരത്തിലേക്കല്ല, ഇപ്പോൾ നമുക്കുവേണ്ടി ദൈവസന്നിധിയിൽ പ്രത്യക്ഷനാവാൻ സ്വർഗ്ഗത്തിലേക്കത്രെ പ്രവേശിച്ചത് (എബ്രാ. 9:24).*

പുത്രത്വം പ്രാപിക്കുന്നവരുടെ ശരീരത്തിന്റെ വീണ്ടെടുപ്പിനായി യേശു സ്വർഗ്ഗാധിസ്വർഗ്ഗത്തിൽനിന്നു മദ്ധ്യാകാശത്തിലേക്ക് ഇറങ്ങിവരുമ്പോൾ അവനായി കാത്തിരിക്കുന്നവർ തേജസ്കരണം പ്രാപിച്ച് **അവനോട് സദൃശ്യന്മാരായിത്തീരും.** അതെക്കുറിച്ച് അപ്പൊസ്തലനായ യോഹന്നാൻ രേഖപ്പെടുത്തിരിക്കുന്നത് ഇപ്രകാരമാണ്.

*നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നത് ആകും എന്ന് ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നെ കാണുന്നതാകകൊണ്ട് അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു (1 യോഹ. 3:2)*

ആത്മമണവാളനാകുന്ന ക്രിസ്തു നിർമ്മലനായിരിക്കുന്നതു പോലെ തന്നെത്താൻ കാത്തുസൂക്ഷിക്കുന്ന കുഞ്ഞാടിന്റെ കാന്ത യും നിർമ്മലയായിരിക്കും. നിർബന്ധത്താലല്ല ആഗ്രഹം ഉള്ള വർക്ക് മാത്രമെ പരിശുദ്ധാത്മാവിന് സമ്പൂർണ്ണമായി വിധേയ പ്പെട്ട് ജീവിക്കാൻ കഴിയുകയുള്ളൂ. അവരെ സമാധാനത്തിന്റെ ദൈവം പൂർണ്ണമായി ശുദ്ധീകരിക്കുകയും ചെയ്യുന്നു.

*സമാധാനത്തിന്റെ ദൈവംതന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കു മാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യ മായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ (1 തെസ്സ. 5:23).*

ദേഹം, ദേഹി, ആത്മാവ് എന്നിവയുടെ വീണ്ടെടുപ്പ് പ്രാപി ക്കുന്നവരാണ് പുത്രത്വം പ്രാപിച്ച് ക്രിസ്തുവിനോട് ചേരുന്ന വർ. അവരാണ് സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യ ജാതന്മാരുടെ സഭ.

മരിച്ചവരുടെ ഇടയിൽനിന്നുള്ള ആരംഭമായി യേശു ക്രിസ്തു ആദ്യഫലമായി ഉയിർത്തെഴുന്നേറ്റതുപോലെ മരിച്ച വരുടെ ഇടയിൽനിന്നു പുനരുത്ഥാനം പ്രാപിക്കുന്നവർ നേരി ടുന്ന മൂന്നു പ്രധാന ശത്രുക്കളാണ് ലോകം, ജഡം, പിശാച്. ഇവ മൂന്നിനെയും ദൈവകൃപയാൽ ജയിക്കുന്നവരാണ് ആദ്യജാതന്മാരുടെ സഭയിലുൾപ്പെടുന്നവർ. അവർ സുവിശേ ഷത്തിന്റെ കേൾവിയാൽ മാനസാന്തരപ്പെട്ട് **ലോകത്തെ** ജയി ക്കുകയും അനുദിന ജീവിതത്തിൽ **ജഡത്തിന്റെ** രാഗമോഹങ്ങളെ ക്രൂശിക്കുന്നവരും **സാത്താന്റെ** തന്ത്രങ്ങളെ അതിജീവിക്കുന്ന വരുമാണ്. ഇപ്രകാരം അനവധി കഷ്ടങ്ങളെ തരണം ചെയ്യുന്ന വരാണ് ക്രിസ്തുവിൽ തികവുപ്രാപിക്കുന്ന വിശുദ്ധന്മാർ.

ഏഴു സഭകളോടുള്ള ദൂതിൽ സാത്താൻ സഭകൾക്കെ തിരെ പ്രയോഗിക്കുന്ന ഏഴുവിധ തന്ത്രങ്ങളെക്കുറിച്ചാണ് വെളി പ്പാട്പുസ്തകം 2, 3 അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കു ന്നത്. സാത്താനികതന്ത്രത്തെക്കുറിച്ച് അപ്പൊസ്തലനായ പൌലൊസ് പ്രസ്താവിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

*സാത്താൻ നമ്മെ തോല്പിക്കരുത്; അവന്റെ തന്ത്രങ്ങളെ നാം അറി യാത്തവരല്ലല്ലോ 2 (കൊരി. 2:11).*

കർത്താവ് ഓരോ സഭയോടും ഏതിനെ ജയിക്കുവാൻ ആജ്ഞാപിച്ചിരിക്കുന്നുവോ അവയാണ് ഏഴുവിധ സാത്താനിക

തന്ത്രങ്ങൾ. അവയെ ജയിക്കുന്നവരോടാണ് പുത്രത്വത്തിന്റെ ദൈവീകവാഗ്ദത്തം ദൈവം ഉറപ്പിക്കുന്നത്. ഏഴുവിധ സാത്താനിക തന്ത്രങ്ങൾ ഏതൊക്കെയെന്നാണ് താഴെ കൊടുത്തിരിക്കുന്നത്.

- എഫെസൊസിലെ സഭയോടുള്ള ബന്ധത്തിലെ പൈശാചികതന്ത്രം **ആദ്യസ്നേഹത്തിൽ** നിന്നു സഭയെ അകറ്റുക എന്നതാണ്.
- **ഉപദ്രവിക്കുക** എന്നതാണ് സ്മുർന്ന സഭയോടുള്ള ബന്ധത്തിൽ സാത്താൻ പ്രയോഗിക്കുന്ന തന്ത്രം.
- പെർഗ്ഗമൊസ് സഭയോടുള്ള ബന്ധത്തിൽ സാത്താൻ നുഴഞ്ഞു കയറുവാൻ പ്രയോഗിക്കുന്ന തന്ത്രം **ബിലെയാമിക ഉപദേശമാണ്**.
- തുയഥൈര സഭയോടുള്ള ബന്ധത്തിലെ തന്ത്രം **ഇസബേൽ ശക്തിമുഖാന്തരം ദൈവദാസന്മാരെ** തെറ്റിച്ചുകളയുക എന്നതാണ്.
- സർദ്ദീസ് സഭയോടുള്ള ബന്ധത്തിൽ ശത്രു മെനയുന്ന തന്ത്രം സഭയെ **നിദ്രയിലാക്കുക** എന്നതാണ്.
- **സഹിഷ്ണുത** നഷ്ടപ്പെടുത്തി ആത്മീയമന്ദത ഉളവാക്കുന്ന തന്ത്രമാണ് ഫിലദെൽഫ്യ സഭയോടുള്ള ബന്ധത്തിൽ സാത്താൻ പ്രയോഗിക്കുന്നത്.
- ലവൊദിക്യ സഭയോടുള്ള ബന്ധത്തിൽ സഭകളെ **ശീതോഷ്ണാവസ്ഥയിലാക്കുകയും ആത്മീകനിഗളത്തിന്** അടിമപ്പെടുത്തുകയും ചെയ്യുക എന്ന തന്ത്രമാണ് അവൻ പ്രയോഗിക്കുന്നത്.

പുതിയനിയമസഭയുടെ ആരംഭം മുതൽ സഭയുടെ എല്ലാ കാലഘട്ടത്തിലും ഈ എഴുവിധ തന്ത്രങ്ങൾ സാത്താൻ പ്രയോഗിക്കുന്നുണ്ട്. എഴു സഭകളോടുള്ള ബന്ധത്തിൽ അതിനെ വെളിപ്പെടുത്തിയിരിക്കുന്നു എന്നു മാത്രം.

ലവൊദിക്യ കാലഘട്ടത്തിലായിരിക്കുന്ന ദൈവസഭ സത്താനീകതന്ത്രങ്ങളെ വ്യക്തമായി തിരിച്ചറിയണം. അത് സഭയെ ശീതോഷ്ണാവസ്ഥയിലാക്കുകയും ആത്മീകനിഗളത്തിൽ അകപ്പെടുത്തുകയും ചെയ്യുക എന്നതാണ്. വെളിപ്പാട്പുസ്തകത്തിൽ ഭാഗ്യവാൻ എന്നു പറഞ്ഞിരിക്കുന്നത് പ്രസ്തുത പ്രവചനപുസ്തകത്തിലെ വാക്കുകളെ വായിക്കുന്നവനും വായിച്ചു

കേൾപ്പിക്കുന്നവനും അത് പ്രമാണിക്കുന്നവനുമാണ്. അപ്രകാരമെങ്കിൽ നിർഭാഗ്യവാന്മാർ എന്നാൽ വെളിപ്പാട്പുസ്തകം വായിക്കാത്തവരും വായിച്ചു കേൾപ്പിക്കാത്തവരും അതിലെ പ്രമാണങ്ങളെ ആചരിക്കാത്തവരുമാകുന്നു. നാം ഇതുവരെയും ഒന്നും അറിയേണ്ടതുപോലെ അറിഞ്ഞിട്ടില്ല എന്ന യാഥാർത്ഥ്യ ബോധത്തോടെ വേണം കർത്താവിന്റെ വചനത്തോട് സമീപിക്കേണ്ടത്. എന്നാൽ മാത്രമേ അറിയേണ്ടത് അറിയുവാനും ആകേണ്ടതുപോലെ ആകുവാനും കഴിയുകയുള്ളൂ. അപ്രകാരമുള്ളവരാണ് ആത്മീക അന്ധതയിൽനിന്നു പൂർണ്ണമായ മോചനം പ്രാപിക്കുന്നത്. **ജയിക്കുന്നവന് എന്നോടു കൂടെ ഇരിപ്പാൻ വരം നൽകും** എന്ന ദൈവീകവാഗ്ദത്തമാണ് മാനവരാശിയോടുള്ള ബന്ധത്തിലെ **പരമപ്രധാന** വാഗ്ദത്തം. ആഗോളസഭയിൽനിന്നും സാത്താനോട് എതിർത്ത് ജയാളികളാകുന്നവരുടെ ഗണമാണ് സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന **ആദ്യജാതന്മാരുടെ സഭ.**

ജയാളികളായ പുതിയനിയമവിശുദ്ധന്മാർ മരണാന്തരം വിശ്രമിക്കുന്നത് സ്വർഗ്ഗീയപറുദീസ്സയിലെ മൂന്നാം സ്വർഗത്തിലാണ്. അതുപോലെ അതേ നിലവാരത്തിൽ ജീവിക്കുന്നവരും കർത്താവിന്റെ മദ്ധ്യാകാശപ്രത്യക്ഷതവരെ ഭൂമിയിലുണ്ടായിരിക്കും. അങ്ങനെയെങ്കിൽ ജയാളികളാകാതെ ഭൂമിയിൽനിന്ന് മാറ്റപ്പെട്ടവരും അവരുടെ നിലവാരങ്ങളിൽ ജീവിക്കുന്നവരും ഉണ്ട്. അതിൽനിന്നും വ്യക്തമാക്കപ്പെടുന്നത് വിവിധ ആത്മീകനിരകളിലുള്ളവർ സഭയിൽ ഉണ്ടെന്നുള്ളതാണ്. ഭുരിഭാഗം വിശ്വാസികൾക്കും ഈ സത്യത്തെക്കുറിച്ച് അറിവില്ലായെന്നുള്ളതാണ് യാഥാർത്ഥ്യം. ക്രിസ്തുവിനുള്ള ജയാളികൾ മാത്രമെ മദ്ധ്യാകാശവരവിങ്കൽ സ്വർഗ്ഗാധിസ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുകയുള്ളു എന്ന യാഥാർത്ഥ്യമാണ് ഇവിടെ ആവർത്തിച്ച് രേഖപ്പെടുത്തിയിരിക്കുന്നത്.

ഭാവികാല സംഭവങ്ങളിൽ ഏറ്റവും വലിയ സംഭവം ലോകമഹായുദ്ധങ്ങളോ, ലോകവസാനസംഭവങ്ങളോ അല്ല; കുഞ്ഞാടിന്റെ കാന്തയെ ചേർക്കുവാൻ ആത്മമണവാളൻ മദ്ധ്യാകാശത്തിൽ ഇറങ്ങിവരുന്നതാണ്. അത് എപ്പോൾ വേണമെങ്കിലും സംഭവിക്കാം. അതിനായിട്ടാണ് സർവ്വസൃഷ്ടികളും ഒരുപോലെ ഈറ്റു നോവോടെ ഞരങ്ങി കാത്തിരിക്കുന്നത്.

മേലാൽ സംഭവിപ്പാനുള്ള കാര്യങ്ങൾ മർമ്മമായി വെളിപ്പെടുത്തിയിരിക്കുന്നത് തിരുവചനത്തിലെ അറുപത്തിയാറാമത്തെ പുസ്തകമായ വെളിപ്പാട്പുസ്തകത്തിലാണ്. അതുകൊണ്ട് ഇനി സംഭവിപ്പാനുള്ള കാര്യങ്ങളിലെ ആദ്യസംഭവമായ കർത്താവിന്റെ മദ്ധ്യാകാശപ്രത്യക്ഷതയും ദൈവസഭയുടെ എടുക്കപ്പെടലും എന്ന വിഷയം, വെളിപ്പാട്പുസ്തകത്തെ അധികരിച്ചാണ് നാം തുടർന്ന് ചിന്തിക്കുന്നത്. കർത്താവിന്റെ മദ്ധ്യാകാശപ്രത്യക്ഷതയെന്ന മഹാസംഭവത്തെ പൊതുവേ പഠിപ്പിക്കുന്നത് വെളിപ്പാട്പുസ്തകം 4-ാം അദ്ധ്യായത്തിലെ ആദ്യ രണ്ടു വാക്യങ്ങളെ അടിസ്ഥാനമാക്കിയാണ്.

*അനന്തരം സ്വർഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നത് ഞാൻ കണ്ടു; കാഹളനാദം പോലെ എന്നോടു സംസാരിച്ചു കേട്ട ആദ്യത്തെ ശബ്ദം എന്നോട്: ഇവിടെ കയറി വരിക; മേലാൽ സംഭവിപ്പാനുള്ളത് ഞാൻ നിനക്ക് കാണിച്ചുതരാം എന്ന് കല്പിച്ചു (വെളി. 4:1- 2).*

ഇവിടെ പ്രസ്താവിച്ചിരിക്കുന്ന വാക്യങ്ങളിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നത് യോഹന്നാനോട് ഇവിടെ കയറി വരുവാനാണ്. ഇതിൽ **സഭ ഉൾപ്പെടുന്നില്ല** എന്നതാണ് യാഥാർത്ഥ്യം. ഈ വാക്യങ്ങൾ ദൈവസഭയുടെ ഉൾപ്രാപണമാണെന്ന് എപ്രകാരം ചിന്തിക്കുന്നു എന്നതാണ് ആശ്ചര്യമായിട്ടുള്ളത്. ഇതിൽനിന്നും വ്യക്തമാക്കപ്പെടുന്ന വസ്തുത വെളിപ്പാട് പുസ്തകത്തിൽ ദൈവസഭയുടെ ഉൾപ്രാപണത്തെക്കുറിച്ച് വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്ന ഭാഗം പലർക്കും തിരിച്ചറിയാൻ കഴിയാതെ പോകുന്നു എന്നതാണ്. ദൈവവചനത്തോട് കൂട്ടിചേർക്കുവാനോ വല്ലതും നീക്കം ചെയ്യുവാനോ ആരെയും ദൈവം അനുവദിച്ചിട്ടില്ല. എന്നാൽ സങ്കീർണ്ണമായി രേഖപ്പെടുത്തിയിരിക്കുന്ന പ്രവചനങ്ങളുടെ കലവറയായ വെളിപ്പാട്പുസ്തകത്തെ വിഷയബന്ധിതമായി അദ്ധ്യായ-വാക്യക്രമത്തിൽനിന്നു വ്യതിചലിച്ച് പഠിപ്പിക്കുന്നത് ഒരിക്കലും വചനവിരുദ്ധമാകുന്നില്ല. ഈ ഗ്രന്ഥരചനയിൽ അതിന്റെ മുഴുവൻ വിശദാംശങ്ങളിലേക്ക് പ്രവേശിക്കാതെ കർത്താവിന്റെ മദ്ധ്യാകാശവരവിനെക്കുറിച്ച് വെളിപ്പാട്പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭാഗം വെളിപ്പെടുത്തുക മാത്രമാണ് ചെയ്തിരിക്കുന്നത്.

പാപങ്ങൾക്ക് പരിഹാരം വരുത്തിയതിനുശേഷം പിതാവിന്റെ വലത്തു ഭാഗത്തിരിക്കുന്ന പുത്രനാംദൈവം അവിടെ എന്നു

വരെ ഇരിക്കും? എന്നതിന്റെ തിരുവചനതെളിവ് ലഭിച്ചാൽ അതിൽനിന്നും ശേഷം കാര്യങ്ങൾ നമ്മുക്ക് ഗ്രഹിക്കുവാൻ സാധിക്കുന്നതാണ്. അതിന്റെ വ്യക്തത നമുക്ക് ലഭിക്കുന്നത് സങ്കീർത്തനം നൂറ്റിപ്പത്താം അദ്ധ്യായം ഒന്നാം വാകൃത്തിന്റെ വ്യാഖ്യനത്തിൽ നിന്നുമാണ്. അതുകൊണ്ടാണ് ഈ വാക്യത്തെ വെളിപ്പാട്പുസ്തക പഠനത്തിന്റെ **താക്കോൽ വാകൃമായി** ഉപയോഗിക്കുന്നത്.

*...ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്ക (സങ്കീ. 110:1).*

ഈ ഭാവികാല പ്രവചനത്തിന് രണ്ടു ഭാഗങ്ങളാണ് ഉള്ളത്. അതിൽ ഒന്നാമത്തേതാണ് കർത്താവിന്റെ ഒന്നാമത്തെ വരവിങ്കൽ നിറവേറപ്പെട്ടത്. അത് അവൻ പാപങ്ങൾക്കു വേണ്ടി ഏകയാഗം കഴിച്ചിട്ട് പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു എന്നതാണ്.

അതിന്റെ രണ്ടാം ഭാഗം നിറവേറപ്പെട്ടിട്ടില്ല. അത് നിറവേറപ്പെടുവാനുള്ള പ്രവചനമായതുകൊണ്ടാണ് ഈ വാക്യം പുതിയ നിയമത്തിൽ ആറു പ്രാവശ്യം ആവർത്തിക്കപ്പെട്ടിരിക്കുന്നത്.

- യേശു ഈ ഭാഗം സങ്കീർത്തനത്തിൽ നിന്ന് എടുത്ത് ഉദ്ധരിച്ചുവെന്നാണ് മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നീ മൂന്നു സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് (മത്താ. 22:44, മർ. 12:36, ലൂക്കൊ. 20:42).
- അപ്പൊസ്തലനായ പത്രൊസ് പുതിയനിയമസഭയുടെ ഉത്ഭവസമയത്ത് ഇതേ വചനം എടുത്ത് ഉദ്ധരിച്ചു (അപ്പൊ.2:35).
- അപ്പൊസ്തലനായ പൌലോസ് എബ്രായർക്ക് എഴുതിയ ലേഖനത്തിൽ ഈ വാക്യം രണ്ട് പ്രാവശ്യമാണ് ആവർത്തിച്ചിരിക്കുന്നത് (എബ്രാ. 1:13, 10:13).

പുതിയനിയമത്തിൽ ഇത്രയധികം ആവർത്തിച്ച് പരാമർശിച്ചിട്ടുള്ള ദൈവത്തിന്റെ ശത്രുക്കളെ ദൈവത്തിന്റെ പാദപീഠമാകുന്ന ഭൂമിയിലേക്ക് തള്ളിക്കളയുമെന്നുള്ള പ്രവചനം എന്ന് നിവർത്തീകരിക്കപ്പെടുന്നു എന്ന പഠനത്തിൽ നാം എത്തിച്ചേരുന്നത് വെളിപ്പാട്പുസ്തക ത്തിന്റെ മദ്ധ്യഭാഗമാകുന്ന പന്ത്രണ്ടാം അദ്ധ്യായം എഴു മുതൽ ഒമ്പതുവരെയുള്ള വാക്യങ്ങളിലാകുന്നു.

*പിന്നെ സ്വർഗത്തിൽ യുദ്ധം ഉണ്ടായി; മീഖായേലും അവന്റെ ദൂത ന്മാരും മഹാസർപ്പത്തോട് പടവെട്ടി; തന്റെ ദൂതന്മാരുമായി മഹാ സർപ്പവും പടവെട്ടി ജയിച്ചില്ലതാനും. സ്വർഗത്തിൽ അവരുടെ സ്ഥലം പിന്നെ കണ്ടതുമില്ല. ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയ പാമ്പിനെ ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു; അവന്റെ ദൂതന്മാരെയും അവനോടുകൂടെ തള്ളിക്ക ളഞ്ഞു (വെളി. 12:7 - 9).*

പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്ന പുത്രൻ അവിടെനിന്നും മദ്ധ്യാകാശത്തിലേക്ക് ഇറങ്ങി വരുന്നത് ദൈവത്തിന്റെ ശത്രു വാകുന്ന സാത്താനെയും അവനോട് ചേരുന്നവരെയും ദൈവ ത്തിന്റെ പാദപീഠമാകുന്ന ഭൂമിയിലേക്ക് തള്ളിക്കളയുന്ന ദിവസ ത്തിലാണ്. അതാണ് വെളിപ്പാട്പുസ്തകത്തിന്റെ മദ്ധ്യഭാഗത്ത് പരിശുദ്ധാത്മാവ് മർമ്മമായി രേഖപ്പെടുത്തിയിരിക്കുന്നത്.

വെളിപ്പാട്പുസ്തകത്തിന്റെ പന്ത്രണ്ടാം അദ്ധ്യായത്തിന്റെ പഠനം സുഗമമാക്കുന്ന താക്കോൽ വാക്യത്തെക്കുറിച്ചാണ് നാം ഇതുവരെ ചിന്തിച്ചത്. ഇതിന്റെ വ്യക്തത ലഭിക്കുന്നവർക്കാണ് വെളിപ്പാട്പുസ്തക പഠനം സുഗമമാകുന്നത്.

ദൈവത്തിന്റെ ശത്രുവാകുന്ന സാത്താനും അവന്റെ ദൂതന്മാ രും ദൈവത്തിന്റെ പാദപീഠമാകുന്ന ഭൂമിയിലേക്ക് തള്ളപ്പെടു ന്ന സന്ദർഭത്തിലാണ് '**ഒരു ആൺകുട്ടി**' സ്വർഗ്ഗീയസിംഹാസന ത്തിലേക്ക് പെട്ടെന്ന് എടുക്കപ്പെടുന്നത്. അത് കർത്താവിന്റെ മദ്ധ്യാകാശപ്രത്യക്ഷതയും ദൈവസഭയുടെ എടുക്കപ്പെടലുമാ കുന്നു എന്നുള്ളതാണ് ആലങ്കാരികമായി വെളിപ്പാട്പുസ്തകം പന്ത്രണ്ടാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

വെളിപ്പാട്പുസ്തകം പന്ത്രണ്ടാം അദ്ധ്യായത്തെക്കുറിച്ച് നിര വധി തെറ്റായ ചിന്താഗതികൾ ഉണ്ടെങ്കിലും അതിൽ രണ്ടെണ്ണമാ ണ് പ്രബലമായിട്ടുള്ളത്

- **സ്ത്രീ** പ്രതിനിധീകരിക്കുന്നത് കന്യകമറിയത്തെയും **ആൺകുട്ടി** യേശുക്രിസ്തുവും ആകുന്നു എന്നാണ് ചിലരുടെ ചിന്താഗതി. ഈ പഠിപ്പിക്കലിനു യാതൊരു പ്രസക്തിയുമില്ല എന്ന് പ്രഥമദൃഷ്ട്യാ വെളിപ്പെടുന്ന കാര്യമാണ്. കന്യകമറി യമിൽ യേശു ജനിച്ചത് നിറവേറപ്പെട്ട ചരിത്രസംഭവമാണ്. അത് മേലാൽ നിറവേറപ്പെടുവാനുള്ള പ്രവചനമല്ലാത്തതു

കൊണ്ട് വെളിപ്പാട്പുസ്തകത്തിൽ രേഖപ്പെടുത്തുകയില്ല.

- സൂര്യനെ അണിഞ്ഞ സ്ത്രീ യിസ്രായേലിനെ പ്രതിനിധീകരിക്കുന്നു എന്നും സ്ത്രീ പ്രസവിക്കുന്ന ആൺകുട്ടി നൂറ്റിനാൽപത്തിനാലായിരം പേരാകുന്നു എന്നതാണ് രണ്ടാമത്തെ ചിന്താഗതി. യിസ്രായേലിന് പ്രാമുഖ്യം കൊടുത്ത് പഠിപ്പിക്കുന്നവരാണ് ഈ ചിന്താഗതിയിലുള്ളവർ. പഴയനിയമയിസ്രായേലിന് സ്വർഗ്ഗീയസിംഹാസനത്തിൽ ഇരിപ്പാനുള്ള യോഗ്യതയില്ല എന്നതു വ്യക്തമാണ്. നൂറ്റിനാൽപത്തിനാലായിരം എന്നത് യിസ്രായേലിലെ സകല ഗോത്രങ്ങളിൽനിന്നും മുദ്രയിട്ടു വേർതിരിക്കുന്ന ഗണമാണ്, കുഞ്ഞാടിന്റെ നിർമ്മല കന്യകയ്ക്ക് അതുമായി യാതൊരു ബന്ധവുമില്ല.

വെളിപ്പാട്പുസ്തകം ആത്മീകമായി വിവേചിക്കേണ്ടതാണ്. സൂര്യനെ അണിഞ്ഞൊരു സ്ത്രീ അവളുടെ കാൽകീഴിൽ ചന്ദ്രനും അവളുടെ തലയിൽ പന്ത്രണ്ടു നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടം വച്ചിരിക്കുന്നതുമായിട്ടാണ് സ്ത്രീയെക്കുറിച്ച് പന്ത്രണ്ടാം അദ്ധ്യായത്തിൽ വെളിപ്പെടുത്തിരിക്കുന്നത്. ഇവിടെ പ്രസ്താവിച്ചിരിക്കുന്ന **സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ** എന്നീ സൃഷ്ടികൾ ആകാശസൃഷ്ടികളാകുന്നു; ഇവ ഭൗമികമല്ല **സ്വർഗ്ഗീയമായതാണ്**.

ഗലാത്യ ലേഖനത്തിൽ ഭൗമിക യിസ്രായേലിനെ അടിമകളെ പ്രസവിക്കുന്ന ഹാഗറിനോടാണ് അപ്പൊസ്തലനായ പൌലൊസ് തുലനം ചെയ്തിരിക്കുന്നത്. എന്നാൽ സ്വതന്ത്രയാകുന്ന മീതെയുള്ള യെരുശലേമിനെ തുലനം ചെയ്തിരിക്കുന്നത് അവൾ തന്നെ നമ്മുടെ അമ്മ എന്നാകുന്നു.

*... ഇതു സാദൃശ്യമാകുന്നു. ഈ സ്ത്രീകൾ രണ്ടു നിയമങ്ങൾ അത്രെ; ഒന്നു സീനായിമലയിൽ നിന്നുണ്ടായി അടിമകളെ പ്രസവിക്കുന്നു; അതു ഹാഗാർ. ഹാഗാർ എന്നതു അറബിദേശത്തു സീനായി മലയെ കുറിക്കുന്നു. അത് ഇപ്പോഴത്തെ യെരുശലേമിനോട് ഒക്കുന്നു; അതു തന്റെ മക്കളോടുകൂടെ അടിമയിലല്ലോ ഇരിക്കുന്നത്. മീതെയുള്ള യെരുശലേമോ സ്വതന്ത്രയാകുന്നു; അവൾതന്നെ നമ്മുടെ അമ്മ (ഗല. 4:23-26).*

ക്രിസ്തുവിനെയും സഭയെയും കുറിച്ച് കാവ്യാത്മകമായി ശലോമോൻ രചിച്ചിരിക്കുന്ന ഉത്തമഗീതത്തിൽ ആകാശസൃഷ്ടികളായ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയോടു ബന്ധ

മുള്ള ഒരു സ്ത്രീയെക്കുറിച്ച് വർണ്ണിച്ചിട്ടുണ്ട്. അതിൽ രേഖപ്പെടുത്തിരിക്കുന്നത് ഇപ്രകാരമാണ്.

*അരുണോദയംപോലെ ശോഭയും ചന്ദ്രനെപ്പോലെ സൗന്ദര്യവും സൂര്യനെപ്പോലെ നിർമലതയും കൊടികളോടു കൂടിയ സൈന്യംപോലെ ഭയങ്കരത്വവും ഉള്ളോരിവൾ ആർ? (ഉത്തമ. 6:10).*

ആകാശസൃഷ്ടികളോടുള്ള ബന്ധത്തിൽ കുഞ്ഞാടിന്റെ കാന്തയെക്കുറിച്ചുള്ള വർണ്ണനയിൽ മീതെയുള്ള യെരുശലേമിനെക്കുറിച്ചാണ് പ്രസ്താവിച്ചിരിക്കുന്നത്. ഇതിൽ തേജസ്സിനോടുള്ള ബന്ധത്തിൽ മൂന്നു ഗണങ്ങളിൽ പെടുന്നവരാണുള്ളത്.

- പകൽ വാഴുന്ന സൂര്യന്റെ നിർമ്മലത
- രാത്രി വാഴുന്ന ചന്ദ്രന്റെ സൌന്ദര്യം
- ഉദയശോഭയാകുന്ന നക്ഷത്രങ്ങൾ

ആകാശസൃഷ്ടികളായ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവ സ്വർഗ്ഗീയ തേജസ്സിന്റെ മൂന്ന് ആത്മമണ്ഡലങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. അപ്പൊസ്തലനായ പൌലൊസ് കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ സ്വർഗ്ഗീയതേജസ്സു പ്രാപിക്കുന്ന വിശുദ്ധന്മാരുടെ പുനരുത്ഥാനങ്ങളെക്കുറിച്ച് വളരെ വിലയേറിയ മർമ്മമണ് വെളിപ്പെടുത്തിയിരിക്കുന്നത്.

*സ്വർഗ്ഗീയ ശരീരങ്ങളും ഭൗമശരീരങ്ങളും ഉണ്ട്. സ്വർഗീയ ശരീരങ്ങളുടെ തേജസ്സ് വേറെ, ഭൗമശരീരങ്ങളുടെ തേജസ്സ് വേറെ, സൂര്യന്റെ തേജസ്സ് വേറെ, ചന്ദ്രന്റെ തേജസ്സ് വേറെ, നക്ഷത്രങ്ങളുടെ തേജസ്സ് വേറെ, നക്ഷത്രവും നക്ഷത്രവും തമ്മിൽ തേജസ്സു കൊണ്ട് ഭേദം ഉണ്ടല്ലോ. മരിച്ചവരുടെ പുനരുത്ഥാനവും അവ്വണ്ണംതന്നെ (1 കൊരി. 15:40 - 42).*

ഉത്തമഗീതത്തിൽ ആകാശസൃഷ്ടികളായ സൂര്യന്റെ നിർമ്മലത, ചന്ദ്രന്റെ സൗന്ദര്യം, നക്ഷത്രങ്ങളുടെ ശോഭ എന്നിവയെ വെളിപ്പെടുത്തുമ്പോൾ സ്വർഗ്ഗീയശരീരങ്ങളുടെ പുനരുത്ഥാനത്തോടുള്ള ബന്ധത്തിൽ കൊരിന്ത്യാ ലേഖനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത് സ്വർഗ്ഗീയതേജസ്സിന്റെ മൂന്നു ആത്മമണ്ഡലങ്ങളെയാണ്.

സ്വർഗ്ഗീയശരീരങ്ങളുടെ തേജസ്സു പ്രാപിപ്പാനുള്ള വിശുദ്ധന്മാർ വിശ്രമിക്കുന്ന സ്വർഗ്ഗീയപറുദീസ്സയിൽ ഇവിടെ പ്രസ്താവിച്ചിരിക്കുന്ന മൂന്നു തേജസ്സിന്റെ ആത്മമണ്ഡലങ്ങളിൽ ഉള്ളവരാണ് ഉള്ളത്.

- **നിർമ്മല സൂര്യനാകുന്ന ക്രിസ്തുവിനോടു ചേരുവാനുള്ള യോഗ്യത പ്രാപിക്കുന്ന നിർമ്മലകന്യക.** പുനരുത്ഥാനത്തിൽ ഈ ഗണത്തിൽ പെടുന്നവർ പ്രാപിക്കുന്ന സ്വർഗീയ തേജസ്സ് സൂര്യതേജസ്സായിരിക്കും. ഇവർ സ്വർഗ്ഗീയപറുദീസ്സയിലെ മൂന്നാം സ്വർഗ്ഗത്തിലാണ് മരണാനന്തരം വിശ്രമിക്കുന്നത്. കർത്താവിന്റെ മദ്ധ്യാകാശപ്രത്യക്ഷത വരെയാണ് ഇവിടേയ്ക്ക് പ്രവശനമുള്ളത്.
- **കുഞ്ഞാടിന്റെ കാന്തയുടെ തോഴിമാരാകുന്ന ചന്ദ്രന്റെ സൗന്ദര്യമുള്ള കന്യകമാർ.** ഇവർ പുതിയനിയമസഭയിൽ നിന്നും ആ പദവിയിൽ എത്തിച്ചേരുന്നവരാണ്. അവർ പുനരുത്ഥാനത്തിൽ പ്രാപിക്കുന്ന സ്വർഗ്ഗീയതേജസ്സ് ചന്ദ്രതേജസ്സായിരിക്കും. മരണാനന്തരം ഈ നിരയിലുൾപ്പെടുന്ന വിശുദ്ധന്മാർ വിശ്രമിക്കുന്നത് സ്വർഗ്ഗീയപറുദീസ്സയിലെ രണ്ടാമത്തെ സ്വർഗ്ഗത്തിലാകുന്നു. എതിർക്രിസ്തുവിന്റെ ഭരണാരംഭം വരെയാണ് ഈ നിരയിലേക്ക് പ്രവേശനമുള്ളത്.
- **ആത്മമണവാളനാകുന്ന ക്രിസ്തുവിന്റെ തോഴ്മക്കാരുടെ പദവിയിലെത്തിച്ചേരുന്ന നക്ഷത്രശോഭയുള്ള പഴയനിയമത്തിലെ ശ്രേഷ്ഠന്മാരായ വിശുദ്ധന്മാർ.** അവർ പുനരുത്ഥാനത്തിൽ പ്രാപിക്കുന്ന തേജസ്സ് നക്ഷത്രതേജസ്സാണ്. നക്ഷത്രതേജസ്സ് പ്രാപിക്കുന്ന പഴയനിയമ വിശുദ്ധന്മാരിലെ ശ്രേഷ്ഠന്മാർ മരണാനന്തരം വിശ്രമിക്കുന്നത് സ്വർഗ്ഗീയപറുദീസ്സയിലെ ഒന്നാം സ്വർഗ്ഗത്തിലാകുന്നു. എതിർക്രിസ്തുവിന്റെ ഭരണാരംഭം വരെയാണ് ഈ നിരയിലേക്കും പ്രവേശനമുള്ളത്.

വെളിപ്പാട്പുസ്തകം പന്ത്രണ്ടാം അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ള സ്ത്രീ മീതെയുള്ള യെരുശലേമാകുന്ന നമ്മുടെ അമ്മയെ ആലങ്കാരികമായി പ്രതിനിധീകരിക്കുന്നു എന്നാണ് ഇതുവരെയുള്ള പഠനത്തിൽനിന്നും വ്യക്തമാക്കപ്പെട്ടത്. സ്ത്രീ പ്രസവിക്കുന്ന സകല ജാതികളെയും ഇരിമ്പുകോൽ കൊണ്ടു മേയിപ്പാനുള്ളൊരു **ആൺകുട്ടി** ആരാകുന്നു എന്നതിന്റെ വിശദീകരണത്തിലേക്കാണ് തുടർന്ന് നാം പ്രവേശിക്കുന്നത്.

സകല ജാതികളെയും ഇരിമ്പുകോൽ കൊണ്ടു മേയിപ്പാനുള്ള അധികാരം കർത്താവായ യേശുവിനും (സങ്കീ. 2:9) അവനോടു ചേരുന്ന ജയാളികളായ ആദ്യജാതന്മാരുടെ സഭയ്ക്കും ആണുള്ളത് (വെളി. 2:27). സ്ത്രീ പ്രസവിച്ച ആൺകുട്ടി ദൈവത്തിന്റെ

അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കുമാണ് പെട്ടെന്ന് എടുക്കപ്പെടുന്നത്. ഇതിൽനിന്നും സ്ത്രീ പ്രസവിക്കുന്ന ആൺകുട്ടി **പുത്രത്വം** പ്രാപിക്കുന്ന ആദ്യജാതന്മാരുടെ സഭയാകുന്നു എന്നാണ് സ്പഷ്ടമാക്കപ്പെടുന്നത്. സ്വർഗ്ഗീയ സിംഹാസനത്തിലിരിപ്പാനുള്ള അവകാശം പുത്രത്വം പ്രാപിക്കുന്ന ജയാളികൾക്കു മാത്രമാണുള്ളത്. അതാണ് ലവൊദിക്യ സഭയോടുള്ള ദൂതിൽ കർത്താവായ യേശു അരുളിച്ചെയ്തിരിക്കുന്നത്.

*ജയിക്കുന്നവനു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും; ഞാനും ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെതന്നെ (വെളി. 3:21)*

ആദ്യജാതന്മാരുടെ സഭ യിസ്രായേലിൽനിന്നും മുദ്രയിട്ട് വേർതിരിക്കുന്ന നൂറ്റിനാല്പത്തിനാലായിരം പേർ അല്ല. അത് ആഗോള ദൈവസഭയിൽനിന്നും ജയാളികളാകുന്ന ആദ്യജാതന്മാരുടെ സഭയാണ്. ക്രിസ്തുയേശു മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റവരിൽ സ്വർഗ്ഗാധിസ്വർഗ്ഗത്തിന്റെ ആദ്യഫലമാകുമ്പോൾ അവനോടു ചേരുന്ന നിർമ്മലകന്യക സർവ്വസൃഷ്ടികളിൽ നിന്നുള്ള ആദ്യഫലമാണ്. എന്നാൽ നൂറ്റിനാല്പത്തിനാലായിരം പേർ ഭൂമിയുടെ ആദ്യഫലമാകുന്നു. മൂന്ന് ആദ്യഫലങ്ങളെക്കുറിച്ചാണ് നാം ചിന്തിച്ചത്. അതിന്റെ രത്നച്ചുരുക്കമാണ് താഴെ കൊടുത്തിരിക്കുന്നത്.

- സ്വർഗ്ഗാധിസ്വർഗ്ഗത്തിന്റെ ആദ്യഫലമാണ് **ക്രിസ്തുയേശു**
- സർവ്വസൃഷ്ടികളിൽനിന്നുമുള്ള ആദ്യഫലമാണ് **നിർമ്മലകന്യക**
- ഭൂമിയുടെ ആദ്യഫലമാണ് യിസ്രായേൽ ഗോത്രങ്ങളിൽനിന്നുള്ള **നൂറ്റിനാല്പത്തിനാലായിരം**

പുത്രത്വം പ്രാപിക്കുന്നവരുടെ എണ്ണം എത്രയെന്നുള്ളത് സ്വർഗ്ഗീയമർമ്മമാണ്. കഴിഞ്ഞ രണ്ടായിരത്തിൽപരം വർഷങ്ങളായിട്ട് ഇതുവരെയും ആദ്യജാതന്മാരുടെ എണ്ണം തികയപ്പെട്ടിട്ടില്ല. അത് എന്ന് പൂർത്തീകരിക്കപ്പെടുന്നുവോ അന്നായിരിക്കും സ്വർഗ്ഗീയപറുദീസ്സയാകുന്ന നമ്മുടെ അമ്മയിൽനിന്ന് സൂര്യതേജസ്സ് പ്രാപിക്കുന്ന ആദ്യജാതന്മാരുടെ സഭയെന്ന ആൺകുട്ടി പുനരുത്ഥാനം പ്രാപിക്കുന്നത്. പഴയനിയമപ്രവചനമായ യെശയ്യാവിന്റെ പ്രവചനത്തിൽ ഇതെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

*നോവു കിട്ടും മുമ്പേ അവൾ പ്രസവിച്ചു; വേദന വരും മുമ്പേ അവൾ ഒരു ആൺകുഞ്ഞിനെ പ്രസവിച്ചു. ഈ വക ആർ കേട്ടിട്ടുള്ളു? ഒരു ദേശം ഒരു ദിവസം കൊണ്ടു പിറക്കുമോ? ഒരു ജാതി ഒന്നായിട്ട് തന്നെ ജനിക്കുമോ? സിയോനോ നോവു കിട്ടിയ ഉടൻ തന്നെ മക്കളെ പ്രസവിച്ചിരിക്കുന്നു (യെശ. 66:7 - 8).*

ദൈവത്തിന്റെ നഗരമായ സീയോനോടുള്ള ബന്ധത്തിലെ പ്രവചനമാണിത്. ഇത് ദാവിദിന്റെ നഗരമായ ഭൗമിക സീയോനെക്കുറിച്ചല്ല, ക്രിസ്തുയേശുവിനാൽ പണിയപ്പെടുന്ന സ്വർഗ്ഗീയ സീയോനെക്കുറിച്ചാണ്.

വെളിപ്പാട്പുസ്തകം പന്ത്രണ്ടാം അദ്ധ്യായത്തെ അധികരിച്ച് നാം ചിന്തിച്ചുകൊണ്ടിരിക്കുന്ന സ്ത്രീ പ്രസവിച്ച ആൺകുട്ടി എന്ന വിഷയവും യെശയ്യാവ് പ്രവചിച്ചിരിക്കുന്ന സീയോൻ നോവുകിട്ടും മുമ്പേ ആൺകുഞ്ഞിനെ പ്രസവിച്ചു എന്നതും വ്യാഖ്യാന അർത്ഥതലത്തിൽ ഒന്നുതന്നെയാണ്. മീതെയുള്ള യെരുശലേമാകുന്ന പറുദീസ്സയിൽ സൂര്യതേജസ്സ് പ്രാപിക്കുന്ന ആൺകുട്ടി മാത്രമല്ല, ചന്ദ്രതേജസ്സും നക്ഷത്രതേജസ്സും പ്രാപിക്കുവാനുള്ളവർകൂടി ഉണ്ട് എന്നു നാം ചിന്തിച്ച ചിന്താഗതിക്ക് പൂർണ്ണപിന്തുണ ലഭിക്കുന്ന പ്രസ്താവനയാണ് നോവുകിട്ടും മുമ്പേ സീയോൻ പ്രസവിക്കുന്ന ആൺകുഞ്ഞും നോവുകിട്ടിയ ഉടനെ പ്രസവിക്കുന്ന മക്കളും എന്നുള്ളത്.

സീയോന് നോവുകിട്ടും മുമ്പ് പ്രസവിക്കുന്ന ആൺകുഞ്ഞ് യിസ്രായേൽ ആകുന്നുവെങ്കിൽ നോവുകിട്ടിയതിനു ശേഷം പ്രസവിക്കുന്ന **മക്കൾ** ആരാകുന്നു എന്നതിന്റെ വിശദീകരണമില്ലാതാകുന്നു. പഴയനിയമത്തിലെയും പുതിയനിയമത്തിലെയും തിരുവചന ഭാഗങ്ങളെ കോർത്തിണക്കി ഇതുവരെയുള്ള നമ്മുടെ പഠനത്തിൽ നാം എത്തിച്ചേർന്നത് വെളിപ്പാട്പുസ്തകത്തിൽ ആലങ്കാരികമായി വിശേഷിപ്പിച്ചിരിക്കുന്ന സ്ത്രീയും, യെശയ്യാവിന്റെ പ്രവചനത്തിൽ പ്രസ്താവിച്ചിരിക്കുന്ന സീയോനും ഒന്നു തന്നെയാകുന്നു എന്നുള്ളതാണ്. അതുപോലെ അവൾ പ്രസവിക്കുന്ന ആൺകുഞ്ഞ് അഥവാ ആൺകുട്ടി സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയാകുന്നു എന്നും മീതെയുള്ള യെരുശലേം എന്ന നമ്മുടെ അമ്മയാകുന്ന സ്വർഗ്ഗീയ പറുദീസ്സയെയാണ് സ്ത്രീ പ്രതിനിധീകരിക്കുന്നത് എന്നുമാണ് സ്ഥിരികരിക്കപ്പെടുന്നത്.

സർവ്വസൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നത് ദൈവമക്കളുടെ വീണ്ടെടുപ്പായ പുത്രത്വത്തിനുവേണ്ടിയാകുന്നു എന്നാണ് റോമർക്ക് എഴുതിയിരിക്കുന്ന ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് (റോമ. 8:18-23). സർവ്വസൃഷ്ടികളിൽനിന്നുമുള്ള ആദ്യഫലമായ സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ വെളിപ്പാടിനോടുള്ള ബന്ധത്തിലെ സർവ്വസൃഷ്ടിയുടെയും ഞരക്കവും ഈറ്റുനോവുമാണ് വെളിപ്പാട്പുസ്തകം പന്ത്രണ്ടാം അദ്ധ്യായത്തിൽ സ്ത്രീ ഗർഭിണിയായി നോവുകിട്ടി വേദനപ്പെട്ടു നിലവിളിച്ചു എന്ന് എഴുതിയിരിക്കുന്നതിൽനിന്ന് വ്യക്തമാക്കപ്പെടുന്നത്. അതിൽനിന്നും വിഭിന്നമായ വേദനയെക്കുറിച്ചാണ് സീയോനോടുള്ള ബന്ധത്തിൽ യെശയ്യാവു പ്രവചിച്ചിരിക്കുന്നത്, അത് കഷ്ടതയാകുന്ന വേദനയെക്കുറിച്ചാണ്. സൂര്യതേജസ്സു പ്രാപിക്കുന്ന ആത്മമണ്ഡലത്തിലുള്ള ആദ്യജാതന്മാരുടെ സഭ ഭൂമിയിൽനിന്നും എടുക്കപ്പെട്ടതിനുശേഷം മാത്രമേ സാത്താനികമഹോപദ്രവം ഭൂമിയിൽ ആരംഭിക്കുകയുള്ളൂ. ജയാളികളാകുന്ന ആദ്യജാതന്മാരുടെ സഭ സാത്താനിക മഹോപദ്രവത്തിലൂടെ കടന്നുപോകുകയില്ല എന്നതിന്റെ വ്യക്തതയാണ് യെശയ്യാവിന്റെ പ്രവചനത്തിലും വെളിപ്പാട്പുസ്തകത്തിലും വ്യക്തമാക്കിയിരിക്കുന്നത്.

വെളിപ്പാട്പുസ്തകം പന്ത്രണ്ടാം അദ്ധ്യായത്തിൽ പ്രസ്താവിച്ചിരിക്കുന്ന സ്ത്രീ മീതെയുള്ള യെരുശലേമാകുന്നു എന്നും അവിടെനിന്നും സൂര്യന്റെ തേജസ്സോടെ പുനരുത്ഥാനം പ്രാപിക്കുന്നവരാണ് കുഞ്ഞാടിനോടു ചേരുവാനുള്ള പുത്രത്വം പ്രാപിക്കുന്ന നിർമ്മലകന്യക എന്നുമാണ് ഇതിനോടകമുള്ള പഠനത്തിൽനിന്നും നാം ഗ്രഹിച്ചത്. അതിനാൽ വെളിപ്പാട്പുസ്തകം 12-ാം അദ്ധ്യായത്തിലെ **സ്ത്രീ** പ്രതിനിധീകരിക്കുന്നത് കന്യക മറിയത്തെയോ യിസ്രായേലിനെയോ അല്ലായെന്നും അതുപോലെ സ്ത്രീ പ്രസവിച്ച **ആൺകുട്ടി** യേശുക്രിസ്തുവോ നൂറ്റിനാല്പതിനായിരമോ ആഗോളസഭയോ അല്ല എന്നുമാണ് ഇവിടെ സ്ഥിരീകരിച്ചിരിക്കുന്നത്.

വെളിപ്പാട്പുസ്തകം പന്ത്രണ്ടാം അദ്ധ്യായത്തിന്റെ പഠനത്തിൽനിന്നും നമുക്ക് ലഭിക്കുന്നത് കർത്താവിന്റെ മദ്ധ്യാകാശവരവ്, സഭയുടെ എടുക്കപ്പെടൽ, അനന്തരസംഭവങ്ങൾ എന്നിവയെക്കുറിച്ചുള്ള വെളിപ്പാടാണ്. അതു മുഴുവൻ വിശദീ

കരിക്കാതെ പ്രധാനവസ്തുതകൾ മാത്രം എഴുതി ഈ ഭാഗത്തിന്റെ പഠനം അവസാനിപ്പിക്കുന്നു.

- സ്വർഗ്ഗീയപറുദീസ്സയാകുന്ന മീതെയുള്ള യെരുശലേം എന്ന നമ്മുടെ അമ്മയെയാണ് സൂര്യനെ അണിഞ്ഞൊരു സ്ത്രീ ആലങ്കാരികമായി പ്രതിനിധീകരിക്കുന്നത്.
- സ്വർഗ്ഗീയപറുദീസ്സയിൽ വിശ്രമിക്കുന്ന വിശുദ്ധന്മാരുടെ തേജസ്സിന്റെ മൂന്ന് ആത്മമണ്ഡലങ്ങളായ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയെ വെളിപ്പെടുത്തുന്നതിനാണ് സ്ത്രീയെ ഇവയോട് ബന്ധപ്പെടുത്തി ചിത്രീകരിച്ചിരിക്കുന്നത്
- പുനരുത്ഥാനത്തിൽ സ്വർഗ്ഗീയശരീരങ്ങളുടെ തേജസ്സു പ്രാപിക്കുന്നവരിലെ പരമോന്നതനിരയിലുള്ളവരാണ് സൂര്യതേജസ്സു പ്രാപിക്കുന്ന നിർമ്മലകന്യക.
- സ്ത്രീ ഗർഭിണിയായി വേദനപ്പെട്ടു നിലവിളിക്കുന്നത് ദൈവപുത്രന്മാരുടെ വെളിപ്പാടിനുള്ള സമയം ആഗതമായി എന്നതിനെയാണ് സൂചിപ്പിക്കുന്നത്.
- സ്വർഗ്ഗത്തിൽ പ്രത്യക്ഷപ്പെടുന്ന സർപ്പം സാത്താനികത്രിമൂർത്തികളായ സാത്താൻ, മൃഗം, കള്ളപ്രവാചകൻ എന്നിവരെയാണ് ആലങ്കാരികമായി പ്രതിനിധീകരിക്കുന്നത്. സർപ്പമാകുന്ന സാത്താന്റെ **തല** എതിർക്രിസ്തുവാകുന്ന മൃഗവും **വാൽ** വശീകരിക്കുന്ന കള്ളപ്രവാചകനെയുമാണ് പ്രതിനിധീകരിക്കുന്നത്. എതിർക്രിസ്തുവും കള്ളപ്രവാചകനും അതുവരെ ഭൂമിയിൽ പരസ്യമായി പ്രത്യക്ഷപ്പെട്ടിട്ടില്ലാത്തതുകൊണ്ടാണ് മർമ്മമായി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നത്.
- സ്ത്രീ പ്രസവിക്കുന്ന ആൺകുട്ടിയെ തിന്നുകളയുക എന്ന ലക്ഷ്യത്തോടെയാണ് സാത്താൻ ആകാശമണ്ഡലത്തിൽ സസൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരിക്കുന്നത്.
- സ്ത്രീ പ്രസവിക്കുന്ന ആൺകുട്ടി സകല ജാതികളെയും ഇരിമ്പുകോൽകൊണ്ടു മേയിപ്പാനുള്ള പുത്രത്വത്തിന്റെ അധികാരമുള്ള സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയാണ്.
- സകല ജാതികളെയും ഇരുമ്പു കോൽകൊണ്ട് മേയിപ്പാനുള്ളൊരു ആൺകുട്ടിയെ സ്ത്രീ **പ്രസവിച്ചു** എന്നത് പുതിയ നിയമസഭയിൽ ജയാളികളാകുന്നവരുടെ **പുനരുത്ഥാനത്തെയും രൂപാന്തരത്തെയും** മർമ്മമായി പ്രസ്താവിക്കുമ്പോൾ

**പെട്ടെന്ന് എടുക്കപ്പെട്ടു** എന്നത് അവരുടെ **സ്വർഗ്ഗാരോഹണ ത്തെയാണ്** കുറിക്കുന്നത്. അതെക്കുറിച്ചാണ് കണ്ണിമയ്ക്കുന്നി ടയിൽ നടക്കുന്ന നിർമ്മലകന്യകയുടെ പുനരുത്ഥാനത്തെയും രൂപാന്തരത്തെയും സ്വർഗ്ഗാരോഹണത്തെയും കുറിച്ച് പുതി യനിയമ ലേഖനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

- സാത്താനാകുന്ന മഹാസർപ്പവും അവന്റെ വശീകരണത്തിൽ വീഴുന്ന ദുഷ്ടദൂതന്മാരുമാണ് മദ്ധ്യാകാശത്തിൽവെച്ചു നട ക്കുന്ന യുദ്ധത്തിൽ ദൈവത്തിന്റെ പ്രധാനദൂതനായ മീഖാ യേലിനോടും അവന്റെ ദൂതന്മാരോടും പടവെട്ടുന്നത്.
- പുതിയസഭയിലെ ജയാളികൾ സ്വർഗ്ഗാധിസ്വർഗ്ഗത്തിലെ ദൈവത്തിന്റെ സിംഹാസനത്തിലേക്ക് എടുക്കപ്പെടുന്ന സന്ദർഭത്തിലാണ് സാത്താനെയും അവന്റെ ദൂതന്മാരെയും മീഖായേലും അവന്റെ ദൂതന്മാരും തോല്പിച്ച് ദൈവത്തിന്റെ പാദപീഠമാകുന്ന ഭൂമിയിലേക്ക് തള്ളിക്കളയുന്നത്.
- പുതിയനിയമത്തിൽ ആറു പ്രാവശ്യം പരാമർശിച്ചിരിക്കുന്ന സങ്കീർത്തനത്തിലെ പ്രവചനമാകുന്ന "ഞാൻ നിന്റെ ശത്രു ക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തു ഭാഗ ത്തിരിക്ക" എന്നപ്രവചനം നിറവേറപ്പെടുന്നത് കർത്താവിന്റെ മദ്ധ്യാകാശപ്രത്യക്ഷതയിലാണ്.
- ദൈവത്തിന്റെ ശത്രുവാകുന്ന സാത്താനെയും അവന്റെ ദൂത ന്മാരെയും ആകാശമണ്ഡലത്തിൽനിന്നും ദൈവത്തിന്റെ പാദ പീഠമാകുന്ന ഭൂമിയിലേക്കാണ് തള്ളിക്കളയുന്നത്. അന്നു വരെയാണ് പിതാവാംദൈവത്തിന്റെ വലത്തുഭാഗത്ത് പുത്രനാംദൈവം ഇരിക്കുന്നത്.
- ക്രിസ്തു എന്ന ആത്മമണവാളനോടു ചേരുവാനുള്ള ആത്മ മണവാട്ടിയുടെ എണ്ണം തികെയുന്ന സന്ദർഭത്തിലാണ് മഹാ പുരോഹിതനാകുന്ന ക്രിസ്തു കാഹളമൂതുന്നത്. അപ്പോൾ സ്വർഗ്ഗീയപറുദീസ്സയിൽ മൂന്നാം സ്വർഗ്ഗത്തിൽ വിശ്രമിക്കുന്ന പുത്രത്വം പ്രാപിക്കുവാനുള്ളവരുടെ പുനരുത്ഥാനവും അതേ നിലവാരത്തിൽ ഭൂമിയിൽ ജീവനോടുള്ളവരുടെ രൂപാ ന്തരവുമാണ് സംഭവിക്കുന്നത്.
- ആദ്യജാതന്മാരുടെ സഭ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ സിംഹാ സനത്തിലേക്ക് എടുക്കപ്പെട്ടതിനുശേഷമാണ് മൂന്നര വർഷത്തെ സാത്താനിക മഹോപദ്രവം ഭൂമിയിൽ ആരംഭിക്കുന്നത്.

- ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ സർപ്പം ഉപദ്രവിക്കുന്നതാണ് സാത്താനിക മഹോപദ്രവം. അത് മൂന്നര വർഷക്കാലത്തേയ്ക്കുള്ളതാണ്.
- പരിശുദ്ധാത്മാവും തികവുപ്രാപിക്കുന്ന സഭയും ഭൂമിയിൽനിന്നും എടുക്കപ്പെട്ടതിനു ശേഷം ഭൂമിയിലെ ആത്മീയ അന്തരീക്ഷം മരുഭൂമിക്കു സമാനമായിത്തീരുന്നു. ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയുടെ സന്തതിയിൽ ശേഷിപ്പിലുള്ളവർ പുനരുത്ഥാനത്തിൽ ചന്ദ്രതേജസ്സും നക്ഷത്രതേജസ്സും പ്രാപിക്കാനുള്ള രണ്ടു വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരാണ്. യേശുവിന്റെ സാക്ഷ്യമാകുന്ന സുവിശേഷത്തിന്റെ വക്താക്കളാണ് ഒരു വിഭാഗമെങ്കിൽ മറ്റൊരുകൂട്ടർ ദൈവകല്പന പ്രമാണിക്കുന്ന പഴയനിയമത്തിന്റെ സാക്ഷികളാണ്.
- സ്വർഗ്ഗീയപറുദീസ്സയിലെ മൂന്നാം സ്വർഗ്ഗത്തിലുള്ള നിർമ്മല കന്യകയിൽപ്പെടുന്നവരുടെ പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും മാത്രമാണ് കർത്താവിന്റെ മദ്ധ്യാകാശപ്രത്യക്ഷതയിൽ നിറവേറപ്പെടുന്നത്. പറുദീസ്സയിലെ രണ്ടാം സ്വർഗ്ഗത്തിലുള്ള പുതിയനിയമസഭയുടെ തോഴിമാരാകുന്ന ചന്ദ്രതേജസ്സു പ്രാപിക്കുവാനുള്ള കന്യകമാരുടെ ഗണത്തിൽപ്പെടുന്നവരും ഒന്നാം സ്വർഗ്ഗത്തിൽ വിശ്രമിക്കുന്ന നക്ഷത്രതേജസ്സു പ്രാപിക്കുവാനുള്ള പഴയനിയമശ്രേഷ്ഠന്മാരുടെ ആത്മാക്കളും അവിടെത്തന്നെ വിശ്രമത്തിലായിരിക്കും.
- സ്വർഗ്ഗമാകുന്നപറുദീസ്സയിൽ വസിക്കുന്നവർക്ക് സ്വസ്ഥത ലഭിക്കുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് അപവാദിയായ സാത്താനെ ആകാശത്തിൽനിന്നും എന്നെന്നേക്കുമായി ഭൂമിയിലേക്ക് തള്ളിക്കളയുന്നതുകൊണ്ടാണ്.
- സാത്താൻ കടല്പുറത്തെ മണൽപോലെയുള്ള ജാതികളുടെ മീതെ നില്ക്കുന്നത് ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയുടെ സന്തതിയിലെ ശേഷിപ്പിലുള്ളവരോടു യുദ്ധം ചെയ്യുന്നതിനു വേണ്ടിയാണ്.
- മരുഭൂമിയിലേക്ക് ഓടിപ്പോകുന്ന ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെക്കുറിച്ച് മൂന്നരവർഷത്തെ സാത്താനീക മഹോപദ്രവത്തിനു ശേഷം യാതൊരു പരാമർശവും വെളിപ്പാട്പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. അതിന്റെ കാരണം സ്ത്രീ പ്രതിനിധീകരിക്കുന്ന പറുദീസ്സയിലെ സകല വിശുദ്ധന്മാരു

ടെയും പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും എതിർ ക്രിസ്തുവിന്റെ ഭരണാരംഭത്തിങ്കൽ പൂർത്തീകരിക്കപ്പെടുന്ന തുകൊണ്ടാണ്.

- ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയുടെ സന്തതിയിലെ ശേഷി പ്പിലുള്ളവരെയാണ് രണ്ട് സാക്ഷികൾ അഥവാ രണ്ട് അഭി ഷിക്തന്മാർ പ്രതിനിധീകരിക്കുന്നത്. അവർ **രണ്ട്** ഒലിവുമ രവും **രണ്ട്** നിലവിളക്കുമാകുന്നു. അതിൽ സാത്താനിക മഹോപദ്രവത്തിൽ സുവിശേഷത്തിന്റെ സാക്ഷ്യത്തിനായി നിലകൊള്ളുന്നവരെയാണ് **ഒന്നാമത്തെ നിലവിളക്ക്** പ്രതി നിധീകരിക്കുന്നത്. അതേസമയം പഴയനിയമത്തിന്റെ സാക്ഷി കളെ പ്രതിനിധീകരിക്കുന്നത് **ഒന്നാമത്തെ ഒലിവുമരമാണ്**.
- എതിർക്രിസ്തു പ്രത്യക്ഷപ്പെടുമ്പോൾ അന്ന് സാക്ഷ്യം തികെച്ച് നിൽക്കുന്നവരെയാണ് കൊന്നുകളയുന്നത്. അവ രുടെ ശവശരീരങ്ങളാണ് യെരുശലേമിന്റെ വീഥിയിൽ മൂന്നര ദിവസം കിടക്കുന്നത്.
- മൂന്നര ദിവസം കഴിയുമ്പോൾ രണ്ടു സാക്ഷികളുടെ പുനരു ത്ഥാനവും സ്വർഗ്ഗാരോഹണവും സംഭവിക്കുന്നതോടെ മീതെ യുള്ള യെരുശലേമിലെ സകല വിശുദ്ധന്മാരുടെയും പുനരു ത്ഥാനവും സ്വർഗ്ഗാരോഹണവുമാണ് നിറവേറപ്പെടുന്നത്. അതിനുശേഷമാണ് മൂന്നരവർഷത്തെ എതിർക്രിസ്തുവിന്റെ മൃഗീയഭരണം ആരംഭിക്കുന്നത്.
- എതിർക്രിസ്തുവിന്റെ ഭരണത്തിൽ സുവിശേഷത്തിന്റെ സാക്ഷ്യത്തിനായി നിലകൊള്ളുന്നവരെയാണ് **രണ്ടാമത്തെ നിലവിളക്ക്** പ്രതിനിധീകരിക്കുന്നത്. അതേസമയം പഴയ നിയമത്തിന്റെ സാക്ഷികളെ പ്രതിനിധീകരിക്കുന്നത് **രണ്ടാ മത്തെ ഒലിവുമരമാണ്**.
- എതിർക്രിസ്തുവിന്റെ ഭരണത്തിൽ രക്തസാക്ഷിത്വം വരി ക്കുന്ന അറുക്കപ്പെട്ടവരുടെ ആത്മാക്കളെ സൂക്ഷിക്കുന്നത് യാ ഗപീഠത്തിൻകീഴിൽ അഥവാ ഭൂമിക്കു കീഴിലാണ്.
- കർത്താവിന്റെ രണ്ടാമത്തെ വരവാകുന്ന മഹത്വപ്രത്യക്ഷ തയ്ക്കു മുമ്പ് എതിർക്രിസ്തുവിന്റെ ഭരണത്തിൽ രക്തസാ ക്ഷിത്വം വരിക്കുന്നവരുടെ പുനരുത്ഥാനമാകുന്ന **ഒന്നാമത്തെ പുനരുത്ഥാനം** നിറവേറപ്പെടുന്നു.

- ഒന്നാമത്തെ പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും നിറവേറപ്പെടുന്നതോടെയാണ് മഹാരാജാവാകുന്ന ക്രിസ്തുവിനോടൊപ്പം ഭൂമിയിൽ പ്രത്യക്ഷപ്പെടുവാനുള്ള സകല വിശുദ്ധന്മാരുടെയും മുൻനിർണ്ണയപ്രകാരമുള്ളഎണ്ണം തികെയപ്പെടുന്നത്.

കർത്താവിന്റെ സഭ മദ്ധ്യാകാശപ്രത്യക്ഷതയിൽ എടുക്കപ്പെട്ടതിനു ശേഷം നടക്കുന്ന സംഭവങ്ങളുടെ ചുരുക്കെഴുത്താണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഇതിന്റെ വിശദമായ പഠനം ആഗ്രഹിക്കുന്നവർ ദയവായി 'പുസ്തകവ്യാഖ്യാനം-വെളിപ്പാട്' എന്ന ഗ്രന്ഥം വായിക്കുക.

ദൈവമക്കൾ പ്രത്യാശയോടെ കാത്തിരിക്കുന്ന ആത്മമണവാളന്റെ പ്രത്യക്ഷതയുടെ സമയം സമീപിച്ചിരിക്കുന്നു. അതിനായി കാത്തിരിക്കുന്നവരാണ് അവന്റെ കാഹളശബ്ദം കേൾക്കുന്നത്. അവൻ മദ്ധ്യാകാശത്തിൽ തന്റെ കാന്തയെ ചേർക്കുവാൻ ഇറങ്ങിവരുമ്പോൾ പരിശുദ്ധാത്മാവിനാൽ ഇവിടെനിന്നും എടുക്കപ്പെടുന്ന മണവാട്ടിസഭയിൽ നാം ഉൾപ്പെടണം, കർത്താവിന്റെ മദ്ധ്യാകാശവരവിന് മുമ്പ് നാം ഇഹലോകം വെടിഞ്ഞാൽ പത്രൊസും പൌലൊസും ഉൾപ്പെടെയുള്ള അതിശ്രേഷ്ഠന്മാർ വിശ്രമിക്കുന്ന സ്വർഗ്ഗീയപറുദീസ്സയിലെ മൂന്നാം സ്വർഗ്ഗത്തിലേക്ക് നമ്മുടെ ആത്മാവ് പ്രവേശിക്കപ്പെടണം. അപ്രകാരമെങ്കിൽ കർതൃകാഹളത്തിൽ നാം അവരോടൊപ്പം പുനരുത്ഥാനം പ്രാപിക്കും. വിശുദ്ധിയെ തികെച്ച് ജീവനോടിരിക്കുകയാണെങ്കിൽ അതേ കാഹളശബ്ദത്തിൽ നാം രൂപാന്തരപ്പെടും. ഇതുവരെയും കർത്താവിന്റെ മദ്ധ്യാകാശവരവിനുവേണ്ടി ഒരുങ്ങാത്ത ആരെങ്കിലും ഈ പുസ്തകം വായിക്കുന്നുവെങ്കിൽ ഒരു മനുഷ്യന് നേടാവുന്നതിലെ പരമപ്രധാനമായ നേട്ടം നഷ്ടമാക്കിക്കളയരുതേയെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ആത്മമണവാളന്റെ വരവിനായി നമുക്ക് ഒരുങ്ങാം. അവന്റെ വരവിങ്കൽ നാം കാണപ്പെടും എന്ന പ്രത്യാശയോടെ ഈ അദ്ധ്യായത്തിന്റെ പഠനം പൂർത്തീകരിക്കുന്നു. മദ്ധ്യാകാശപ്രത്യക്ഷതയ്ക്കു ശേഷം ഏഴു വർഷം കഴിയുമ്പോൾ ക്രിസ്തുവെന്ന മഹാരാജാവും അവനോടുകൂടെ സകല വിശുദ്ധന്മാരും ആയിരമാണ്ട് വാഴ്ചയ്ക്കായി ഭൂമിയിലേക്ക് ഇറങ്ങിവരും. അതേക്കുറിച്ചാണ് 'മഹാരാജാവ്' എന്ന അടുത്ത അദ്ധ്യായത്തിൽ നാം ചിന്തിക്കുന്നത്.

അദ്ധ്യായം 5

# മഹാരാജാവ്

*ദൈവം ലോകാരംഭം മുതൽ തന്റെ വിശുദ്ധ പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തതൊക്കെയും യഥാസ്ഥാനത്താകുന്ന കാലം വരുവോളം സ്വർഗ്ഗം അവനെ കൈക്കൊള്ളേണ്ടതാകുന്നു (അപ്പൊ. 3:21).*

കർത്താവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് ലോകാരംഭത്തിൽ പ്രവചിച്ചു തുടങ്ങിയത് ആദാം മുതൽ ഏഴാമനായ ഹാനോക്കാണ്. അതേക്കുറിച്ച് അവൻ പ്രവചിച്ചിരിക്കുന്നത് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

*ഇതാ കർത്താവ് എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവർത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെയൊക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടുകൂടെ വന്നിരിക്കുന്നു എന്നു പ്രവചിച്ചു (യൂദാ :15)*

കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ അവൻ രാജത്വം പ്രാപിച്ച് മഹാരാജാവായി വരുമ്പോൾ ഏകനായിട്ടല്ല അവനോടുകൂടെ ആയിരമായിരം **വിശുദ്ധന്മാരും** കാണുമെന്ന് ഹാനോക്ക് പ്രവചിച്ചത് അവൻ അവരിൽ ഉൾപ്പെടുമെന്നതുകൊണ്ടായിരുന്നു. സെഖര്യാവിന്റെ പ്രവചനത്തിലും കർത്താവിനോടുകൂടെ സകല വിശുദ്ധന്മാരും വരും എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് അക്ഷരാർത്ഥത്തിൽ നിറവേറപ്പെടുവാനുള്ളതാണ്. സെഖര്യാവ് പ്രവചിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

*... എന്റെ ദൈവമായ യഹോവയും അവനോടുകൂടെ സകല വിശുദ്ധന്മാരും വരും (സെഖ. 14:5).*

പഴയ-പുതിയനിയമങ്ങളിൽ ഇതെക്കുറിച്ചുള്ള അനവധി പ്രവചനങ്ങളുണ്ട്. അതു മുഴുവൻ എഴുതി ഇവിടെ തെളിയിക്കുന്നില്ലായെങ്കിലും പുതിയനിയമത്തിൽ തെസ്സലൊനീക്യർക്ക് എഴുതിയ ലേഖനത്തിൽ അപ്പൊസ്തലനായ പൌലൊസ് എഴുതിയിരിക്കുന്ന ചില ഭാഗങ്ങൾ കൂടിയാണ് ചുവടെ രേഖപ്പെടുത്തിയിരിക്കുന്നത്.

*ഇങ്ങനെ നമ്മുടെ കർത്താവായ യേശു തന്റെ സകല വിശുദ്ധന്മാരുമായി വരുന്ന പ്രത്യക്ഷതയിൽ നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകെ വിശുദ്ധീകരണത്തിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം നിങ്ങളുടെ ഹൃദയങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുമാറാകട്ടെ (1 തെസ്സ. 3:13).*

അവൻ മഹാരാജാവായി ഇനി വരുന്നത് ലോകത്തെ വിധിപ്പാനായിട്ടാണ്. എന്നാൽ കർത്താവിന്റെ ഒന്നാമത്തെ വരവ് ലോകത്തെ വിധിപ്പാനായിട്ടായിരുന്നില്ല, ലോകത്തെ രക്ഷിപ്പാൻ വേണ്ടിയായിരുന്നു. അതെക്കുറിച്ചാണ് സുവിശേഷത്തിൽ കർത്താവായ യേശു വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നത്. അത് ദൈവം തന്റെ പുത്രനെ ഭൂമിയിൽ അയച്ചത് ലോകത്തെ വിധിപ്പാനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രെ എന്നായിരുന്നു. ന്യായവിധി ജയത്തോളം അവൻ നടത്തുന്നതിനെക്കുറിച്ചാണ് ന്യായാധിപതി എന്ന അടുത്ത അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ഈ അദ്ധ്യാത്തിൽ തുടർന്ന് നാം ചിന്തിക്കുന്നത് കർത്താവിനോടുകൂടെ വരുന്ന വിശുദ്ധന്മാരെക്കുറിച്ചും അത് എപ്പോൾ? എങ്ങനെ? സംഭവിക്കുന്നു എന്നതിനെക്കുറിച്ചുമാണ്.

കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ചത് കർത്താവിന്റെ മദ്ധ്യാകാശപ്രത്യക്ഷതയും അനന്തരസംഭവങ്ങളെക്കുറിച്ചുമായിരുന്നു. കർത്താവിനോടു കൂടെ വരുവാനുള്ള സകല വിശുദ്ധന്മാരും സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ എത്തിച്ചേർന്നതിനു ശേഷമാണ് കുഞ്ഞാടാംദൈവം രാജത്വം സ്വർഗ്ഗത്തിൽ ഏറ്റെടുക്കുന്നത്. അതെത്തുടർന്നാണ് കുഞ്ഞാടിന്റെ സ്വർഗ്ഗീയവിവാഹം അവിടെവെച്ച് നിറവേറപ്പെടുന്നത്. മേലാൽ സംഭവിപ്പാനുള്ള സകല കാര്യങ്ങളുടെയും വ്യക്തത നമുക്ക് ലഭിക്കണമെങ്കിൽ വെളിപ്പാടുപുസ്തകത്തിന്റെ പഠനം അനിവാര്യമാണ് ഈ അദ്ധ്യായത്തിലും അതിന്റെ മുഴുവൻ വിശദീകരണങ്ങളിലേക്ക് പ്രവേശിക്കാതെ വിവരണം പരിമിതപ്പെടുത്തിയിരിക്കുന്നത് വിസ്താര ഭയത്താലാണ്.

സ്വർഗ്ഗീയതേജസ്സു പ്രാപിച്ച് സ്വർഗ്ഗാധിസ്വർഗ്ഗത്തിലേക്ക് ഭൂമിയിൽനിന്നും എടുക്കപ്പെടുന്നവരാണ് കർത്താവിനോടുകൂടെ തിരികെ ഭൂമിയിലേക്ക് മടങ്ങിവരുന്നത്. അപ്രകാരം സ്വർഗ്ഗീയതേജസ്സു പ്രാപിക്കുന്നവരിൽ തേജസ്സിന്റെ മൂന്ന് ആത്മ മണ്ഡലങ്ങളിൽ ഉൾപ്പെടുന്നവരാണുള്ളത്. അവരെക്കുറിച്ചാണ് കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ചത്. ആ മൂന്നു വിഭാഗങ്ങളിൽപ്പെടുന്നവർ കുഞ്ഞാടിന്റെ മണവാട്ടി, കാന്തയുടെ തോഴിമാരാകുന്ന കന്യകമാർ, മണവാളന്റെ തോഴ്മക്കാർ എന്നിവരാണ്. അതിന്റെ ലഘുവിവരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

**കുഞ്ഞാടിന്റെ മണവാട്ടി**

വെളിപ്പാട്പുസ്തകം രണ്ട്, മുന്ന് അദ്ധ്യായങ്ങളിൽ ഏഴു നിലവിളക്കിനോടുള്ള ബന്ധത്തിൽ വിശദീകരിച്ചിരിക്കുന്നത് ഇപ്പോൾ നിലവിലുള്ള ആഗോളസഭയെയാണ്. അവരിൽനിന്നു തികവു പ്രാപിക്കുന്ന ജയാളികളായവരാണ് സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭ. കർത്താവിന്റെ മദ്ധ്യാകാശവരവിങ്കൽ ദൈവത്തിന്റെ ശത്രുക്കളെ അവന്റെ പാദപീഠമാകുന്ന ഭൂമിയിലേക്ക് തള്ളിക്കളയുന്ന സന്ദർഭത്തിലാണ് സൂര്യതേജസ്സ് പ്രാപിക്കുന്ന നിർമ്മലകന്യകയെന്ന മണവാട്ടിസഭ സ്വർഗ്ഗാധിസ്വർഗ്ഗത്തിലേക്ക് പെട്ടന്ന് എടുക്കപ്പെടുന്നത്. അതാണ് ആലങ്കാരിക ഭാഷയിൽ വെളിപ്പാട്പുസ്തകം 12-ാം അദ്ധ്യായത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത്. അതിൽ സ്ത്രീ പ്രസവിച്ച ആൺകുട്ടിയെ ദൈവത്തിന്റെ സിംഹാസനത്തിലേക്ക് **പെട്ടെന്ന് എടുക്കപ്പെട്ടു** എന്നതാണ് മണവാട്ടിസഭ സ്വർഗ്ഗാധിസ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നു എന്നത് മർമ്മമായി രേഖപ്പെടുത്തിയിരിക്കുന്നത്. അതേക്കുറിച്ചാണ് കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ചത്.

മണവാട്ടിസഭയും മണവാളനാകുന്ന ക്രിസ്തുവും തമ്മിലുള്ള വിവാഹം മദ്ധ്യാകാശത്തുവെച്ചല്ല സ്വർഗ്ഗാധിസ്വർഗ്ഗത്തിൽവെച്ചാണ് നിറവേറപ്പെടുന്നത് (വെളി. 19:7). മദ്ധ്യാകാശത്ത് മണിയറയിൽ ഏഴുവർഷം മണവാട്ടിസഭ ഇരിക്കുകയല്ല, അവർ സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ കുഞ്ഞാടിനോടുകൂടെ അധികാരത്തിലും ശുശ്രൂഷയിലും തേജസ്സിലുംപങ്കാളിയാവുകയാണ് ചെയ്യുന്നത്. ദൈവീകത്രിത്വത്തോടുള്ള ബന്ധത്തിൽ സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ മണവാട്ടിസഭയെ പ്രതിനിധീകരിക്കുന്നത് **ഇരുപത്തിനാല് മൂപ്പന്മാരും നാലു ജീവികളും ഏഴു ദീപങ്ങളുമാണ്**. പിതാവാം ദൈവത്തിന്റെ അധികാരത്തോടുള്ള ബന്ധത്തിൽ സിംഹാസ

നങ്ങളിൽ ഇരിക്കുന്ന **ഇരുപത്തിനാലു മൂപ്പന്മാരും,** കുഞ്ഞാടാം ദൈവത്തിന്റെ ശുശ്രൂഷയോടുള്ള ബന്ധത്തിൽ **നാലു ജീവികളും,** പരിശുദ്ധാത്മാവിന്റെ തേജസ്സിനോടുള്ള ബന്ധത്തിൽ **ഏഴു ദീപങ്ങളുമാണ്** ജയാളികളാകുന്ന സഭയെ സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ പ്രതിനിധീകരിക്കുന്നത് (വെളി. 4:4-6). അവയുടെ ലഘു വിശദീകരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

**ഇരുപത്തിനാലു മൂപ്പന്മാർ**

ഇരുപത്തിനാലു മൂപ്പന്മാരാണ് പുതിയനിയമസഭയുടെ ജയാളികളെ സ്വർഗ്ഗീയ അധികാരത്തോടുള്ള ബന്ധത്തിൽ സ്വർഗ്ഗത്തിൽ പ്രതിനിധീകരിക്കുന്നത്. പന്ത്രണ്ടു മൂപ്പന്മാർ യേശുക്രിസ്തു തിരഞ്ഞെടുത്ത പന്ത്രണ്ടുപേരിൽ പതിനൊന്നുപേരും ദൈവസഭയുടെ ആരംഭമിടുന്നതിനു മുമ്പ് അപ്പൊസ്തലന്മാർ പരിശുദ്ധാത്മ നിയോഗത്താൽ തിരഞ്ഞെടുത്ത മത്ഥിയാസും ആകുന്നു. അവർ **യിസ്രായേൽ ഗോത്രങ്ങളിൽനിന്നും** തിരഞ്ഞെടുക്കപ്പെട്ടവരാണ്. എന്നാൽ ആഗോളദൈവസഭയിൽനിന്നു **ജാതികളെ** പ്രതിനിധീകരിക്കുന്ന പന്ത്രണ്ടുപേരാണ് ഇരുപത്തിനാലു മൂപ്പന്മാരിലെ ശേഷിച്ചവർ. അവരിൽ പ്രഥമസ്ഥാനം ജാതികളുടെ അപ്പൊസ്തലനായ **പൌലൊസിനാണ്**. ശേഷിച്ച പതിനൊന്നുപേർ ആരാണെന്നുള്ളത് അതീവ രഹസ്യമാണ്. അത് സ്വർഗ്ഗാധിസ്വർഗ്ഗത്തിനുമാത്രമാണ് അറിയാവുന്നത്. ഇരുപത്തിനാലു മൂപ്പന്മാർ ഇരുപത്തിനാലു സിംഹാസനങ്ങളിൽ ഇരിക്കുന്നത് ആദ്യജാതന്മാരുടെ സഭയുടെ സ്വർഗ്ഗീയ അധികാരത്തെയാണ് വെളിപ്പെടുത്തുന്നത്.

**നാലു ജീവികൾ**

നാലു ജീവികൾ സ്വർഗ്ഗീയ ശുശ്രൂഷയോടുള്ള ബന്ധത്തിൽ കുഞ്ഞാടിനോടുകൂടെയാണ് കാണപ്പെടുന്നത്. വചനമാംദൈവം മനുഷ്യപുത്രനായി ലോകത്തിൽ പ്രത്യക്ഷപ്പെട്ടപ്പോൾ അവൻ ദൈവീകശുശ്രൂഷയോടുള്ള ബന്ധത്തിൽ നാലു ജീവികളോടു സദൃശ്യമായിരുന്നു. അതാണ് നാലു സുവിശേഷങ്ങളിലൂടെ വെളിപ്പെടുത്തിയിരിക്കുന്നത്. മത്തായി എഴുതിയ സുവിശേഷം യേശുവിനെ യെഹൂദയുടെ രാജാവാകുന്ന **സിംഹമായിട്ടാണ്** വെളിപ്പെടുത്തിയിരിക്കുന്നതെങ്കിൽ ദൈവത്തിന്റെ ദാസൻ എന്ന നിലയിൽ മർക്കൊസ് എഴുതിയ സുവിശേഷത്തിൽ **കാളയോടാണ്** സദൃശ്യപ്പെടുത്തിയിരിക്കുന്നത്. ലൂക്കൊസ് എഴുതിയ സുവിശേഷത്തിൽ യേശുവിനെ **മനുഷ്യനായും** യോഹന്നാൻ എഴുതിയ

സുവിശേഷത്തിൽ അവനെ **കഴുകൻ** അഥവാ ദൈവപുത്രനായിട്ടുമാണ് വെളിപ്പെടുത്തിയിരിക്കുന്നത്.

അതുപോലെ സ്വർഗ്ഗത്തിൽ എത്തിച്ചേരുന്ന ആദ്യജാതന്മാരുടെ സഭ അധികാരമുള്ളവരും ദൈവത്തിന്റെ ദാസന്മാരും മനുഷ്യകുലത്തിൽനിന്നു ഉയർത്തപ്പെട്ട ദൈവപുത്രന്മാരുമാകുന്നു എന്നാണ് നാലു ജീവികളോടുള്ള ബന്ധത്തിൽ അവിടെ എത്തിച്ചേരുന്ന സഭയെ വെളിപ്പെടുത്തിയിരിക്കുന്നതിൽനിന്ന് വ്യക്മാക്കപ്പെടുന്നത്.

**ഏഴു ദീപങ്ങൾ**

പളുങ്കിനൊത്ത കണ്ണാടിക്കടൽ പരിശുദ്ധാത്മാവിനെ പ്രതിനിധീകരിക്കുമ്പോൾ ഏഴു ദീപങ്ങൾ ഏഴു നിലവിളക്കായിരുന്ന ആഗോളസഭയിൽനിന്നും സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെട്ട തികവു പ്രാപിച്ചവരുടെ സ്വർഗ്ഗീയതേജസ്സിനെയാണ് വെളിപ്പെടുത്തുന്നത്.

ഇതിൽനിന്നും കർത്താവിന്റെ മദ്ധ്യാകാശപ്രത്യക്ഷതയിൽ ഭൂമിയിൽനിന്ന് എടുക്കപ്പെടുന്ന സഭ എവിടെ എന്നതിന്റെ വ്യക്തതയാണ് ലഭിക്കുന്നത്. അത് ഇരുപത്തിനാലു മൂപ്പന്മാർ, നാലു ജീവികൾ, ഏഴു ദീപങ്ങൾ എന്നിവ **ദൈവീകത്രിത്വത്തോടുള്ള** ബന്ധത്തിൽ സഭയെ സ്വർഗ്ഗത്തിൽ പ്രതിനിധീകരിക്കുന്നു എന്നതാണ്. കുഞ്ഞാടാം ദൈവം സ്വർഗ്ഗത്തിൽ രാജത്വം ഏറ്റെടുക്കുന്നതിനു ശേഷമാണ് സഭയാം മണവാട്ടി കുഞ്ഞാടിന്റെ കാന്തയായി വിശേഷവസ്ത്രം ധരിച്ച് രാജസന്നിധിയിൽ പ്രവേശിക്കപ്പെടുന്നത്. കുഞ്ഞാടിന്റെ വിവാഹം നടക്കുന്നത് സ്വർഗ്ഗത്തിലാണെങ്കിൽ കല്ല്യാണസദ്യ ഒരുക്കപ്പെടുന്നത് കാന്തയുടെ വാസഗൃഹമായ ഭൂമിയിലാണ്.

വിവാഹാനന്തരം സ്വർഗ്ഗം തുറന്ന് ഭൂമിയിലേക്ക് വെള്ളക്കുതിരപ്പുറത്തു കയറി പ്രത്യക്ഷപ്പെടുന്ന രാജാധിരാജാവും കർത്താധികർത്താവും ആകുന്ന ക്രിസ്തുവിനോടുകൂടെ പ്രത്യക്ഷപ്പെടുന്നവരിൽ **പരമോന്നതസ്ഥാനം** അലങ്കരിക്കുന്നത് അവനോട് ഒന്നായിച്ചേരുന്ന മണവാട്ടിസഭയാണ്. ഇതിൽനിന്നും വ്യക്തമാക്കപ്പെടുന്നത് കർത്താവിനോടുകൂടെ സ്വർഗ്ഗത്തിൽനിന്നു ഭൂമിയിൽ പ്രത്യക്ഷപ്പെടുന്ന വിശുദ്ധന്മാരിൽ കാന്തയാകുന്ന സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയിൽ ഉൾപ്പെടുന്ന വിശുദ്ധന്മാർ ഉണ്ടായിരിക്കും എന്നതാണ്. അടു

ത്തതായി നാം ചിന്തിക്കുന്നത് കാന്തയുടെ തോഴിമാരാകുന്ന കന്യകമാരെക്കുറിച്ചാണ്.

**കാന്തയുടെ തോഴിമാരാകുന്ന കന്യകമാർ**

സങ്കീർത്തനം നാൽപ്പത്തിയഞ്ചാം അദ്ധ്യായം മഹാരാജാവിന്റെ വിവാഹത്തെക്കുറിച്ചുള്ള വർണ്ണനയാണ്. അതിൽ അന്തഃപ്പുരത്തിലെ രാജകുമാരിയുടെകൂടെ നടക്കുന്ന തോഴിമാരെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്. നിർമ്മലകന്യക കുഞ്ഞാടിന്റെ കാന്തയും പുതിയനിയമസഭയിൽ നിന്നു കന്യകമാരുടെ പദവിയിൽ എത്തിച്ചേരുന്നവർ **മണവാട്ടിയുടെ തോഴിമാരുടെ** പദവി അലങ്കരിക്കുന്നവരുമാണ്. പുനരുത്ഥാനത്തിൽ അവർക്കു ലഭിക്കുന്ന സ്വർഗ്ഗീയ തേജസ്സ് ചന്ദ്രതേജസ്സാണ്. മണവാട്ടിയുടെ കൂടെയാണ് ഇവർ നടക്കുന്നത്.

ഈ പദവി അലങ്കരിക്കുന്നവരെ വെളിപ്പാട്പുസ്തകം പതിനൊന്നാം അദ്ധ്യായത്തിൽ രണ്ടു നിലവിളക്കിനോടുള്ള ബന്ധത്തിലാണ് വെളിപ്പെടുത്തിയിരിക്കുന്നത്. അത് അവരുടെ എണ്ണം പൂർത്തീകരിക്കപ്പെടുന്നത് രണ്ട് ഘട്ടങ്ങളിലായിട്ടാകുന്നു എന്ന് വ്യക്തമാക്കുന്നതിനുവേണ്ടിയാണ്.

**ഒന്നാമത്തെ നിലവിളക്ക്**

പുതിയ നിമസഭയുടെ ആരംഭം മുതൽ എതിർക്രിസ്തുവിന്റെ ഭരണാരംഭം വരെ തോഴിമാരാകുന്ന കന്യകമാരുടെ നിലവാരത്തിലുള്ളവർ മരണാന്തരം വിശ്രമിക്കുന്നത് പറുദീസ്സയിലെ രണ്ടാം സ്വർഗ്ഗത്തിലാകുന്നു. സാത്താനിക മഹോപദ്രവമാകുന്ന മൂന്നര വർഷത്തിൽ സുവിശേഷത്തിനുവേണ്ടി നിലനിൽക്കുന്നവരും മരണാനന്തരം അവിടേക്കുതന്നെയാണ് പ്രവേശിപ്പിക്കപ്പെടുന്നത്. സാത്താനികമഹോപദ്രവം കഴിഞ്ഞ് എതിർക്രിസ്തുവിന്റെ ഭരണാരംഭത്തിൽ എതിർക്രിസ്തു ആഴത്തിൽനിന്നു പ്രത്യക്ഷപ്പെടുമ്പോൾ ആദ്യം ചെയ്യുന്ന പ്രവൃത്തി അന്നുവരെ പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും സാക്ഷ്യത്തിനുവേണ്ടി സധൈര്യം പോരാടിനിൽക്കുന്ന വിശുദ്ധന്മാരെ കൊന്നുകളയുക എന്നതാണ്. അന്ന് പുതിയനിയമം ആകുന്ന സുവിശേഷത്തിന്റെ സാക്ഷ്യം വഹിക്കുന്നവരെ കൊന്നുകളയുമ്പോൾ അവരുടെ ആത്മാക്കളും പ്രവേശിക്കുന്നത് അവരുടെ അതേ നിലവാരത്തിലുള്ളവർ വിശ്രമിക്കുന്ന സ്വർഗ്ഗീയപറുദീസ്സയിലെ രണ്ടാം സ്വർഗ്ഗത്തിലേക്കാണ്.

മൂന്നരദിവസം കഴിഞ്ഞ് രണ്ടു സാക്ഷികൾ യെരുശലേമിന്റെ വീഥിയിൽ ജീവൻപ്രാപിച്ച് എഴുന്നേറ്റു നിൽക്കുന്നതിൽ ഒന്നാമത്തെ സാക്ഷി പ്രതിനിധീകരിക്കുന്നത് പറുദീസ്സയിലെ രണ്ടാം സ്വർഗ്ഗത്തിൽ വിശ്രമിക്കുന്ന പുതിയനിയമത്തിലെ കന്യകമാരുടെ പദവി അലങ്കരിക്കുന്ന വിശുദ്ധന്മാരെയാണ്. അന്ന് അവർ പുനരുത്ഥാനം പ്രാപിച്ച് ചന്ദ്രതേജസ്സോടെ എഴുന്നേറ്റു വരുകയും ഇവിടെ കയറി വരിക എന്ന മഹാശബ്ദത്തിൽ സ്വർഗ്ഗത്തിലേക്ക് സ്വർഗ്ഗാരോഹണം ചെയ്യുകയുമാണ് ചെയ്യുന്നത്. അവരുടെ പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും നിറവേറപ്പെടുന്നതോടെ കുഞ്ഞാടിന്റെ കാന്തയുടെ കൂടെ നടക്കുന്ന തോഴിമാരുടെ ഗണത്തിൽപ്പെടുന്ന വിശുദ്ധന്മാരുടെ ഗണത്തിലെ ഒരുവിഭാഗത്തിന്റെ എണ്ണമാണ് തികെയപ്പെടുന്നത്. അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കപ്പെട്ടതിനു ശേഷം ഏകദേശം മൂന്നരവർഷമാണ് അവിടെ ആയിരിക്കുന്നത്. അവർ സ്വർഗ്ഗീയാലയത്തിൽ ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിലിരുന്ന് അവനെ രാപ്പകൽ ആരാധിക്കുകയാണ് ചെയ്യുന്നത് (വെളി. 7:14-15).

### രണ്ടാമത്തെ നിലവിളക്ക്

എതിർക്രിസ്തുവിന്റെ ഭരണമാകുന്ന മൂന്നരവർഷത്തിൽ സുവിശേഷത്തിന്റെ സാക്ഷ്യം വഹിക്കുന്നവർ മഹാകഷ്ടതയിലൂടെയാണ് കടന്നുപോകുന്നത്. അന്ന് അവർ രക്താസാക്ഷികളായിത്തീരുന്നു. അവരുടെ ആത്മാക്കളെ സൂക്ഷിക്കുന്നിടമാണ് യേശുക്രിസ്തു യാഗമായിത്തീർന്ന **പ്രാകാരമാകുന്ന യാഗപീഠത്തിൻകീഴിൽ അഥവാ ഭൂമിക്കു കീഴിൽ**. എതിർക്രിസ്തുവിന്റെ ഭരണത്തിൽ അറുക്കപ്പെടന്ന രക്തസാക്ഷികളുടെ ആത്മാക്കളെയാണ് യോഹന്നാൻ യാഗപീഠത്തിൻകീഴിൽ കാണുന്നത്. അവരിൽ പുതിയനിയമ സാക്ഷ്യമാകുന്ന സുവിശേഷത്തിന്റെ സാക്ഷ്യത്തിനുവേണ്ടി എതിർക്രിസ്തുവിന്റെ ഭരണകാലത്ത് രക്തസാക്ഷിത്വം വരിക്കുന്നവർ ക്രിസ്തുയേശുവിന്റെ **സഹോദര** പദവിയിലുള്ളവരാണ്. പുനരുത്ഥാനത്തിൽ ചന്ദ്രതേജസ്സ് പ്രാപിക്കുന്ന കന്യകമാരുടെ ഗണത്തിൽപ്പെടുന്ന ഇവരുടെ പുനരുത്ഥാനം നിറവേറപ്പെടുന്നത് എതിർക്രിസ്തുവിന്റെ ഭരണാവസാനത്തിൽ നടക്കുന്ന രക്തസാക്ഷികളുടെ പുനരുത്ഥാനമാകുന്ന **ഒന്നാമത്തെ പുനരുത്ഥാനത്തിലാണ്**. അവരുടെ പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും ഒന്നാമത്തെ പുനരുത്ഥാനത്തിൽ പൂർത്തീകരിക്കപ്പെടുന്നതോടെ കർത്താവിനോടുകൂടെ

ഭൂമിയിൽ പ്രത്യക്ഷപ്പെടുവാനുള്ള പുതിയനിയമ ദൈവസഭയിലെ സകല വിശുദ്ധന്മാരുടെയും എണ്ണം പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്നു. ഇവർ സ്വർഗ്ഗത്തിൽ പ്രവേശിക്കപ്പെട്ടതിനു ശേഷം ഇവരും സ്വർഗ്ഗീയ ആലയത്തിൽ ഇരുന്ന് രാപ്പകൽ ദൈവത്തെ ആരാധിക്കുകയാണ് ചെയ്യുന്നത്.

ഇതേത്തുടർന്നു നാം ചിന്തിക്കുന്നത് കർത്താവിനോടുകൂടെ പ്രത്യക്ഷപ്പെടുന്ന പഴയനിയമത്തിലെ ശ്രേഷ്ഠന്മാരായ വിശുദ്ധന്മാരെക്കുറിച്ചാണ്. അവർ മണവാളനാകുന്ന ക്രിസ്തുവിന്റെ തോഴ്മക്കാരുടെ ഗണത്തിൽപ്പെടുന്നവരാകുന്നു.

## മണവാളനാകുന്ന ക്രിസ്തുവിന്റെ തോഴ്മക്കാർ

### ഒന്നാമത്തെ ഒലിവുമരം

മണവാളനാകുന്ന ക്രിസ്തുവിന്റെ തോഴ്മക്കാരിൽ രണ്ടു കൂട്ടരുണ്ട്. ലോകാരംഭം മുതൽ എതിർക്രിസ്തുവിന്റെ ഭരണാരംഭം വരെ പഴയനിയമത്തിലെ ശ്രേഷ്ഠന്മാർ മരണാനന്തരം ഇപ്പോൾ വിശ്രമിക്കുന്നത് പറുദീസ്സയിലെ ഒന്നാം സ്വർഗ്ഗത്തിലാകുന്നു. ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയുടെ സന്തതിയുടെ ശേഷിപ്പിലെ പഴയനിയമത്തിന്റെ സാക്ഷികളെ പ്രതിനിധീകരിക്കുന്ന രണ്ട് ഒലിവുമരത്തിലെ ഒന്നാമത്തെ ഒലിവുമരമാണ് ഇവരെ സൂചിപ്പിക്കുന്നത്. എതിർക്രിസ്തു ആഴത്തിൽനിന്ന് കയറിവരുമ്പോൾ കൊന്നുകളയുന്ന രണ്ട് സാക്ഷികളിലെ പഴയനിയമത്തിന്റെ സാക്ഷ്യം വഹിക്കുന്നവർ കൊല്ലപ്പെടുമ്പോൾ അവരുടെ ആത്മാക്കളും പറുദീസ്സയിലെ ഒന്നാം സ്വർഗ്ഗത്തിലേക്കാണ് പ്രവേശിക്കപ്പെടുന്നത്.

മൂന്നര ദിവസം കഴിഞ്ഞ് രണ്ടു സാക്ഷികൾ യെരുശലേമിൽ എഴുന്നേറ്റു നിൽക്കുന്നതിൽ ഒരുവൻ പ്രതിനിധീകരിക്കുന്നത് പറുദീസ്സയിലെ ഒന്നാം സ്വർഗ്ഗത്തിൽ വിശ്രമിക്കുന്ന വിശുദ്ധന്മാരുടെ പുനരുത്ഥാനത്തെയാണ്. അവരുടെ പുനരുത്ഥാനത്തെയാണ് മർമ്മമായി ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നത്. 'ഇവിടെ കയറി വരിക' എന്ന ശബ്ദത്തിൽ പുതിയനിയമ സുവിശേഷ സാക്ഷ്യത്തിന്റെ സാക്ഷികളോടൊപ്പം ഇവരും സ്വർഗ്ഗാധിസ്വർഗ്ഗത്തിലേക്ക് പെട്ടെന്ന് എടുക്കപ്പെടുന്നു. അത് അവരുടെ സ്വർഗ്ഗാരോഹണത്തെയാണ് കുറിക്കുന്നത്. സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെട്ടതിനു ശേഷം ഇവരും സ്വർഗ്ഗീയ ആലയത്തിൽ ഇരുന്ന് രാപ്പകൽ ദൈവത്തെ ആരാധിക്കുകയാണ് ചെയ്യുന്നത്.

**രണ്ടാമത്തെ ഒലിവുമരം**

എതിർക്രിസ്തുവിന്റെ ഭരണത്തിൽ രക്തസാക്ഷിത്വം വരിക്കുന്ന യിസ്രായേലിലെ നൂറ്റിനാല്പത്തിനാലായിരം പേരെയാണ് രണ്ടാമത്തെ ഒലിവുമരം പ്രതിനിധീകരിക്കുന്നത്. മരണാനന്തരം അവരുടെ ആത്മാക്കൾ പ്രവേശിക്കപ്പെടുന്നത് യാഗപീഠത്തിൻകീഴിലാണ്. യോഹന്നാൻ യാഗപീഠത്തിൻകീഴിൽ ദർശിക്കുന്ന ആത്മാക്കളിൽ സഹഭൃത്യന്മാരുടെ നിലവാരത്തിൽ ഉള്ളവരാണിവർ. എതിർക്രിസ്തുവിന്റെ ഭരണാവസാനത്തിങ്കൽ നടക്കുന്ന ഒന്നാമത്തെ പുരുത്ഥാനത്തിൽ നക്ഷത്രതേജസ്സോടെ പുനരുത്ഥാനം പ്രാപിക്കുന്ന ഇവരും പുതിയനിയമസഭയുടെ രക്തസാക്ഷികളാകുന്ന സഹോദരപദവിയിലുള്ളവരോടൊപ്പം സ്വർഗ്ഗാധിസ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നു. ഒന്നാമത്തെ പുനരുത്ഥാനം നിറവേറപ്പെടുന്നതോടെയാണ് കർത്താവിനോടൊപ്പം ഭൂമിയിൽ പ്രത്യക്ഷപ്പെടുവാനുള്ള സകല വിശുദ്ധന്മാരും സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ എത്തിച്ചേരുന്നത്.

ഭൂമിയിൽനിന്നു സ്വർഗ്ഗത്തിൽ എത്തിച്ചേരുവാനുള്ള സകല വിശുദ്ധന്മാരും അവിടെ എത്തിച്ചേർന്നതിനു ശേഷമാണ് ദൈവമായ കുഞ്ഞാട് ലേകരാജത്വം ഏറ്റെടുക്കുന്നത്. അന്ന് അവിടെ സന്നിഹിതരായിരിക്കുന്നവരിൽ കുഞ്ഞാടിന്റെ കാന്ത, കാന്തയുടെ തോഴിമാരാകുന്ന കന്യകമാർ, മണവാളന്റെ തോഴ്മക്കാർ എന്നിവരാണ് ഉള്ളത്. ഇവരാകുന്നു മഹാരാജാവിനോടുകൂടെ ഭൂമിയിൽ പ്രത്യക്ഷപ്പെടുന്ന വിശുദ്ധന്മാർ. അതെക്കുറിച്ചാണ് ഹാനോക്ക് ഉൾപ്പെടെയുള്ള പ്രവാചകന്മാർ പ്രവചിച്ചത്.

ലോകാരംഭം മുതൽ പ്രവാചകന്മാർ പ്രവചിച്ചതു മുഴുവൻ പൂർത്തീകരിക്കപ്പെടുന്നതുവരെ സ്വർഗ്ഗം അവനെ കൈക്കൊള്ളേണ്ടതാകുന്നു എന്ന പ്രവചനത്തിന്റെ പൂർത്തീകരണത്തിലേക്ക് പ്രയാണം ചെയ്യുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കർത്താവിന്റെ മദ്ധ്യാകാശവരവാണ് അതിലെ പ്രാരംഭസംഭവം. **നോവുകിട്ടും മുമ്പേ** അവൾ ഒരു ആൺകുഞ്ഞിനെ പ്രസവിച്ചു എന്ന പ്രവചന നിവർത്തീകരണം ഏതു സമയം വേണമെങ്കിലും സംഭവിക്കാം. അതിനുശേഷമാണ് ഭൂമിയിൽ മൂന്നര വർഷത്തെ സാത്താനിക മഹോപദ്രവം ആരംഭിക്കുന്നത്. എതിർക്രിസ്തുവിന്റെ ഭരണം ആരംഭിക്കുന്ന ഈറ്റുനോവിൽ രണ്ടു സാക്ഷികളുടെ പുനരുത്ഥാനം നിറവേറപ്പെടുകയും പ്രസവവേദനയാകുന്ന എതിർക്രിസ്തുവിന്റെ ഭരണാവസാനത്തിങ്കൽ നടക്കുന്ന ഒന്നാ

മത്തെ പുനരുത്ഥാനത്തിൽ രക്തസാക്ഷികളുടെ പുനരുത്ഥാനം നിറവേറപ്പെടുകയുമാണ് ചെയ്യുന്നത്. ഇതുവരെ നാം ചിന്തിച്ച ഈ വിഷയത്തെയാണ് സംക്ഷിപ്തരൂപത്തിൽ താഴെ കൊടുത്തിരിക്കുന്നത്.

- മഹാകഷ്ടതയാകുന്ന നോവുകിട്ടുന്നതിനു മുമ്പാണ് നിർമ്മലകന്യകയുടെ പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും പൂർത്തീക്കപ്പെടുന്നത്.
- എതിർക്രിസ്തുവിന്റെ ഭരണാരംഭമാകുന്ന ഈറ്റുനോവിന്റെ ആരംഭത്തിലാണ് രണ്ട് സാക്ഷികളുടെ പുനരുത്ഥാനം നിറവേറപ്പെടുന്നത്.
- എതിർക്രിസ്തുവിന്റെ ഭരണാവസാനമാകുന്ന മഹാകഷ്ടത എന്ന പ്രസവവേദനയിലാണ് രക്തസാക്ഷികളുടെ പുനരുത്ഥാനമാകുന്ന ഒന്നാമത്തെ പുനരുത്ഥാനം നിറവേറപ്പെടുന്നത്.

സാത്താനിക മഹോപദ്രവം എതിർക്രിസ്തുവിന്റെ ഭരണത്തിനുള്ള സാഹചര്യമാണ് ഭൂമിയിൽ ഒരുക്കിയെടുക്കുന്നത്. തദവസരത്തിൽ കുഞ്ഞാടാംദൈവത്തിന്റെ മഹത്വപ്രത്യക്ഷതയ്ക്കുള്ള ഒരുക്കങ്ങളാണ് സ്വർഗ്ഗത്തിൽ നടക്കുന്നത്. സാത്താനിക മഹോപദ്രവത്തിന്റെ മൂന്നര വർഷത്തിനുശേഷം എതിർക്രിസ്തുവിന്റെ ഭരണത്തിന്റെ ആരംഭം കുറിക്കുന്നത് കുഞ്ഞാടാംദൈവം സ്വർഗ്ഗത്തിൽ ഏഴു മുദ്രയാൽ മുദ്രയിട്ടിരിക്കുന്ന പുസ്തകത്തിന്റെ ഒന്നാമത്തെ മുദ്ര പൊട്ടിക്കുന്നതോടെയാണ്. എതിർക്രിസ്തുവിന്റെ ഭരണം അരംഭിക്കുന്നതോടെ ദൈവത്തിന്റെ കോപം ഭൂമിയിൽ ചൊരിയപ്പെടുകയും എതിർക്രിസ്തുവിന്റെ ഭരണാവസാനത്തിങ്കൽ ദൈവത്തിന്റെ ക്രോധം മുഴുവൻ ചൊരിയപ്പെടുകയും ചെയ്യുന്നു. അവയെക്കുറിച്ചാണ് ഏഴു മുദ്രകൾ, ഏഴു കാഹളങ്ങൾ, ഏഴ് കലശങ്ങൾ എന്നിവ വെളിപ്പെടുത്തുന്നത്. അതേത്തുടർന്ന് ഏഴ് ഇടിനാദത്തിന്റെ കാലസംഭവങ്ങളിലേക്കുമാണ് ലോകസംഭവങ്ങൾ മാറ്റപ്പെടുന്നത്.

കുഞ്ഞാടാം ദൈവം ഏഴു മുദ്രകളാൽ മുദ്രയിടപ്പെട്ട പുസ്തകത്തിന്റെ ഒന്നാമത്തെ മുദ്ര പൊട്ടിക്കുന്നസന്ദർഭത്തിലാണ് എതിർക്രിസ്തു എന്ന മൃഗം ആഴത്തിൽനിന്ന് ഭൂമിയിൽ പ്രത്യക്ഷപ്പെടുന്നത്. ന്യായവിസ്താരസഭ ഇരുന്ന് പുസ്തകങ്ങൾ തുറന്നു എന്ന് ദാനിയേൽ പ്രവചിച്ചിരിക്കുന്നത് ഏഴു മുദ്രയാൽ മദ്രയിടപ്പെട്ട പുസ്തകം കുഞ്ഞാട് തുറക്കുന്നതിനെക്കുറിച്ചാണ്.

ന്യായവിസ്താരസഭ സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ ഇരിക്കുന്നത് എതിർക്രിസ്തുവിന്റെ ആധിപത്യം എടുത്തുകളഞ്ഞ് അതിന് അന്തം വരുത്തുന്നതുവരെയാണ്. അതിനുശേഷമാണ് ആകാശത്തിൻകീഴെല്ലാടവുമുള്ള രാജ്യങ്ങളുടെ ആധിപത്യവും രാജത്വവും വിശുദ്ധജനത്തിനു ലഭിക്കുന്നത്. അത് എപ്രകാരമാണ് സംഭവിക്കുന്നത് എന്നതിനെക്കുറിച്ചാണ് വെളിപ്പാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

**എതിർക്രിസ്തുവിന്റെ ഭരണാരംഭം മുതൽ മനുഷ്യപുത്രൻ വെളിപ്പെടുന്ന നാൾവരെയുള്ള സംഭവങ്ങൾ വെളിപ്പാട് പുസ്തക വീക്ഷണത്തിൽ**

**ഒന്നാമത്തെ മുദ്ര**

എതിർക്രിസ്തു ആഴത്തിൽനിന്നു കയറിവരുന്ന മൃഗമായി ഭൂമിയിൽ പ്രത്യക്ഷപ്പെടുന്നു.

**രണ്ടാമത്തെ മുദ്ര**

കള്ളപ്രവാചകൻ ഭൂമിയിൽനിന്നു മറ്റൊരു മൃഗമായി പ്രത്യക്ഷപ്പെടുന്നു.

**മൂന്നാമത്തെ മുദ്ര**

മഹാദാരിദ്ര്യം ഭൂമിയിൽ ഉണ്ടാകുന്നു.

**നാലാമത്തെ മുദ്ര**

യുദ്ധം, ക്ഷാമം, മഹാവ്യാധി, ഭൂമിയിലെ കാട്ടുമൃഗങ്ങൾ എന്നിവകളാൽ ഭൂമിയിലെ മനുഷ്യരിൽ നാലിലൊന്ന് കൊല്ലപ്പെടുന്നു.

**അഞ്ചാമത്തെ മുദ്ര**

എതിർക്രിസ്തുവിന്റെ ഭരണത്തിൽ കൊല്ലപ്പെടുന്നവരുടെ ആത്മാക്കൾ യാഗപീഠത്തിൻകീഴിൽ

**ആറാമത്തെ മുദ്ര**

പ്രപഞ്ച സൃഷ്ടികൾക്കുണ്ടാകുന്ന മാറ്റങ്ങൾ. സൂര്യൻ കരിമ്പടം പോലെ കറുത്തു പോകുകയും ചന്ദ്രൻ മുഴുവൻ രക്തതുല്യമായിത്തീരുകയും ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീഴുകയും ചെയ്യുന്നു.

**ഏഴാമത്തെ മുദ്ര**

സ്വർഗ്ഗത്തിലുണ്ടാകുന്ന അരമണിക്കൂർ മൗനതയും ദൈവസന്നി

ധിയിൽ നില്ക്കുന്ന ഏഴു ദൂതന്മാർക്ക് ഏഴ് കാഹളം ലഭിക്കുന്നതും

- ആദ്യത്തെ നാലു കാഹളങ്ങൾ ഭൂമിക്കും സമുദ്രത്തിനും നാലു ദൂതന്മാർ കേടു വരുത്തുന്നത്.
- ഒടുവിലത്തെ മൂന്നു കാഹളങ്ങൾ സംഭവിപ്പാനിരിക്കുന്ന മൂന്നു വലിയ കഷ്ടങ്ങൾ

**ഒന്നാമത്തെ കാഹളം**

ഭൂമിയിൽ മൂന്നിലൊന്നും വൃക്ഷങ്ങളിൽ മൂന്നിലൊന്നും എല്ലാ പച്ചപ്പുല്ലും വെന്തു പോകുന്നു.

**രണ്ടാമത്തെ കാഹളം**

സമുദ്രത്തിലെ വെള്ളത്തിൽ മൂന്നിലൊന്ന് രക്തമായിത്തീരുന്നതു നിമിത്തം സമുദ്രത്തിൽ പ്രാണനുള്ള സൃഷ്ടികളിൽ മൂന്നിലൊന്ന് ചത്തുപോകുന്നു.

**മൂന്നാമത്തെ കാഹളം**

കാഞ്ഞിരം എന്ന നക്ഷത്രം ആകാശത്തുനിന്നു നദികളിലും നീരുറവുകളിലും വീഴുന്നതു നിമിത്തം വെള്ളത്തിൽ മൂന്നിലൊന്ന് കയ്പായിത്തീരുന്നു.

**നാലാമത്തെ കാഹളം**

സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയിൽ മൂന്നിലൊന്നിനുണ്ടാകുന്ന ബാധ നിമിത്തം രാവും പകലും ഭൂമിയിൽ മൂന്നിലൊന്നു വെളിച്ചമില്ലാതാകുന്നു.

**അഞ്ചാമത്തെ കാഹളം**

ഭൂവാസികൾക്കുണ്ടാകുന്ന **ഒന്നാമത്തെ കഷ്ടം**. അഗാധകൂപത്തിൽനിന്നും പുറപ്പെടുന്ന വെട്ടുക്കിളിക്ക് സമാനമായ ജീവികൾ നിമിത്തം ദൈവത്തിന്റെ മുദ്രയില്ലാത്തവർക്ക് ഉണ്ടാകുന്ന അഞ്ചു മാസത്തെ ദണ്ഡനം. അഞ്ചു മാസത്തേക്ക് മരണം മാറിപ്പോകുന്നു.

**ആറാമത്തെ കാഹളം**

മനുഷ്യരിൽ മൂന്നിലൊന്നിനെ കൊന്നുകളയുന്ന **രണ്ടാമത്തെ കഷ്ടം**. യൂഫ്രാത്തേസ് മഹാനദി തീരത്തു ബന്ധിച്ചിരിക്കുന്ന നാലു ദൂതന്മാരെ അഴിച്ചുവിടുമ്പോൾ അവർ മനുഷ്യരിൽ മൂന്നിലൊന്നിനെ കൊന്നുകളയുന്നു.

### ഏഴാമത്തെ കാഹളം

**മൂന്നാമത്തെ കഷ്ടം** ഏഴു ക്രോധ കലശങ്ങളാകുന്നു. അതോടൊപ്പം മർമ്മമായി പ്രസ്താവിച്ചിരിക്കുന്നത് ഏഴ് ഇടിനാദത്തെക്കുറിച്ചും ഏഴാം കാഹളത്തിന്റെ കാലത്തു ദൈവത്തിന്റെ മർമ്മം അവൻ തന്റെ ദാസന്മാരായ പ്രവാചകന്മാർക്ക് അറിയിച്ചുകൊടുത്തതുപോലെ നിവർത്തിയാകുന്നതിനെക്കുറിച്ചുമാണ്. ദൈവരാജ്യം എന്ന മർമ്മമാണ് ദൈവം തന്റെ പ്രവാചകന്മാർക്ക് വെളിപ്പെടുത്തിയിട്ടുള്ളത്. ഏഴാമത്തെ ദൂതന്റെ കാഹളത്തിന്റെ കാലത്ത് സാത്താനിക ഭരണം എന്നെന്നേയ്ക്കുമായി അസ്തമിക്കുകയും ക്രിസ്തുയേശുവിന്റെ നിത്യരാജ്യമാകുന്ന ദൈവരാജ്യം ഭൂമിയിൽ സൂര്യോദയം ചെയ്യപ്പെടുകയും ചെയ്യുന്നു. അതാണ് ഇതിൽ മറഞ്ഞിരിക്കുന്ന സുപ്രധാന മർമ്മം.

സ്വർഗ്ഗീയമണ്ഡലത്തിൽനിന്നും അപ്പൊസ്തലനായ യോഹന്നാൻ ഭൗമമണ്ഡലത്തിലേക്ക് ഇറങ്ങിവരികയും സമുദ്രത്തിന്മേലും ഭൂമിമേലും നില്ക്കുന്ന ദൂതന്റെ കയ്യിലിരിക്കുന്ന ചെറുപുസ്തകം തിന്നുകയും ചെയ്യുന്നു. അതിനുശേഷമാണ് യോഹന്നാൻ ഏഴാമത്തെ കാഹളനാദം മുതൽ മാനവരാശിയോടുള്ള ബന്ധത്തിലെ ദൈവീകനിത്യതയുടെ ആരംഭം വരെയുള്ള സകല സംഭവങ്ങളും ദർശിച്ച് എഴുതുന്നത്. ഇതിൽനിന്നും **കുഞ്ഞാട് സ്വർഗ്ഗത്തിൽ തുറക്കുന്ന പുസ്തകമാണ്** യോഹന്നാൻ ദൂതന്റെ കയ്യിൽനിന്നു വാങ്ങി തിന്നുന്നതെന്നുള്ളതാണ് ഇവിടെ വ്യക്തമാക്കപ്പെടുന്നത്.

ഏഴു കാഹളനാദത്തിന്റെ കാലത്ത് ആദ്യം നിറവേറപ്പെടുന്നത് മൂന്നാമത്തെ കഷ്ടമാകുന്ന ഏഴു ക്രോധകലശങ്ങളാണ്. ആറാമത്തെ കാഹളത്തിൽ **രണ്ടാമത്തെ കഷ്ടം** കഴിയുന്നുവെങ്കിൽ മൂന്നാമത്തെ കഷ്ടം മർമ്മമായി രേഖപ്പെടുത്തിയിരിക്കുന്നത് ഏഴു ക്രോധകലശങ്ങളോടുള്ള ബന്ധത്തിലാണ്.

### ഒന്നാമത്തെ ക്രോധകലശം

ഭൂമിയിൽ ഒഴിക്കുന്നതോടെ സാത്താനിക ആരാധകർക്ക് ദുർവ്രണം ഉണ്ടാകുന്നു.

### രണ്ടാമത്തെ കലശം

സമുദ്രത്തിൽ ഒഴിക്കുന്നത് നിമിത്തം അത് മരിച്ചവന്റെ രക്തം പോലെ ആയിത്തീരുകയും പ്രാണവായുവാകുന്ന ഓക്സിജൻ

ഇല്ലാത്തതുകൊണ്ട് സമുദ്രത്തിലെ ജീവജന്തുവൊക്കെയും ചത്തു പോവുകയും ചെയ്യുന്നു.

**മൂന്നാമത്തെ കലശം**

നദികളിലും നീരുറവകളിലും ഒഴിക്കുന്നത് നിമിത്തം അവ മുഴുവൻ രക്തമായിത്തീരുന്നു.

**നാലാമത്തെകലശം**

സൂര്യനിൽ ഒഴിക്കുന്നത് നിമിത്തം മനുഷ്യരെ ചുടുന്ന വിധത്തിലുള്ള അതികഠിനമായ ചൂട് സൂര്യനിൽനിന്നും പ്രവഹിക്കുന്നു.

**അഞ്ചാമത്തെ കലശം**

മൃഗത്തിന്റെ സിംഹാസനത്തിലാണ് അഞ്ചാമത്തെ കലശം ഒഴിക്കുന്നത്. അതോടെ അവന്റെ ഭരണസിരാകേന്ദ്രം വിവേകശൂന്യതയുടെ ഇരുളിലേക്ക് കൂപ്പുകുത്തുന്നു. അതാണ് ലോകരാജ്യങ്ങളെ ഒന്നടങ്കം യിസ്രായേലിനെതിരെ യുദ്ധംചെയ്യുവാൻ കൂട്ടിവരുത്തുവാൻ എതിർക്രിസ്തുവിന് ആലോചന പകരുന്നത്.

**ആറാമത്തെ കലശം**

യൂഫ്രാത്തേസ് എന്ന മഹാനദിയിൽ ഒഴിക്കുന്നതോടെ അതിലെ വെള്ളം വറ്റിപ്പോകുന്നതുകൊണ്ട് കിഴക്കുനിന്ന് യിസ്രായേലിനെതിരെ യുദ്ധത്തിനു വരുന്ന രാജ്യങ്ങൾക്ക് വഴി ഒരുക്കപ്പെടുന്നു. ഹർമ്മെഗെദ്ദോൻ എന്ന സ്ഥലത്ത് അവരെ കൂട്ടിച്ചേർക്കുന്നു.

**ഏഴാമത്തെ കലശം**

ആകാശത്തിൽ ഒഴിക്കുന്നതു നിമിത്തം '**സംഭവിച്ചു തീർന്നു**' എന്ന ശബ്ദം സ്വർഗ്ഗീയദൈവാലയത്തിലെ സിംഹാസനത്തിൽനിന്നും പുറപ്പെടുന്നു.

ഏഴാമത്തെ കാഹളനാദത്തിങ്കൽ സംഭവിപ്പിക്കുവാനുള്ള മൂന്നാമത്തെ കഷ്ടം **കഴിഞ്ഞു** എന്നാണ് **സംഭവിച്ചുതീർന്നു** എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. മൂന്നാമത്തെ കഷ്ടം സംഭവിച്ചതിനുശേഷം ഏഴു ഇടിനാദത്തിൽ മറഞ്ഞിരിക്കുന്ന **ഏഴു ദിവസങ്ങളുടെ** സംഭവങ്ങളിലേക്കാണ് ലോകസംഭവങ്ങൾ മാറ്റപ്പെടുന്നത്. അന്ത്യബാധയാകുന്ന ഏഴു ക്രോധകലശങ്ങളോടെയാണ് ദൈവക്രോധം ഭൂമിയിൽ പൂർണ്ണമാക്കപ്പെടുന്നത്. ഒന്നാമത്തെ മുദ്ര പൊട്ടിക്കുമ്പോൾ തുടങ്ങുന്ന ദൈവകോപം ഏഴാ

മത്തെ ക്രോധകലശത്തോടെയാണ് പൂർത്തീകരിക്കപ്പെടുന്നത്.

ഏഴു ഇടിനാദത്തിൽ മറഞ്ഞിരിക്കുന്ന ഏഴു ദിവസങ്ങളെക്കുറിച്ച് മർമ്മമായി പ്രസ്താവിച്ചിരിക്കുന്നത് ഏഴാമത്തെ കാഹളനാദത്തോടുള്ള ബന്ധത്തിലാകുന്നു. ഏഴു കലശത്തിൽ നിന്ന് ഏഴ് ഇടിനാദത്തിൽ മറഞ്ഞിരിക്കുന്ന ഏഴു ദിവസങ്ങളിലെ സംഭവങ്ങൾ പൂർത്തീകരിക്കപ്പെടുന്നതോടെയാണ് മാനവരാശിയോടുള്ള ബന്ധത്തിലെ ദൈവീകനിത്യത അതിന്റെ പൂർണ്ണതയിൽ പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും സമ്പൂർത്തീകരിക്കുന്നത്. അതിന്റെ വിശദീകരണത്തിൽ ഏഴുനാളുകളിലെ നാലാമത്തെ നാളാകുന്ന മനുഷ്യപുത്രൻ വെളിപ്പെടുന്ന നാൾവരെയുള്ള സംഭവങ്ങളുടെ ലഘു വിവരണമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഏഴ് ഇടിനാദത്തിൽ മറഞ്ഞിരിക്കുന്ന ഏഴു മഹാകാര്യങ്ങളിൽ അഞ്ചുകാര്യങ്ങൾ വളരെ സങ്കീർണ്ണമായിട്ടാണ് വെളിപ്പാട് പുസ്തകം പതിനൊന്നാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇവിടെ പ്രസ്താവിച്ചിരിക്കുന്ന അഞ്ച് നാളുകളെക്കൂടാതെയുള്ള രണ്ടു നാളുകൾ അന്ത്യന്യായവിധിയുടെ പിമ്പിലും മുമ്പിലും നടക്കുന്ന രണ്ടു ദിവസങ്ങളാണ്. അവ **കൂടാരപ്പെരുനാളും ഉണ്ടാക്കുവാനുള്ള** ദിവസവുമാണ്. ഏഴ് ഇടിനാദത്തിൽ മറഞ്ഞിരിക്കുന്ന ഏഴ് ദിവസങ്ങളാണ് അവ നിറവേറപ്പെടുന്നതിനോടുള്ള ബന്ധത്തിൽ ക്രമീകരിച്ച് താഴെ കൊടുത്തിരിക്കുന്നത്.

### പ്രതികാരദിവസം

മഹതിയാം ബാബിലോണിന്റെ ന്യായവിധി പ്രതികാരദിവസത്തിൽ പൂർത്തീകരിക്കപ്പെടുന്നു.

### സേനാദിവസം

സ്വർഗ്ഗത്തിൽ കുഞ്ഞാടാംദൈവം രാജത്വം ഏറ്റെടുക്കുന്നത് നിമിത്തം ലോകരാജത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീരുന്നു.

### കല്യാണനാൾ

കുഞ്ഞാടാംദൈവത്തിന്റെ സ്വർഗ്ഗീയവിവാഹനാളിൽ ദൈവത്തിന്റെ ദാസന്മാരായ പ്രവാചകന്മാർക്കും വിശുദ്ധന്മാർക്കും ചെറിയവരും വലിയവരുമായ അവന്റെ ഭക്തന്മാർക്കും പ്രതിഫലം ലഭിക്കുന്നു.

**മനുഷ്യപുത്രൻ വെളിപ്പെടുന്ന ക്രോധ ദിവസം**

മഹത്വപ്രത്യക്ഷതയിൽ മഹാരാജാവാംദൈവം രാജാക്കന്മാരെ തകർത്തുകളയുകയും ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിച്ചുകളയുകയും ചെയ്യുന്നു.

**കൂടാരപ്പെരുനാൾ**

മഹാരാജാവാം ദൈവത്തിന്റെ ഭൂമിയിലെ ആയിരമാണ്ട് വാഴ്ച

**ഒടുക്കത്തെ നാൾ**

ഒടുക്കത്തെ നാളിലെ പുനരുത്ഥാനത്തിൽ മരിച്ചുപോയ സകല ദുഷ്ടന്മാരുടെയും അന്ത്യന്യായവിധിയിൽ അവർ അഗ്നി നരകത്തിലേക്ക് തള്ളപ്പെടുമ്പോൾ ജീവപുസ്തകത്തിൽ പേരുള്ള നീതിമാന്മാർ പുതുവാനഭൂമിയിലേക്ക് ഭൗമതേജസ്സോടെ പ്രവേശിക്കപ്പെടുന്നു.

**ഉണ്ടാക്കുവാനുള്ള ദിവസം**

മാനവരാശിയോടുള്ള ബന്ധത്തിൽ ആരംഭിക്കുന്ന പുതുവാനഭൂമിയിലെ ദൈവീകനിത്യത.

ഏഴ് ഇടിനാദത്തിൽ മറഞ്ഞിരുക്കുന്ന ഏഴ് സംഭവങ്ങൾ ഏഴ് ദിവസങ്ങളോടുള്ള ബന്ധത്തിൽ പ്രസ്താവിച്ചിരിക്കുന്നത് പ്രതികാരദിവസം, സേനാദിവസം, കല്ല്യാണനാൾ, മനുഷ്യപുത്രൻ വെളിപ്പെടുന്ന ക്രോധദിവസം, കൂടാരപ്പെരുന്നാൾ, ഒടുക്കത്തെ നാൾ, ഉണ്ടാക്കുവാനുള്ള ദിവസം എന്നിവയാണ്. മഹാരാജാവ് എന്ന ഈ അദ്ധ്യായത്തിൽ മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന ഏഴ് സുപ്രധാന സംഭവങ്ങളെക്കുറിച്ചുള്ള വിശദീകരണങ്ങളിലേക്കാണ് തുടർന്നു നാം പ്രവേശിക്കുന്നത്.

## മനുഷ്യപുത്രൻ വെളിപ്പെടുന്നനാളിൽ നടക്കുന്ന ഏഴു സുപ്രധാന സംഭവങ്ങൾ

- ലോകാവസാനമാകുന്ന കൊയ്ത്തിൽ മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയച്ച് വൃതന്മാരെ ചേർക്കുന്നത് (വെളി. 14:14-16)
- ഹർമ്മെഗെദ്ദോൻ യുദ്ധത്തിൽ മൃഗമാകുന്ന എതിർക്രിസ്തുവിനെയും കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്ക് **ജീവനോടെ** തള്ളിക്കളയുന്നത് (വെളി. 19:17-21)
- ഭൂമിയിലെ മുന്തിരിക്കുല അറുത്ത് ദൈവക്രോധത്തിന്റെ വലിയ ചക്കിലിട്ടു മെതിക്കുന്നത് (വെളി. 14:17-20)

- സാത്താൻ ബന്ധിക്കപ്പെട്ടു അഗാധമാകുന്ന തടവറയിൽ ആയിരം വർഷത്തേക്ക് അടച്ച് മുദ്രയിടപ്പെടുന്നത് (വെളി. 20:1–3)
- ഭൂമിയിൽവെച്ചു നടക്കുന്ന കല്ല്യാണസദ്യ (വെളി. 19:9)
- മഹത്വസിംഹാസനത്തിനു മുമ്പാകെ സകല ജാതികളെയും ദൈവദൂതന്മാർ കൂട്ടിച്ചേർക്കുന്നത് (മത്താ. 25:31–35)
- മഹത്വത്തിന്റെ സിംഹാസനത്തിനു ഇടത്തുവശത്തു നില്ക്കുന്ന ജീവനോടിരിക്കുന്ന ദുഷ്ടന്മാരുടെ അന്ത്യന്യായ വിധിയും സഹസ്രാബ്ദവാഴ്ചയുടെ ആരംഭവും (വെളി. 20:4)

**ലോകാവസാനമാകുന്ന കൊയ്ത്തിൽ മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയച്ച് വൃതന്മാരെ ചേർക്കുന്നത്** (വെളി. 14:14 - 16)

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന ഏഴു പ്രധാന സംഭവങ്ങളിലെ പ്രഥമസംഭവമാണ് കർത്താവ് തന്റെ ദൂതന്മാരെ അയച്ച് ഭൂമിയുടെ നാലു ദിക്കുകളിൽ നിന്നും വൃതന്മാരെ യെരുശലേമിൽ കൂട്ടിച്ചേർക്കുന്നത്. കർത്താവിന്റെ രണ്ടാം വരവാകുന്ന മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ മരിച്ചവരുടെ പുനരുത്ഥാനമോ ജീവനുള്ളവരുടെ രൂപാന്തരമോ നടക്കുന്നില്ല; അന്ന് ഭൂമിയിൽ ജീവനോടിരിക്കുന്ന വൃതന്മാരെ ദൂതന്മാർ യെരുശലേമിൽ കൂട്ടിച്ചേർക്കുകയാണ് ചെയ്യുന്നത്. അപ്രകാരം അന്ന് കൂട്ടിച്ചേർക്കുന്ന വൃതന്മാരുടെ ഗണത്തിൽ രണ്ടു വിഭാഗങ്ങളിൽപ്പെടുന്നവരാണുള്ളത്.

- ലോകാവസാനത്തോളം സഹിച്ചുനിൽക്കുന്ന സുവിശേഷത്തിന്റെ വക്താക്കളാകുന്ന വൃതന്മാർ. അവരെ കൈവിളക്കും പാത്രത്തിൽ എണ്ണയുമുള്ള ബുദ്ധിയുള്ള അഞ്ചു കന്യകന്മാരോടുള്ള ബന്ധത്തിലാണ് ഉപമിച്ചിരിക്കുന്നത്.
- പഴയനിയമത്തിന്റെ വക്താക്കളാകുന്ന യിസ്രായേൽ സന്തതിയിൽനിന്നുള്ള വൃതന്മാർ. അവരെ അത്തിവൃക്ഷത്തോടുള്ള ബന്ധത്തിലാണ് ഉപമിച്ചിരിക്കുന്നത്.

ഭൂമിയിൽവെച്ച് നടക്കുന്ന കല്ല്യാണസദ്യയിലും ദൈവരാജ്യത്തിലും പന്തിയിലിരിക്കുവാനും ആയിരം ആണ്ടു വാഴ്ചയിൽ പട്ടണങ്ങളെ ഭരിപ്പാനുള്ള അധികാരവുമാണ് വൃതന്മാർക്കു ലഭിക്കുന്ന പദവി. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ മഹാരാജാവാകുന്ന മണവാളനും അവനോടുകൂടെയുള്ളവരും ഒലിവു

മലയിൽ പ്രത്യക്ഷപ്പെടുമ്പോൾ അവരെ ആർപ്പുവിളികളോടെ സ്വീകരിച്ച് കല്ല്യാണ വിരുന്നുശാലയിലേക്ക് ആനയിക്കുന്നത് വൃതന്മാരായി അന്നു ചേർക്കപ്പെടുന്നവരാണ്. സുവിശേഷത്തോടുള്ള ബന്ധത്തിൽ ബുദ്ധിയുള്ള കന്യകന്മാർ **മണവാളനെയും മണവാട്ടിയെയും** എതിരേല്ക്കുമ്പോൾ അതുവരെയും ക്രിസ്തുയേശുവിന്റെ ഒന്നാമത്തെ വരവിനെ അംഗീകരിക്കാത്ത യിസ്രായേൽ ജനത്തിലുള്ള വൃതന്മാരായവർ കുത്തിത്തുളക്കപ്പെട്ടവനെ തിരിച്ചറിയുകയും അവനെ അവരുടെ **രാജാവായി** അംഗീകരിച്ച് സ്വീകരിക്കുകയുമാണ് ചെയ്യുന്നത്.

കല്ല്യാണ വിരുന്നുശാലയിലേക്ക് മഹാരാജാവും പരിവാരവും പ്രവേശിച്ചതിനുശേഷം വിരുന്നുശാല നിറയാതിരിക്കുന്നതുകൊണ്ട് കർത്താവു തന്റെ ദൂതന്മാരെ വീണ്ടും അയച്ച് കണ്ടവരെ കൂട്ടിക്കൊണ്ടുവന്ന് വിരുന്നുശാല നിറയ്ക്കുകയും വിരുന്നുശാലയുടെ കതക് കർത്താവ് അടയ്ക്കുകയും ചെയ്യുന്നു. അപ്രകാരം കല്ല്യാണസദ്യക്ക് ചേർക്കപ്പെടുന്നവരുടെ പദവി സ്നേഹിത പദവിയാണ്. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ ഇത്രയും സംഭവങ്ങളാണ് പ്രാരംഭമായി സംഭവിക്കുന്നത്.

**ഹർമ്മെഗെദ്ദോൻ യുദ്ധത്തിൽ മൃഗമാകുന്ന എതിർക്രിസ്തുവിനെയും കള്ള പ്രവാചകനെയും പിടിച്ചുകെട്ടി ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്ക് ജീവനോടെ തള്ളിക്കളയുന്നത്** (വെളി. 19:17 - 21).

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന രണ്ടാമത്തെ സംഭവം ഹർമ്മെഗെദ്ദോൻ യുദ്ധമാണ്. വിരുന്നുശാലയിൽ വൃതന്മാരെയും സ്നേഹിതപദവിയിലുള്ളവരെയും പ്രവേശിപ്പിച്ചതിനുശേഷം വാതിൽ അടയ്ക്കുന്ന കർത്താവും അവനോടുകൂടെ വരുന്നവരും വിരുന്നുശാലയിൽനിന്ന് അപ്രത്യക്ഷമാവുകയും അവർ സീയോൻ പർവ്വതത്തിലും അതിന്റെ ഗിരികളിലും പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു.

യിസ്രായേലിനെതിരെ യുദ്ധം ചെയ്ത് അവരെ ഉന്മൂലനാശം ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് എതിർക്രിസ്തുവിന്റെ നേതൃത്വത്തിൽ സകല രാജ്യങ്ങളും ഹർമ്മെഗെദ്ദോനിൽ കൂടിവരുന്നത്. അന്നു നടക്കുന്ന അതിഭയങ്കരയുദ്ധത്തിൽ എതിർക്രിസ്തുവും അവന്റെ അനുയായികളും യുദ്ധം ചെയ്യുന്നത് യിസ്രായേലിന്റെ സഹായത്തിനായി ആകാശത്തിലൂടെ മേഘാരൂഢനായി വരുന്ന ക്രിസ്തുവിനോടും അവന്റെ സൈന്യത്തോടുമാണ് .

യുദ്ധത്തിന്റെ പ്രാരംഭഘട്ടത്തിൽ എതിർക്രിസ്തുവിനെയും കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഇരുവരെയും മഹാരാജാവാം ക്രിസ്തയേശുവിന്റെ കല്പനയാൽ ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്ക് ജീവനോടെ തള്ളിക്കളയുന്നു. പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന അഗ്നിപ്പൊയ്കയുടെ ആദ്യ ഇരകളായിത്തീരുന്നത് മാനവകുലത്തിലെ ഏറ്റവും ശപിക്കപ്പെട്ടവരായ എതിർക്രിസ്തുവാകുന്ന മൃഗവും കള്ളപ്രവാചകനുമാകുന്നു.

കുഞ്ഞാടാം ദൈവത്തിന്റെ വായിൽനിന്നു പുറപ്പെടുന്ന വാളിനാൽ അവിടെ യുദ്ധത്തിനായി കൂടിവരുന്ന സകല സൈന്യവും അന്ന് സംഹരിക്കപ്പെടും. അന്ന് സംഹരിക്കപ്പെടുന്നവരുടെ രക്തംകൊണ്ട് മലകൾ ഒഴുകിപ്പോകത്തക്കവണ്ണമുള്ള രക്തപ്പുഴയാണ് ഒഴുകുന്നത്. അവരുടെ മാംസം തിന്നും രക്തം കുടിച്ചും ആകാശത്തിലെ സകല പക്ഷികൾക്കും കാട്ടിലെ സകല മൃഗങ്ങൾക്കും തൃപ്തിവരും. ലോകാവസാനത്തോടുള്ള ബന്ധത്തിൽ ശവം ഉള്ളേടത്തു കഴുക്കൾ കൂടും എന്ന് കർത്താവ് പ്രസ്താവിച്ച കാര്യമാണ് ഹർമ്മെഗെദ്ദോൻ യുദ്ധത്തിൽ നിറവേറപ്പെടുന്നത്. അതെത്തുടർന്ന് നടക്കുന്ന മൂന്നാമത്തെ സംഭവം ഏദോമിന്റെ ഉന്മൂലനാശമാണ്.

**ഭൂമിയിലെ മുന്തിരിക്കുല അറുത്തു ദൈവക്രോധത്തിന്റെ വലിയ ചക്കിലിട്ടു മെതിക്കുന്നത്** (വെളി. 14:17 - 20)

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന മൂന്നാമത്തെ സംഭവമാണിത്. മുന്തിരിച്ചക്ക് ചവിട്ടിയതിനു ശേഷം ഏദോമിൽ നിന്നു രക്താംബരം ധരിച്ച് ഒരുവൻ വരുന്നതിനെക്കുറിച്ച് യെശയ്യാവ് പ്രവചിച്ചിരിക്കുന്നത് ഏദോമാകുന്ന ഭൂമിയിലെ മുന്തിരിക്കുല അറുത്തു ചക്കിലിട്ടു മെതിക്കുന്നതിനെക്കുറിച്ചാകുന്നു (യെശ. 63:1–2). ക്രോധ ദിവസത്തിൽ നടക്കുന്ന ഹർമ്മെഗെദ്ദോൻ യുദ്ധത്തിൽ ദൈവക്രോധത്തിന്റെ ചക്കു ചവിട്ടിയാണ് ക്രിസ്തുയേശു എന്ന മഹാരാജാവു യുദ്ധം അവസാനിപ്പിക്കുന്നത്. അതിനായിട്ടാണ് ഹർമ്മെഗെദ്ദോൻ യുദ്ധം നടക്കുന്ന സന്ദർഭത്തിൽ യിസ്രായേലിന്റെ അതിരിനപ്പുറത്തുള്ള ഏദോം നിവാസികളെ കുലെക്കായിട്ട് ദൂതന്മാർ ഒന്നിച്ചു കൂട്ടുന്നത് (മലാ. 1;3–5). അവിടേക്ക് വൈരികളെ മെതിച്ചുകളയുന്നവൻ എത്തിച്ചേരുകയും കാൽകൊണ്ട് അവരെ മെതിച്ചുകളയുകയുമാണ് ചെയ്യുന്നത്

(സങ്കീ. 60:12, 108:9–13). ഏദോമിൽ ചെരിപ്പ് എറിഞ്ഞ് ക്രോധദി വസത്തിലെ സംഹാരം പൂർത്തീകരിക്കുന്നു . അതെത്തുടർന്ന് സംഭവിക്കുന്നത് ഹർമ്മെഗെദ്ദോൻ യുദ്ധത്തിൽ ഒറ്റപ്പെട്ടവനും ദുർബലനുമായിത്തീരുന്ന സാത്താനെന്ന പിശാചിനെ ബന്ധിച്ച് ആയിരം വർഷത്തേക്ക് തടവറയിലാക്കുന്നതാണ്.

**സാത്താൻ ബന്ധിക്കപ്പെട്ടു അഗാധമാകുന്ന തടവറയിൽ ആയിരം വർഷ ത്തേക്ക് അടച്ച് മുദ്രയിടപ്പെടുന്നത്** (വെളി. 20:1- 3)

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന നാലാമത്തെ സംഭവമാണിത്. ഹർമ്മെഗെദ്ദോൻ യുദ്ധത്തിന്റെ ആരംഭ ത്തിൽതന്നെ പൈശാചികത്രിമൂർത്തികളിൽപ്പെട്ടവരായ മൃഗം, കള്ളപ്രവാചകൻ എന്നിവരെ ബന്ധിച്ചു ജീവനോടെ ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്ക് തള്ളിക്കളയുന്നതിനെക്കുറിച്ച് നാം ചിന്തിച്ചതാണല്ലോ. അങ്ങനെ ഒറ്റപ്പെട്ടവനും ദുർബലനുമാ യിത്തീരുന്ന സാത്താനാകുന്ന പഴയ പാമ്പായ മഹാസർപ്പത്തെ അപ്പോൾത്തന്നെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരുന്ന ഒരു ദൂതൻ പിടിച്ച് അഗാധത്തിൽ തള്ളിയിട്ട് മീതെ മുദ്ര വെയ്ക്കുന്നു.

സാത്താനെ ആയിരം വർഷത്തേക്കാണ് അഗാധത്തിൽ ചങ്ങ ലയ്ക്കിടുന്നത്. കർത്താവിന്റെ **മദ്ധ്യാകാശവരവിങ്കൽ** സാത്താൻ ദൈവത്തിന്റെ പാദപീഠമാകുകയും (സങ്കീ. 110:1) കർത്താവിന്റെ **മഹത്വപ്രത്യക്ഷതയാകുന്ന രണ്ടാമത്തെ വരവിൽ** സാത്താൻ ദൈവത്തിന്റെ കാല് കീഴാകുകയുമാണ് ചെയ്യുന്നത് (വെളി. 20:1–3). അവൻ ദൈവത്തിന്റെ കാലിൻകീഴിൽ വെണ്ണീറായിത്തീ രുന്നത് **ഒടുക്കത്തെ നാളിൽ** നടക്കുന്ന ഗോഗ്-മാഗോഗ് യുദ്ധ ത്തിലാണ്(വെളി. 20:10, മലാ. 4:3). ഹർമ്മെഗെദ്ദോൻ യുദ്ധാന ന്തരം കർത്താവും കൂടെയുള്ളവരും വീണ്ടും കല്ല്യാണവിരുന്നു ശാലയിലേക്ക് പ്രവേശിക്കുകയാണ് ചെയ്യുന്നത്.

**ഭൂമിയിൽവെച്ചു നടക്കുന്ന കല്ല്യാണസദ്യ** (വെളി. 19:9)

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന അഞ്ചാമത്തെ സംഭവം ഭൂമിയിലെ വിരുന്നുശാലയിൽവെച്ചു നടക്കുന്ന കുഞ്ഞാ ടിന്റെ കല്ല്യാണസദ്യയാണ്. അത് സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ അല്ല, ഭൂമിയിൽവെച്ചാണ് നിറവേറപ്പെടുന്നത്. കുഞ്ഞാടിന്റെ കല്ല്യാണം സ്വർഗ്ഗത്തിൽ നിറവേറപ്പെട്ടതിനുശേഷം അതേത്തുടർന്ന് ഭൂമി യിൽവെച്ചു നടക്കുവാനുള്ള കല്ല്യാണസദ്യയ്ക്കുള്ള ക്ഷണമാണ് അന്നു ജീവനോടിരിക്കുന്ന മനുഷ്യർക്കു ലഭിക്കുന്നത് (വെളി.

19:9). കല്ല്യാണസദ്യയാകുന്ന അത്താഴവും ദൈവരാജ്യത്തിൽ പന്തിയിലിരിക്കുന്നതും ഒരേ കാര്യമല്ല, അതു രണ്ടും രണ്ടു കാര്യങ്ങളാണ്. കല്ല്യാണസദ്യ ഒരിക്കലായിട്ടുള്ളതാണെങ്കിൽ ദൈവരാജ്യത്തിൽ പന്തിക്കിരിക്കുന്നത് അനുദിനകാര്യമാണ്. മഹത്വസിംഹാസനത്തിലെ ജീവനുള്ളവരുടെ അന്ത്യന്യായവിധിക്കുശേഷം ദൈവരാജ്യത്തിലാണ് അത് നിറവേറപ്പെടുന്നത്.

കല്ല്യാണസദ്യയിൽ പങ്കെടുക്കുവാൻ ഭാഗ്യം ലഭിക്കുന്നവരിൽ സ്വർഗ്ഗത്തിൽനിന്നും പ്രത്യക്ഷമാകുന്ന സ്വർഗ്ഗീയതേജസ്സു പ്രാപിച്ച വിശുദ്ധന്മാരെ കൂടാതെ പുനരുത്ഥാനമോ സ്വർഗ്ഗീയതേജസ്സോ പ്രാപിക്കാത്ത മൂന്നു വിഭാഗങ്ങളിൽപ്പെടുന്നവരെയാണ് അന്നു ഭൂമിയിൽ നിന്നു തിരഞ്ഞെടുക്കുന്നത്.

- ലോകാവസാനമാകുന്ന കൊയ്ത്തിൽ ശേഖരിക്കപ്പെടുന്ന വൃതന്മാരിൽ ഉൾപ്പെടുന്ന യിസ്രേയേൽ ഗോത്രങ്ങളിൽനിന്നുള്ളവർ
- സുവിശേഷത്തിന്റെ വക്താക്കളാകുന്ന ബുദ്ധിയുള്ള കന്യകമാരുടെ ഗണത്തിൽ പെടുന്നവർ
- അന്നു വിളിക്കപ്പെട്ടവർ യോഗ്യരാകാത്തതുകൊണ്ട് വിരുന്നുശാലയിലേക്ക് പ്രവേശിപ്പിക്കപ്പെടുന്ന സ്നേഹിതപദവിയിലുള്ളവർ

സ്നേഹിതപദവിയിൽ പ്രവേശിക്കപ്പെടുന്നവരിലെ ദുഷ്ടന്മാരായവരെ അപ്പോൾത്തന്നെ മഹാരാജാവ് അഗ്നിപ്പൊയ്കയിലേക്ക് തള്ളിക്കളയുകയാണ് ചെയ്യുന്നത്. അതിനുശേഷമാണ് കുഞ്ഞാടിന്റെ കല്ല്യാണസദ്യ ഭൂമിയിലെ വിരുന്നുശാലയിൽ നിറവേറപ്പെടുന്നത്.

**മഹത്വസിംഹാസനത്തിനു മുമ്പാകെ സകല ജാതികളെയും ദൈവദൂതന്മാർ കൂട്ടിച്ചേർക്കുന്നത്** (മത്താ. 25:31- 35)

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ സംഭവിക്കുന്ന ആറാമത്തെ സംഭവമാണിത്. കല്ല്യാണസദ്യ വിരുന്നുശാലയിൽ നടന്നുകൊണ്ടിരിക്കുമ്പോൾ ദൂതന്മാർ പുറപ്പെട്ടു ലോകത്തിൽ അന്നു ജീവനോടിരിക്കുന്ന സകല മനുഷ്യരെയും മഹത്വസിംഹാസനത്തിനു മുമ്പാകെ കൂട്ടിച്ചേർക്കുന്നതാണ് ലോകാവസാനമാകുന്ന കൊയ്ത്തിന്റെ അവസാനഘട്ടം. അന്ന് മഹാരാജാവാം ദൈവം ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ ചെമ്മരിയാടുകളെ തന്റെ

വലത്തും കോലാടുകളെ തന്റെ ഇടത്തുമായി വേർതിരിച്ച് നിർത്തുന്നു. അതെത്തുടർന്ന് സംഭവിക്കുന്ന ഏഴാമത്തെകാര്യം മഹത്വസിംഹാസനത്തിനു ഇടത്തുവശത്തു നില്ക്കുന്ന ജീവനോ ടിരിക്കുന്ന ദുഷ്ടന്മാരുടെ അന്ത്യന്യായവിധിയും സഹസ്രാബ്ദ വാഴ്ചയുടെ ആരംഭവുമാണ്.

**മഹത്വത്തിന്റെ സിംഹാസനത്തിനു ഇടത്തുവശത്തു നില്ക്കുന്ന ജീവനോടി രിക്കുന്ന ദുഷ്ടന്മാരുടെ അന്ത്യന്യായവിധിയും സഹസ്രാബ്ദവാഴ്ചയുടെ ആരംഭവും (വെളി. 20:4)**

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന ഏഴാമ ത്തേതും അവസാനത്തേതുമായ സംഭവമാണിത്. മഹാരാജാ വാകുന്ന കർത്താവിന്റെ ഇടത്തുവശത്തു നിൽക്കുന്ന കോലാടു കൾ പിതാവിനാൽ ശപിക്കപ്പെട്ടവരാണ്. വൃതന്മാരായവരിലെ സുവിശേഷത്തിന്റെ വക്താക്കളായ **ഏറ്റവും ചെറിയ സഹോ ദരന്മാർക്കും** പഴയനിയമത്തിന്റെ വക്താക്കളായ **ഏറ്റവും ചെറിയവർക്കും** എതിർക്രിസ്തുവിന്റെ ഭരണത്തിൽ യാതൊ രുവിധ സഹായവും ചെയ്തുകൊടുക്കാതെ ക്രൂരത പ്രവർത്തിച്ചു എന്നുള്ളതാണ് അവർ ചെയ്ത അനീതിയായി ദൈവം കണ ക്കിടുന്നത്. അവരെ അപ്പോൾത്തന്നെ ജീവനോടെ ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്ക് തള്ളിക്കളയുകയാണ് ചെയ്യുന്നത്. ലോകാവസാനമാകുന്ന കൊയ്ത്തിന്റെ അന്ത്യത്തിൽ വീശു മുറമുള്ളവൻ വീശുമുറം കൊണ്ട് വീശി **പതിരാകുന്ന** സകല ദുഷ്ടന്മാരെയും അഗ്നിപ്പൊയ്കയിലേക്ക് ജീവനോടെ തള്ളിക്ക ളയുന്നത് മൂന്ന് സന്ദർഭങ്ങളിലായിട്ടാണ്.

- ഹർമ്മെഗെദ്ദോൻ യുദ്ധത്തിലാണ് അഗ്നിനരകത്തിന്റെ ആദ്യ ഇരകളാകുന്ന എതിർക്രിസ്തുവും കള്ളപ്രവാചകനും ബന്ധി തരായി ജീവനോടെ നരകാഗ്നിയിലേക്ക് തള്ളപ്പെടുന്നത്.
- മഹാരാജാവിന്റെ കല്ല്യാണവിരുന്നു നടക്കുന്ന വിരുന്നുശാല യിൽനിന്നു തള്ളപ്പെടുന്ന ദുഷ്ടന്മാരും മടിയന്മാരുമായവർ
- മഹത്വസിംഹാസനത്തിനു മുമ്പിൽ നിന്നും വിധിക്കപ്പെട്ടവ രായി നിത്യനരകാഗ്നിയിലേക്ക് തള്ളപ്പെടുന്ന ഇടത്തുവശത്തു നില്ക്കുന്ന ശപിക്കപ്പെട്ടവരായ കോലാടുകൾ

സിംഹാസനത്തിന്റെ വലത്തുഭാഗത്തു നില്ക്കുന്നവർ നീതി മാന്മാരാണ്. എതിർക്രിസ്തുവിന്റെ ഭരണകാലത്ത് മനസ്സാക്ഷി നഷ്ടപ്പെട്ട കഠിനലോകത്തിൽ ദൈവീകസാക്ഷ്യങ്ങൾക്കു

വേണ്ടി സാക്ഷ്യം വഹിക്കുന്ന വൃതന്മാരോട് ലേശമെങ്കിലും കരുണ കാണിക്കുന്നവരെയാണ് ദൈവം അന്നു നീതിമാന്മാരായി കണക്കാക്കുന്നത്. അവരാണ് പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരായി ആയിരം ആണ്ടു വാഴ്ചയിലെ പ്രജകളായി ദൈവരാജ്യത്തിലേക്ക് പ്രവേശിക്കപ്പെടുന്നവർ. വരുവാനുള്ള രാജ്യം അക്ഷരീകമായി സ്ഥാപിക്കപ്പെടുന്നത് കർത്താവിന്റെ രണ്ടാമത്തെ വരവിലാണ്. മനുഷ്യപുത്രൻ പ്രത്യക്ഷപ്പെടുന്ന നാളിൽ നടക്കുന്ന കൊയ്ത്തിൽ **ഗോതമ്പുമണി** ഒന്നുപോലും നഷ്ടപ്പെടാതെ കളപ്പുരയിൽ സൂക്ഷിച്ചു വയ്ക്കുന്നു.

ഗോതമ്പുമണിയാകുന്ന സിംഹാസനത്തിന്റെ വലത്തുബാഗത്തു നില്ക്കുന്ന നീതിമാന്മാർ തേജസ്സ് പ്രാപിക്കാത്ത ഭൗമജീവനുള്ള സാധാരണ മനുഷ്യരാണ്. അവരാണ് ദൈവരാജ്യമായ അന്നത്തെ ഭൂമിയിലേക്ക് പ്രവേശിക്കപ്പെടുന്നപ്രജകൾ. ആയിരമാണ്ടു വാഴ്ചയിൽ ജനനവും വിവാഹവും പാപവും മരണവും ഉണ്ടായിരിക്കും. അതിനാൽ ഇവർ സാധാരണ ജീവിതം നയിക്കുന്നവരാകുന്നു എന്നതാണ് വ്യക്തമാക്കപ്പെടുന്നത്.

ഇതിൽനിന്നും മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അവന്റെ രാജ്യത്തുനിന്ന് എല്ലാ ഇടർച്ചകളെയും അധർമ്മം പ്രവർത്തിക്കുന്നവരെയും കൂട്ടിച്ചേർത്ത് ജീവനോടെ അഗ്നിപ്പൊയ്കയിലേക്ക് തള്ളിക്കളയുകയും **നീതിമാന്മാർ** പിതാവിന്റെ രാജ്യത്തിലേക്ക് സന്തോഷത്തോടെ പ്രവേശിക്കുകയുമാണ് ചെയ്യുന്നത്.

ഇപ്പോഴത്തെ ദൃശ്യലോകത്തിൽനിന്നു സകല ഇടർച്ചകളെയും നീക്കിക്കളഞ്ഞതിനുശേഷമാണ് സഹസ്രാബ്ദവാഴ്ച ആരംഭിക്കുന്നത്. അന്ന് അവനോടുകൂടെ ഭൂമിയിൽ കാണപ്പെടുന്നവർ താഴെപ്പറയുന്നവരാണ്.

- ക്രിസ്തവിനോടുകൂടെ സിംഹാസനത്തിലിരുന്ന് വാഴുന്ന സൂര്യതേജസ്സുള്ള മണവാട്ടിസഭ
- മഹാരാജാവിനു മുമ്പിൽ നടക്കുന്ന സംഗീതക്കാരാകുന്ന നക്ഷത്രതേജസ്സുള്ള പഴയനിയമത്തിലെ ശ്രേഷ്ഠന്മാരായവർ
- പിമ്പിൽ നടക്കുന്ന വീണക്കാരാകുന്ന നക്ഷത്രതേജസ്സുള്ള യിസ്രായേൽ ഗോത്രങ്ങളിൽനിന്ന് രക്തസാക്ഷിത്വം വരിച്ച നൂറ്റിനാൽപ്പത്തിനാലായിരം പേർ
- മഹാരാജാവിന്റ ഇടത്തുവശത്തു നടന്ന് തപ്പുകൊട്ടുന്ന ചന്ദ്രതേജസ്സുള്ള പുതിയനിയമ സഭയുടെ തോഴിമാരാകുന്ന കന്യകമാർ

- വലത്തുവശത്തു നടന്നു തപ്പുകൊട്ടുന്ന ചന്ദ്രതേജസ്സുള്ള പുതിയനിയമ ദൈവസഭയുടെ രക്തസാക്ഷിത്വം വരിച്ച തോഴിമാരാകുന്ന കന്യകമാർ
- ആയിരമാണ്ട് വാഴ്ചയിൽ പട്ടണങ്ങളെ ഭരിക്കുന്ന ഭൗമീകരായ വൃതന്മാർ
- ആയിരമാണ്ട് വാഴ്ചയിലെ പ്രജകളായ ഭൗമികരായ നീതിമാന്മാർ

ഇതുവരെയുള്ള പഠനത്തിൽ നിന്നും മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ സംഭവിക്കുന്ന ഏഴു സംഭവങ്ങളെക്കുറിച്ചും അന്നു ഭൂമിയിൽനിന്നു മാറ്റപ്പെടുന്ന സകല ദുഷ്ടന്മാരെക്കുറിച്ചും ദൈവരാജ്യത്തിൽ കാണപ്പെടുന്നവരെക്കുറിച്ചുള്ള വ്യക്തതയാണ് നമുക്ക് ലഭിച്ചത്. അതേത്തുടർന്ന് ഭൂമിയിൽ ആരംഭിക്കുന്ന ഭരണം രാജാധിരാജാവാം ക്രിസ്തുയേശുവിന്റെ നീതിയുടെ ഭരണമാണ്. ഒരു രാജാവ് നീതിയോടെ വാഴും എന്ന പ്രവചനവും സഹസ്രാബ്ദവാഴ്ചയെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്ന സകല പ്രവചനങ്ങളുമാണ് കർത്താവിന്റെ ആയിരമാണ്ട് വാഴ്ചയിൽ നിറവേറപ്പെടുന്നത്. തിരുവചനസത്യങ്ങൾ സാങ്കൽപികങ്ങളല്ല; അവയെല്ലാം നിറവേറപ്പെടുവാനുള്ളതാണ്. അതിനാൽ ഒരിക്കലും മാറ്റം വരാത്ത ദൈവവചനത്തിൽ വിശ്വസിച്ച് അവനോടൊപ്പം വാഴുവാനുള്ള അതിശ്രേഷ്ഠപദവി അലങ്കരിക്കുവാൻ താഴ്മയോടെ അവന്റെ ബലമുള്ള കൈക്കീഴിൽ നമുക്ക് താണിരിക്കാം.

മഹാരാജാവ് എന്ന അദ്ധ്യായത്തിന്റെ പഠനം പൂർത്തീകരിക്കുമ്പോൾ നമ്മുടെ കർത്താവ് ഭൂമിയെ ഭരിപ്പാൻ വേഗം വരുന്നു എന്ന സന്തോഷമാണ് ദൈവമക്കൾക്കുള്ളത്. അനീതി വസിക്കുന്ന ഈ ലോകത്തിൽ ഇന്നു നാം ഞെരുങ്ങി ജീവിക്കുമ്പോൾ നമുക്കു വേണ്ടി കഷ്ടത ഏറ്റവൻ, മുൾക്കിരീടം ചൂടിയവൻ പൊൻകിരീടധാരിയായി വേഗത്തിൽ വരുമെന്നും അന്ന് അവനോടുകൂടെ നാമും കാണുമെന്നുള്ള വലിയ പ്രത്യാശയോടെ നമ്മുടെ ശിഷ്ടകാലം ജീവിക്കാം. ഇതുവരെയും ലോകത്തിനു സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളെക്കുറിച്ച് അറിവില്ലാത്തവർ ആരെങ്കിലും ഈ ഗ്രന്ഥം വായിക്കുന്നുവെങ്കിൽ മാനസാന്തരപ്പെട്ട് കർതൃവരവിനായി ഒരുങ്ങണമേയെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. 'ന്യായാധിപതി' എന്ന അടുത്ത അദ്ധ്യായത്തിന്റെ പഠനത്തിലേക്കാണ് തുടർന്ന് നാം പ്രവേശിക്കുന്നത്.

അദ്ധ്യായം 6

# ന്യായാധിപതി

*എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിന് പിതാവു ആരെയും ന്യായം വിധിക്കാതെ ന്യായ വിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു (യോഹ. 5:22).*

ലോകാരംഭം മുതൽ ഒടുക്കത്തെനാൾ വരെ നിറവേറപ്പെട്ടതും നിറവേറപ്പെടുവാനുള്ളതുമായ വിവിധങ്ങളായ ദൈവീകന്യായ വിധികളെക്കുറിച്ചുള്ള വെളിപ്പെടുത്തലുകൾ തിരുവചനത്തിലുണ്ട്. ഉല്പത്തി പുസ്തകത്തിൽ എഴുതിത്തുടങ്ങി വെളിപ്പാട്പുസ്തകത്തിൽ അവസാനിപ്പിച്ചിരിക്കുന്ന തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സകല ന്യായവിധികളെയും ഓരോന്നായി ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുക എന്നത് ശ്രമകരമാണ്. അതുകൊണ്ട് സുപ്രധാനമായ ചില ന്യായവിധികളെക്കുറിച്ച് മാത്രമാണ് ചുരുക്കത്തിൽ നാം ചിന്തിക്കുന്നത്.

നോഹയുടെ കാലം ലോകാവസാനത്തിനു നിഴലായിരിക്കുന്നതുകൊണ്ട് ലോകാവസനത്തിങ്കലും അന്നു സംഭവിച്ചതു പോലെ തന്നെ സംഭവിക്കും. പുരാതനലോകത്തെ ദൈവം ന്യായംവിധിച്ച് ഇപ്പോഴത്തെ ലോകത്തിലേക്ക് നോഹയുടെ കുടുംബത്തിലെ എട്ടു പേരെ പ്രവേശിപ്പിച്ചതുപോലെ ദൈവീക ന്യായവിധി ഓരോന്ന് കഴിയുമ്പോഴും അതു ദൈവീകപദ്ധതിയുടെ പൂർത്തീകരണത്തിലേക്കാണ് പ്രയാണം ചെയ്യുന്നത്.

നോഹയുടെ കാലത്തു നടന്ന ന്യായവിധിയെക്കുറിച്ച് നമുക്ക് അറിവുള്ളതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേക്ക് പ്രവേശിക്കുന്നില്ല. അന്ന് ക്രിസ്തുവിന്റെ ആത്മാവ് നോഹയിലൂടെ വരുവാനുള്ള ന്യായവിധിയെക്കുറിച്ചുള്ള മുന്നറിയിപ്പ് ലോകത്തെ അറിയിച്ചിരുന്നു. ദൈവം നീതിയുള്ള ന്യായാധിപതി ആകുന്നതിനാൽ രക്ഷയുടെ മാർഗ്ഗം ഒരുക്കിയശേഷം അതു അനുസരിക്കാത്തവരെ മാത്രമാണ് ശിക്ഷാവിധിയിൽ അകപ്പെടുത്തുന്ന

ത്. നോഹയുടെ കാലത്ത് അന്നു നടന്ന ജലപ്രളയത്തിന്റെ കെടുതി ഭൂമി മുഴുവനെയുമാണ് ബാധിച്ചത്. ഭൂമിയിൽ വഷളത്വം നിറഞ്ഞു എന്നതിൽനിന്നു ഭൂമിയുടെ സകല സ്ഥലങ്ങളിലും മനുഷ്യവാസം ഉണ്ടായിരുന്നുവെന്നും അവരിൽ നോഹയുടെ കുടുംബത്തിലെ എട്ടു പേരൊഴികെ അന്നു ജീവനോടിരുന്ന സകലരും ജലപ്രളയത്തിൽ മുങ്ങി മരിച്ചു എന്നുമാണ് തിരുവചനം വ്യക്തമാക്കുന്നത്.

നോഹ പെട്ടകം പണിയുന്നതോടൊപ്പം സർവ്വലോകത്തിലും ന്യായവിധിയുടെ ദൂത് പ്രസംഗിച്ചത് ക്രിസ്തുവിന്റെ ആത്മാവിലായിരുന്നു. എന്നാൽ അന്നുവരെ മനുഷ്യർ കാണാതിരുന്ന മഴ ആകാശത്തുനിന്നു പെയ്തിറങ്ങുമെന്നും അതിനാൽ ഭൂമി നിറഞ്ഞു നശിക്കുമെന്നുമുള്ള ദൂതിനെ അന്നത്തെ മനഷ്യർക്ക് ഗ്രഹിക്കുവാനോ അംഗീകരിക്കുവാനോ കഴിയാതെ പോയി. അതിന്റെ പ്രധാന കാരണം അവർ ദൈവശബ്ദത്തിന് ചെവി കൊടുക്കാതെ അനീതിയിൽ രസിച്ചു വഷളത്വത്തിൽ ആണ്ടു പോയതുകൊണ്ടാണ്. അതിനാൽ ദൈവകോപം അവരുടെമേൽ മഴയായി പെയ്തിറങ്ങുകയും ഭൂമിയിലുള്ള സകല ചരാചരങ്ങളും ജലപ്രളയത്തിൽ നശിച്ചുപോകുകയും ചെയ്തു.

അന്നത്തെ ന്യായവിധിയിൽ നിന്നു മനുഷ്യർക്ക് രക്ഷപ്പെടുവാൻ ദൈവം ഒരുക്കിയിരുന്നത് നോഹ നിർമ്മിച്ച പെട്ടകമായിരുന്നു. മനുഷ്യർ ദൈവവചനനിഷേധികളായി അനർത്ഥത്തിലകപ്പെട്ടപ്പോൾ ദൈവം കല്പിച്ചിരുന്ന മൃഗങ്ങൾ അനുസരണമുള്ളവയായി പെട്ടകത്തിൽ പ്രവേശിച്ച് രക്ഷപ്പെടുകയുണ്ടായി. ഇന്നും ലോകത്തിന്റെ സ്ഥിതി അതിൽ നിന്നു ഒട്ടും വിഭിന്നമല്ല. മനുഷ്യർ അനുദിനം ദൈവത്തിൽ നിന്നകന്നു സാത്താന്റെ തടവറയിൽ അകപ്പെടുന്നതായിട്ടാണ് ലോകസംഭവങ്ങൾ വിരൽ ചൂണ്ടുന്നത്. അതിനാൽ ഇപ്പോഴത്തെ ആകാശവും ഭൂമിയും ദൈവവചനത്താൽ തീക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തിനായി കാത്തിരിക്കുന്നു. അതെക്കുറിച്ച് മനുഷ്യർക്ക് അറിവുണ്ടെങ്കിലും മനസ്സോടെ അവർ മറന്നു കളയുന്നു എന്നാണ് പത്രൊസ് അപ്പൊസ്തലൻ പ്രസ്താവിച്ചിരിക്കുന്നത് (2 പത്രൊ. 3:7).

ഭൗതിക മണ്ഡലത്തിൽ എന്നപോലെ ആത്മീകമണ്ഡലത്തിലും ന്യായവിധികൾ ഉണ്ട്. അതിൽ പരമപ്രധാനമായിട്ടുള്ളത്

രണ്ടായിരത്തിൽപ്പരം വർഷങ്ങൾക്കു മുമ്പ് കാൽവറിയിൽ നിറവേറ്റപ്പെട്ട ന്യായവിധിയാണ്. അന്ന് കർത്താവായ യേശു ഈ ലോകത്തിന്റെ പ്രഭുവിനെയാണ് ന്യായം വിധിച്ചത്. നന്മയാൽ തിന്മയെ ജയിച്ച് സാത്താന്റെ തലയെ തകർത്ത് ക്രൂശിൽ ക്രിസ്തുയേശു ജയോത്സവം കൊണ്ടാടിയത് ആത്മീക മണ്ഡലത്തിലെ ന്യായവിധിയായിരുന്നു. സർവ്വലോകത്തിന്റെയും പാപം തന്റെ ശരീരത്തിന്മേൽ വഹിച്ച് ദൈവകോപത്തിന്റെ ന്യായവിധിയിൽ അവൻ ജഡത്തിൽ മരിക്കുകയും വിശുദ്ധിയുടെ ആത്മാവിനാൽ മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു. അതുനിമിത്തം മരണാധികാരിയായിരുന്ന പിശാചിന്റെ അടിമത്വത്തിലായിരുന്ന മാനവരാശിക്ക് മുമ്പിൽ തുറക്കപ്പെട്ടത് നിത്യജീവന്റെ മാർഗ്ഗമായിരുന്നു.

പുതിയനിയമത്തിൽ മനുഷ്യർ പാപികളായതിനാലല്ല ശിക്ഷിക്കപ്പെടുന്നത്, പാപപരിഹാരത്തിനു യാഗമായിത്തീർന്ന ക്രിസ്തുവിൽ വിശ്വസിക്കാത്തതിനാലാണ്. ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതാകയാൽ അവർ വെളിച്ചത്തെക്കാളധികം ഇരുളിനെ സ്നേഹിച്ചു എന്നാണ് ക്രിസ്തുയേശു ലോകത്തോട് അരുളിച്ചെയ്തത് (യോഹ. 3:19). അതുപോലെ ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് യാതൊരു ശിക്ഷാവിധിയുമില്ല എന്ന് റോമർക്ക് എഴുതിയ ലേഖനത്തിലും (റോമ. 8:1) യോഹന്നാൻ എഴുതിയ സുവിശേഷത്തിലും (യോഹ. 3:18) അടിവരയിട്ടു പ്രസ്താവിച്ചിരിക്കുന്നത് വിശ്വാസത്താലുള്ള നീതീകരണത്തെക്കുറിച്ചാണ്. ദൈവപുത്രനിലുള്ള വിശ്വാസത്താൽ ഏതു മനുഷ്യനും ദൈവത്തിന്റെ വരുവാനുള്ള ന്യായവിധിയിൽ നിന്നും മോചനം പ്രാപിക്കാമെന്നുള്ളതാണ് **പുതിയനിയമത്തിന്റെ** മുഖ്യസന്ദേശം. തുടർന്നു നാം ചിന്തിക്കുന്നത് വെളിപ്പാട്പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന മേലാൽ സംഭവിപ്പാനുള്ള നാല് ന്യായവിധികളെക്കുറിച്ചാണ്.

- മർമ്മം: മഹതിയാം ബാബിലോണിന്റെ ന്യായവിധി
- യിസ്രായേലിന്റെ ന്യായവിധി
- മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന ജീവനോടിരിക്കുന്ന ദുഷ്ടന്മാരുടെ അന്ത്യന്യായവിധി.

- ഒടുക്കത്തെ നാളിൽ പുനരുത്ഥാനം പ്രാപിക്കുന്നവരിലെ ദുഷ്ടന്മാരുടെ അന്ത്യന്യായവിധി

**മർമ്മം: മഹതിയാം ബാബിലോണിന്റെ ന്യായവിധി**

ഏഴ് ഇടിനാദത്തിൽ മറഞ്ഞിരിക്കുന്ന ഏഴ് ദിവസങ്ങളിലെ പ്രാരംഭദിവസമാകുന്ന **പ്രതികാരദിവസത്തിൽ** നടക്കുന്ന ന്യായവിധിയാണിത്. വെളിപ്പാട്പുസ്തകം 17,18 അദ്ധ്യായങ്ങളിൽ മർമ്മം: മഹതിയാം ബാബിലോണിന്റെ ന്യായവിധിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിന്റെ മുന്നറിയിപ്പ് സന്ദേശമാണ് വെളിപ്പാട് പുസ്തകം 14-ാം അദ്ധ്യായം 7-ാം വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ബാബിലോണിനു വരുന്ന നാശത്തിൽ ഓഹരിക്കാരാകാതിരിക്കുവാൻ അവളെ വിട്ട് ഓടിപ്പോകുവാൻ ലോകത്തോട് വിശേഷാൽ ദൈവജനത്തോട് വിളിച്ചറിയിക്കുന്ന സന്ദേശമാണിത്. അന്നു നടക്കുന്ന ന്യായവിധിയിൽ അവളെ ചുമന്നുകൊണ്ടു നില്ക്കുന്നവരെക്കൊണ്ട് തന്നെയാണ് ദൈവം അവളെ ദഹിപ്പിച്ചുകളയുന്നത് (വെളി. 17:16, ദാനി. 7:11). അന്ന് കേവലം ഒരു മണിക്കൂറുകൊണ്ട് ബലമേറിയ പട്ടണമാകുന്ന മഹതിയാം ബാബിലോൺ നിർമ്മൂലമാക്കപ്പെടുന്നു (വെളി. 18:10).

വിശ്വാസത്യാഗം സംഭവിക്കുന്ന ലോകാവസാനത്തിന്റെ അന്ത്യനാളുകളിലേക്ക് സമീപിക്കുന്തോറും മനുഷ്യർക്ക് മാനസാന്തരാനുഭവം നഷ്ടപ്പെടുകയും അവർ ദൈവത്തിൽനിന്ന് അകന്നു പോകുകയും ചെയ്യുന്നുവെന്നാണ് തിരുവചനം തെളിവു നൽകുന്നത്. എതിർക്രിസ്തുവിന്റെ ഭരണത്തിൽ ദൈവകോപം ഓരോന്നായി ഭൂമിയിലേക്ക് ചൊരിയപ്പെടുമ്പോൾ മനുഷ്യർ ദൈവത്തെ ദുഷിക്കുകയല്ലാതെ മാനസാന്തരപ്പെടുന്നില്ല. അതിന്റെ കാരണം പൈശാചികത്രിമൂർത്തികളുടെ വഞ്ചനയുടെ ആധിക്യത്തിൽ അവർ കുടുങ്ങിപ്പോകുന്നതുകൊണ്ടാണ് മാനസാന്തര അനുഭവം മാനവരാശിയിൽനിന്ന് നഷ്ടപ്പെട്ടു പോകുന്നത്. മ്ലേച്ഛപ്രവർത്തികളിൽ ആണ്ടുപോകുന്ന മഹതിയാം ബാബിലോൺ അഗ്നിക്കിരയായി ഉന്മൂലനാശം സംഭവിക്കുന്നതാണ് മഹതിയാം ബാബിലോണിന്മേൽ വരുവാനുള്ള ദൈവീക ന്യയവിധി.

**യിസ്രായേലിന്റെ ന്യായവിധി**

ലോകരക്ഷകനായ യേശുക്രിസ്തുവിനെ അംഗീകരിക്കാതി

രിക്കുന്നതിനാലാണ് യിസ്രായേൽ ന്യായവിധിയിൽ അകപ്പെട്ടിരിക്കുന്നത്. എതിർക്രിസ്തുവിന്റെ ഭരണത്തിൽ അവർ അഗ്നിശോധനയിലൂടെ കടന്നുപോകുന്നതു നിമിത്തം അവർ ദൈവത്തോട് നെടുവീർപ്പിടുമ്പോൾ അവരെ രക്ഷിപ്പാനാണ് യേശുക്രിസ്തു എന്ന മഹാരാജാവ് മേഘാരൂഢനായി പ്രത്യക്ഷപ്പെടുന്നത്. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിലാണ് യിസ്രായേൽ കുത്തിയവങ്കലേക്ക് നോക്കി രക്ഷപ്രാപിക്കുന്നത്. അതുവരെ അവർ കാഠിന്യം അനുഭവിച്ചുകൊണ്ടിരിക്കും എന്നതാണ് യിസ്രായേലിന്റെ ന്യായവിധി.

**മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന ജീവനോടിരിക്കുന്ന ദുഷ്ടന്മാരുടെ അന്ത്യന്യായവിധി.**

അന്നു നടക്കുന്ന അന്ത്യന്യായവിധിയിൽ മൂന്നു സന്ദർഭങ്ങളിലായിട്ടാണ് ജീവനോടിരിക്കുന്ന സകല ദുഷ്ടന്മാരും ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്ക് തള്ളപ്പെടുന്നത്.

- എതിർക്രിസ്തുവും കള്ളപ്രവാചകനും ബന്ധിതരായി ജീവനോടെ നരകാഗ്നിയിലേക്ക് തള്ളപ്പെടുന്നു.
- കല്ല്യാണ വിരുന്നുശാലയിൽനിന്നു തള്ളപ്പെടുന്ന ദുഷ്ടന്മാരും മടിയന്മാരുമായവർ
- മഹത്വസിംഹാസനത്തിനു മുമ്പിൽ നിന്നും വിധിക്കപ്പെട്ടവരായി നിത്യനരകാഗ്നിയിലേക്ക് തള്ളപ്പെടുന്ന ഇടത്തുവശത്തു നില്ക്കുന്ന ശപിക്കപ്പെട്ടവരായ കോലാടുകൾ

മഹാരാജാവ് എന്ന അദ്ധ്യായത്തിൽ ഇവയെക്കുറിച്ച് വിശദമായി ചിന്തിച്ചതുകൊണ്ട് ആവർത്തിക്കുന്നില്ല.

**ഒടുക്കത്തെ നാളിൽ പുനരുത്ഥാനം പ്രാപിക്കുന്നവരിലെ ദുഷ്ടന്മാരുടെ അന്ത്യന്യായവിധി**

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ സകല ദുഷ്ടന്മാരെയും നീക്കിക്കളഞ്ഞിട്ട് ആരംഭിക്കുന്നത് സഹസ്രാബ്ദ വാഴ്ചയാണ്. മഹാരാജാവായ യേശു നീതിയോടെ ഈ ഭൂമിയിൽ ആയിരമാണ്ടാണ് വാഴുന്നത്. അതിന്റെ ഒടുവിൽ അഗാധത്തിൽ ബന്ധിക്കപ്പെട്ടു കിടക്കുന്ന സാത്താനെ അല്പകാലത്തേക്ക് അഴിച്ചു വിടും. അന്ന് ദുഷ്ടനായ പിശാച് പുറപ്പെട്ട് ലോകജാതികളെ വശീകരിച്ച് അന്തിമയുദ്ധമാകുന്ന ഗോഗ്-മാഗോഗ് യുദ്ധ

ത്തിനായി കൂട്ടി വരുത്തുന്നു. അവർ വിശുദ്ധനഗരത്തെയും പാള യത്തെയും വളയുന്ന യുദ്ധമാണിത്. ഒടുക്കത്തെ നാളിൽ നട ക്കുന്ന ഗോഗ്-മാഗോഗ് യുദ്ധത്തിൽ ഒടുക്കത്തെ ശത്രുവായ സാത്താനെ, മൃഗവും കള്ളപ്രവാചകനും കിടക്കുന്ന അഗ്നിപ്പൊ യ്കയിലേക്ക് തള്ളിക്കളയുന്നതോടെ സാത്താനും **അന്ത്യന്യാ യവിധിയിൽ അകപ്പെടുന്നു**. ഗോഗ്- മാഗോഗ് യുദ്ധത്തിൽ അവ നോടു ചേരുന്നവരെ ആകാശത്തിൽ നിന്ന് ഇറങ്ങുന്ന തീ ദഹി പ്പിച്ചു കളയുന്നു.

അതെത്തുടർന്ന് ലോകാരംഭം മുതൽ ഒടുക്കത്തെ നാൾവരെ **മരിച്ചുപോയവരുടെ** പുനരുത്ഥാനവും അവരിൽ ദുഷ്ടന്മാരായ വരുടെ അന്ത്യന്യായവിധിയുമാണ് നടക്കുന്നത്. കർത്താവ് വെള്ള സിംഹാസനത്തിലിരിക്കുമ്പോൾ മരിച്ചുപോയവരിൽ അന്നുവരെ പുനരുത്ഥാനം പ്രാപിക്കാതെ അവശേഷിച്ചിരിക്കുന്ന സകലരു മാണ് പുനരുത്ഥാനം പ്രാപിച്ച് വെള്ളസിംഹാസനത്തിനു മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്. ഒടുക്കത്തെ നാളിൽ പുനരുത്ഥാനം പ്രാപി ക്കുന്നവരെ ഏല്പിച്ചുകൊടുക്കുന്നത് **സമുദ്രം, പാതാളം, മരണ മാകുന്ന നരകം** എന്നീ മൂന്ന് സ്ഥലങ്ങളിൽനിന്നുമാകുന്നു.

*മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിനുമുമ്പിൽ നില്ക്കുന്നതു കണ്ടു; പുസ്തകങ്ങൾ തുറന്ന് ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്ന് പുസ്തകത്തിൽ എഴുതിയിരിക്കുന്നതിന് ഒത്ത വണ്ണം മരിച്ചവർക്ക് അവരുടെ പ്രവർത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചു കൊടുത്തു. മര ണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; ഓരോരുത്തനും അവനവന്റെ പ്രവർത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി. (വെളി. 20:12- 13)*

ലോകാരംഭം മുതൽ ഒടുക്കത്തെനാൾ വരെ മരിച്ചുപോയ സകല മനുഷ്യരിലും നിത്യജീവനു യോഗ്യത പ്രാപിക്കുവാനുള്ളവരും അതുപോലെ നിത്യനാശത്തിനു വിധിക്കപ്പെടുവാനുള്ളവരുമാണ് ഒടുക്കത്തെ നാളിൽ പുനരുത്ഥാനം പ്രാപിക്കുന്നത്. ജീവപുസ്ത കത്തിൽ പേരുള്ളവർ നിത്യജീവനായി ഭൗമതേജസ്സോടെ ഉയിർത്തെഴുന്നേല്ക്കുമ്പോൾ ജീവപുസ്തകത്തിൽ പേരില്ലാത്ത പാപികളും കഠിനപാപികളും തേജസ്സില്ലാത്ത ശരീരങ്ങളോടെ പൊടിയിൽനിന്ന് എഴുന്നേറ്റു വരുന്നു. അവരെ നിത്യനാശമാ കുന്ന അഗ്നിപ്പൊയ്കയിലേക്ക് തള്ളിക്കളയുന്നു.

ഒടുക്കത്തെ നാളിൽ പുനരുത്ഥാനം പ്രാപിക്കുന്നവരിൽ രണ്ടു വിഭാഗത്തിൽപ്പെടുന്നവരാണുള്ളത്. അതിന്റെ വ്യക്തതയാണ് വെളിപ്പാട്പുസ്തകത്തിലെ മേലുദ്ധരിച്ചിരിക്കുന്ന വാകൃങ്ങ ളിൽനിന്നു നമുക്ക് ലഭിക്കുന്നത്. അവർ ജീവപുസ്തകത്തിൽ പേരുള്ള നീതിമാന്മാരും, ജീവപുസ്തകത്തിൽ പേരില്ലാത്ത പാപി കളും, കഠിനപാപികളും ആകുന്നു.

## സമുദ്രം ഏല്പിച്ചുകൊടുക്കുന്നവർ

ഒടുക്കത്തെ നാളിൽ **ഭൗമതേജസ്സു** പ്രാപിച്ചു പുനരുത്ഥാനം പ്രാപിക്കുന്നവരുടെ പേരുകൾ ജീവപുസ്തകത്തിലാണ് രേഖ പ്പെടുത്തിയിരിക്കുന്നത്. ലോകാരംഭം മുതൽ ഒടുക്കത്തെ നാൾവരെ നിത്യജീവനു യോഗ്യരാകുന്ന സകല മനുഷ്യരുടെയും ആത്മാക്കളെ ദൈവം ഇപ്പോൾ സൂക്ഷിക്കുന്നത് **സമുദ്രം** എന്ന മരണാനന്തരനിരയിലാകുന്നു. ഈ ചിന്താഗതി തിരുവചനാടി സ്ഥാനത്തിൽ അംഗീകാരയോഗ്യമാണ്. സുവിശേഷത്തിൽ കർത്താവു നിത്യജീവന് പ്രാധാന്യത കൊടുത്ത് സംസാരിച്ചി രിക്കുന്ന തിരുവചനഭാഗങ്ങളിൽ നിന്നു ഇതിന്റെ പരിപൂർണ്ണമായ വ്യക്തതയാണ് നമുക്ക് ലഭിക്കുന്നത്.

*അവൻ എനിക്കു തന്നതിൽ ഒന്നും ഞാൻ കളയാതെ, എല്ലാം ഒടു ക്കത്തെ നാളിൽ ഉയിർത്തെഴുന്നേല്പിക്കണം എന്നാകുന്നു എന്നെ അയച്ചവന്റെ ഇഷ്ടം. പുത്രനെ നോക്കിക്കൊണ്ട് അവനിൽ വിശ്വസി ക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണമെന്നാകുന്നു എന്റെ പിതാ വിന്റെ ഇഷ്ടം; ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേ ല്പിക്കും (യോഹ. 6:39 - 40).*

*എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടു ക്കൽ വരുവാൻ കഴികയില്ല; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും." (യോഹ. 6:44).*

ഇപ്രകാരം മറ്റു ചില വേദഭാഗങ്ങൾ കൂടി ചൂണ്ടിക്കാണിക്കു വാൻ ഉണ്ടെങ്കിലും അതിനു മുതിരുന്നല്ല. സുവിശേഷത്തിൽ കർത്താവു വളരെ വ്യക്തമായി പഠിപ്പിച്ചിരിക്കുന്നത് ഒടുക്കത്തെ നാളിലെ പുനരുത്ഥാനത്തെക്കുറിച്ചാണ്. ജീവപുസ്തകത്തിൽ പേരുള്ള നിത്യജീവനു ഓഹരിക്കാരായ സകല മനുഷ്യരും ഉയിർത്തെഴുന്നേല്ക്കുന്നത് ഒടുക്കത്തെനാളിലാണ്. അതിനാൽ ലോകാരംഭം മുതൽ എഴുതിത്തുടങ്ങിയ ജീവപുസ്തകം തുറ

ക്കപ്പെടുന്നത് ഒടുക്കത്തെനാളിലാകുന്നു എന്നാണ് ഇവിടെ സ്പഷ്ടമാക്കപ്പെടുന്നത്.

പുതുവാനഭൂമിയിലേക്ക് ഭൗമതേജസ്സ് പ്രാപിച്ച് പ്രവേശിക്കപ്പെടുവാനുള്ളവരെ ഒടുക്കത്തെനാളിലെ പുനരുത്ഥാനത്തിൽ വെള്ള സിംഹാസനത്തിനു മുമ്പാകെ ഏല്പ്പിച്ചുകൊടുക്കുന്നത് **സമുദ്രമാണ്**. അവർ നന്മ ചെയ്തവരും ജീവപുസ്തകത്തിൽ പേരുള്ളവരുമാണ്. പുതുവാനഭൂമിയിൽ പ്രവേശിക്കപ്പെടുന്നവർ ദൂതതുല്യരായിട്ടുള്ള മനുഷ്യരാണ്. അവരുടെ ഇടയിലേക്കാണ് പുതിയ യെരുശലേം അതിന്റെ പരിപൂർണ്ണതേജസ്സോടെ ഇറങ്ങി വരുന്നത്. അതെക്കുറിച്ച് വെളിപ്പാട്പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

*... ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടു കൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും... (വെളി. 21:3- 4).*

സമുദ്രം ഏല്പിച്ചുകൊടുക്കുന്നത് സമുദ്രത്തിൽ വീണു മരിച്ചുപോയവരെയല്ല, ലോകാരംഭം മുതൽ ഒടുക്കത്തെനാൾ വരെ ജീവപുസ്തകത്തിൽ പേരുള്ള നിത്യജീവന് യോഗ്യരായവരെയാണ്. അവർ ഭൗമതേജസ്സുപ്രാപിച്ചു പുതുവാനഭൂമിയിലേക്ക് ദൂതതുല്യരായി പ്രവേശിക്കപ്പെടുവാനുള്ളവരാകുന്നു എന്നതാണ് തിരുവചനതെളിവുകളാൽ വ്യക്തമാക്കപ്പെട്ടത്.

### പാതാളം ഏല്പിച്ചുകൊടുക്കുന്നവർ

ലോകാരംഭം മുതൽ ഒടുക്കത്തെ നാൾ വരെ ജീവപുസ്തകത്തിൽ പേരില്ലാത്ത സകല പാപികളും മരണാനന്തരം വിചാരണത്തടവുകാരായി യാതന അനുഭവിക്കുന്നത് യാതനാസ്ഥലമാകുന്ന പാതാളത്തിലാകുന്നു. ഇതിനെ അധമപാതാളം എന്നാണ് തിരുചനത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. ഒടുക്കത്തെ നാളിൽ നടക്കുന്ന പുനരുത്ഥാനത്തിൽ തേജസ്സില്ലാത്ത ശരീരങ്ങളോടെ വെള്ള സിംഹാസനത്തിനു മുമ്പാകെ അവരെ ഏല്പിച്ചു കൊടുക്കുന്നത് **പാതാളമാകുന്നു**. അവരുടെ പ്രവർത്തികൾക്കൊത്ത ന്യായവിധി ഉണ്ടാവുകയും അവരെ അന്ന് **രണ്ടാം മരണമാകുന്ന** അഗ്നിനരകത്തിലേക്ക് തള്ളിക്കളയുകയു് ചെയ്യുന്നു.

### മരണമാകുന്ന നരകം ഏല്പിച്ചുകൊടുക്കുന്നവർ

ലോകാരംഭം മുതൽ ഒടുക്കത്തെ നാൾ വരെ ജീവപുസ്തകത്തിൽ പേരില്ലാത്ത **കഠിനപാപികളായ** സകല മനുഷ്യരും വിചാരണത്തടവുകാരായി **കഠിനയാതന** അനുഭവിക്കുന്നത് മരണമാകുന്ന നരകത്തിലാകുന്നു. പാപം ചെയ്ത ദൂതന്മാർക്ക് തുല്യരായ ഇവർ ദൈവീകസത്യങ്ങൾ അറിഞ്ഞിട്ട് പിൻതിരിഞ്ഞുപോകുന്നവരാണ്. ഇവരെ പിശാചിനോടുകൂടെ ഏറ്റവും പുറത്തുള്ള ഇരുളിലേക്കാണ് തള്ളിക്കളയുന്നത്. സത്യം ഗ്രഹിച്ചവർ അഥവാ സന്മാർഗ്ഗം ത്യജിക്കുന്നവർക്ക് കഠിന ശിക്ഷയാണ് ലഭിക്കുന്നത്. അതുകൊണ്ട് കഠിനശിക്ഷാവിധിയിൽ അകപ്പെടാതിരിക്കുവാൻ സത്യമാർഗ്ഗത്തിൽ വന്നവർ ഒരു കാരണവശാലും പിന്മാറിപ്പോകരുതെന്നു ഇത്തരണത്തിൽ ഓർമ്മിപ്പിക്കുന്നു.

തിന്മയുടെ വേരാകുന്ന സാത്താനെയും അവന്റെ കൊമ്പുകളാകുന്ന സകല ദുഷ്ടന്മാരെയും അഗ്നിനരകത്തിലേക്ക് തള്ളിക്കളയുന്നതോടെ പിതാവാം ദൈവം പുത്രനാം ദൈവത്തിൽ ഭരമേല്പിച്ച സകല ന്യായവിധികളുമാണ് **ന്യായാധിപതിയായി** ക്രിസ്തുയേശു ഒടുക്കത്തെ നാളിൽ പൂർത്തീകരിക്കുന്നത്. അതിനുശേഷം കർത്താവും അവനോടുകൂടെ സ്വർഗ്ഗത്തിൽന്ന് ഇറങ്ങിവന്ന സകല വിശുദ്ധന്മാരും തിരികെ സ്വർഗ്ഗത്തിലേക്ക് കരേറിപ്പോവുകയും നീതി വസിക്കുന്ന പുതുവാനഭൂമി പിതാവാം ദൈവത്തിന് ഭരമേല്പ്പിക്കുകുയും ചെയ്യുന്നു. അതേത്തുടർന്നു മാനവരാശിയോടുള്ള ബന്ധത്തിലെ ദൈവീകനിത്യതയാണ് **ഉണ്ടാക്കുവാനുള്ള ദിവസത്തിൽ** ആരംഭിക്കുന്നത്. അതെക്കുറിച്ചാണ് 'പിതാവിന്റെ മന്ദിരം' എന്ന അടുത്ത അദ്ധ്യായത്തിൽ നാം ചിന്തിക്കുന്നത്.

അദ്ധ്യായം 7

# പിതാവിന്റെ മന്ദിരം

*യേശു അവരോട്; ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും എന്ന് ഉത്തരം പറഞ്ഞു. യഹൂദന്മാർ അവനോട്: ഈ മന്ദിരം നാല്പത്താറ് സംവത്സരം കൊണ്ടു പണിതിരിക്കുന്നു; നീ മൂന്നു ദിവസത്തിനകം അതിനെ പണിയുമോ എന്നു ചോദിച്ചു. അവനോ തന്റെ ശരീരം എന്ന മന്ദിരത്തെക്കുറിച്ചത്രേ പറഞ്ഞതു (യോഹ. 2:19-21).*

നിത്യതയുടെ വെളിപ്പാട് എന്ന പുസ്തകത്തിന്റെ അവസാന അദ്ധ്യായത്തിന്റെ പഠനത്തിലേക്കാണ് നാം പ്രവേശിച്ചിരിക്കുന്നത്. കഴിഞ്ഞ ആറ് അദ്ധ്യായങ്ങളിലായി ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനമാണ് നമുക്ക് ലഭിച്ചത്. ഒരുവൻ പരിജ്ഞാന തികവിലേക്ക് എത്തുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ദൈവത്തെക്കുറിച്ചുള്ള ആഴമേറിയ അവബോധം ഒരുവനിൽ ഉണ്ടാകുക എന്നതാണ്. മാനവരാശിയോടുള്ള ബന്ധത്തിൽ നിത്യനായ യേശുക്രിസ്തു ആരാകുന്നു എന്നു നാം ഇതുവരെ ചിന്തിച്ചതിന്റെ രത്നച്ചുരുക്കമാണ് താഴെ കൊടുത്തിരിക്കുന്നത്.

**ഭൂതകാല**ചിന്തയോടുള്ള ബന്ധത്തിൽ യേശുക്രിസ്തു സൃഷ്ടിതാവാംദൈവവും രക്ഷിതാവാംദൈവവുമാണെന്നുള്ള കാഴ്ചപ്പാട് പ്രാരംഭത്തിലെ രണ്ടു അദ്ധ്യായങ്ങളിൽനിന്നു നമുക്കു ലഭിക്കുകയുണ്ടായി. **വർത്തമാനകാല**ചിന്തയോടുള്ള ബന്ധത്തിൽ ക്രിസ്തുയേശു മഹാപുരോഹിതനായി പിതാവിന്റെ വലത്തുഭാഗത്തിരുന്ന് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നുവെന്നാണ് മഹാപുരോഹിതൻ എന്ന മൂന്നാം അദ്ധ്യായത്തിൽ നാം ചിന്തിച്ചത്. **ഭാവികാല**ചിന്തയോടുള്ള ബന്ധത്തിൽ യേശുക്രിസ്തു ദൈവസഭയുടെ ആത്മമണവാളനാകുന്നുവെന്നും അവൻ വേഗത്തിൽ വന്നു ലോകരാജത്വം ഏറ്റെടുക്കുന്ന മഹാരാജാവാണെന്നും അതുപോലെ അവൻ സകലത്തെയും ന്യായം വിധിക്കുന്ന ന്യായാധിപതി ആകുന്നുവെന്നുമാണ് നാലുമുതൽ ആറുവരെയുള്ള അദ്ധ്യായങ്ങളിൽ നാം ചിന്തിച്ചത്.

ഏഴാമത്തെ അദ്ധ്യായത്തിൽ തുടർന്നു നാം ചിന്തിക്കുന്നത് അനാദിയിൽ പിതാവാംദൈവത്തിന്റെ ആലോചനയായിരുന്ന ആത്മാവാംദൈവത്തിനു വസിപ്പാനുള്ള **ജീവനുള്ള മന്ദിരം** ആരാകുന്നു എന്നതിന്റെ വിശദാംശങ്ങളിലേക്കാണ്. ഭൂമിയിൽ പണിയപ്പെട്ടതും പണിയപ്പെടുവാനുള്ളതുമായ സകല വിശുദ്ധമന്ദിരങ്ങളും താല്ക്കാലികവും വരുവാനുള്ളതിന്റെ നിഴലുമാണ്. പിതാവാകുന്ന ആത്മാവാം ദൈവം വസിക്കുന്നത് വചനമാകുന്ന പുത്രനാംദൈവത്തിലാണ്. ഇതിൽനിന്നും വ്യക്തമാക്കപ്പെടുന്ന വസ്തുത പിതാവാം ദൈവം വസിക്കുവാൻ തിരഞ്ഞെടുക്കുന്നത് കൈപ്പണിയായ ക്ഷേത്രങ്ങളിൽ അല്ല വചനമാം ദൈവത്തിലാകുന്നു എന്നുള്ളതാണ്. അതിന്റെ അക്ഷരീകമായ സമ്പൂർണ്ണത പൂർത്തീകരിക്കപ്പെടുന്നത് **പുതിയ യെരുശലേം** എന്ന ജീവനുള്ള നഗരത്തിലാണ്.

സമാഗമന കൂടാരവും യെരുശലേം ദൈവാലയവുമൊക്കെ ഇതിന്റെ നിഴലുകളായിട്ടാണ് പഴയനിയമത്തിൽ പണിയപ്പെട്ടിരുന്നത്. എന്നാൽ വരുവാനുള്ള ആദാമിന്റെ പ്രതിച്ഛായയിൽ സൃഷ്ടിച്ച മനുഷ്യനിലാണ് ദൈവം വസിപ്പാൻ ആഗ്രഹിക്കുന്നത്. ആദാമികപാപം മുഖാന്തരം അസ്തമിച്ചുപോയ ദൈവവും മനുഷ്യനുമായുള്ള ബന്ധമാണ് ഒടുക്കത്തെ ആദാമാകുന്ന ക്രിസ്തുയേശുവിലൂടെ ദൈവീക മുൻനിർണ്ണയപ്രകാരം കർത്താവിന്റെ ഒന്നാമത്തെ വരവിങ്കൽ ഉദയം ചെയ്തത്.

അനാദികാലമായി മറഞ്ഞുകിടന്നിരുന്ന സ്വർഗ്ഗീയമർമ്മമായിരിക്കുന്ന ജീവനുള്ള മന്ദിരത്തിന്റെ **അടിസ്ഥാനക്കല്ലാണ്** യേശുക്രിസ്തു. അവനോടു ചേർത്തു പണിയപ്പെടുന്നവരാണ് പരിശുദ്ധാത്മാവിനാൽ പണിയപ്പെടുന്ന ആത്മീകഗൃഹത്തിന്റെ **ജീവനുള്ള കല്ലുകൾ.** മാനവരാശിയോടുള്ള ബന്ധത്തിലെ ദൈവീകനിത്യതയിലാണ് അത് സമ്പൂർത്തീകരിക്കപ്പെടുന്നത്.

ഉല്പത്തി പുസ്തകത്തിൽ മറഞ്ഞു കിടന്നിരുന്ന സ്വർഗീയ മർമ്മം മറനീക്കി വെളിപ്പെടുന്നത് പുതിയനിയമത്തിലെ വെളിപ്പാട്പുസ്തകത്തിലാണ്. വെളിപ്പാട്പുസ്തകം ഇരുപത്തിയൊന്നാം അദ്ധ്യായത്തിലെ പ്രതിപാദ്യവിഷയം പുതിയ യെരുശലേം എന്ന വിശുദ്ധനഗരം അതിശ്രേഷ്ഠമായ ദൈവതേജസ്സോടെ പുതുവാനഭൂമിയിലെ ദൂതതുല്യരായ മനുഷ്യരുടെ ഇടയിലേക്ക് ഇറങ്ങി വരുന്നതിനെക്കുറിച്ചാണ്. കുഞ്ഞാടിന്റെ

കാന്തയെ ദർശിക്കുന്നതിനോടുള്ള ബന്ധത്തിലാണ് അപ്പൊസ്ത ലനായ യോഹന്നാൻ വന്മലയിൽ നിന്നു പുതിയ യെരുശലേമി നെക്കുറിച്ചുള്ള ദർശനം കാണുന്നത്. പുതിയ യെരുശലേം കാന്ത യുടെ പേരിൽ അറിയപ്പെടുന്നതിന്റെ കാരണം മന്ദിരമാകുന്ന ക്രിസ്തുവിനോടു ഒന്നായിച്ചേരുന്ന അതിശ്രേഷ്ഠമായ മണ വാട്ടിപദം അവൾ അലങ്കരിക്കുന്നതുകൊണ്ടാണ്.

പഴയനിയമവിശുദ്ധന്മാർ കാത്തിരുന്നതു ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനു വേണ്ടി യായിരുന്നു (എബ്രാ. 11:10-16). എന്നാൽ പുതിയനിയമ സഭയുടെ അതിശ്രേഷ്ഠമായ നിരയിൽ എത്തിച്ചേരുന്ന മണവാട്ടിസഭ കാത്തി രിക്കുന്നത് പുതിയ യെരുശലേം എന്ന വിശുദ്ധനഗരത്തിലെ മന്ദി രമാകുന്ന ക്രിസ്തുയേശു എന്ന ആത്മമണവാളനു വേണ്ടിയാണ്.

ദൈവനഗരത്തിന്റെ അതിതേജസ്സ് നിമിത്തം യോഹന്നാന് ദർശിക്കാൻ കഴിയുന്നത് നഗരത്തിന്റെ പുറം കാഴ്ചമാത്രമാണ്. **മന്ദിരം കണ്ടില്ല** എന്ന് അവൻ പ്രസ്താവിച്ചിരിക്കുന്നത് അതില്ലാ ത്തതുകൊണ്ടല്ല, അത് അവന് ദർശിപ്പാൻ കഴിയുന്നതിനുമപ്പുറം അതിതേജസ്സായതുകൊണ്ടാണ്. ദൈവതേജസ്സിന്റെ ഉറവിടമായി രിക്കുന്ന വിളക്കും, അതിവിശുദ്ധ സ്ഥലമാകുന്ന മന്ദിരവും ക്രിസ്തു യേശു ആകുന്നു. അവന്റെ തേജസ്സിന്റെ പ്രഭ നിമിത്തമാണ് ദൈവനഗരം പ്രകാശപൂരിതമാകുന്നതെങ്കിൽ അവന്റെ തേജ സ്സിനെ ആർക്ക് ദർശിപ്പാനും വർണ്ണിപ്പാനും കഴിയും? അതു ദർശിച്ച് എഴുതുക എന്നത് അസാദ്ധ്യമായതു കൊണ്ടാണ് ദൈവ നഗരത്തെക്കുറിച്ച് വർണ്ണിച്ചിരിക്കുന്ന ഭാഗത്ത് മന്ദിരത്തെക്കുറിച്ചും വിളക്കിനെക്കുറിച്ചും ഒന്നും രേഖപ്പെടുത്താതിരിക്കുന്നത്.

നീതിസൂര്യനാകുന്ന ആത്മമണവാളനാകുന്ന ക്രിസ്തുയേശു വിനോട് ഒന്നായി ചേരുന്ന നിർമ്മലകന്യക എന്ന മണവാട്ടി സഭയുടെ സ്ഥാനം സൃഷ്ടികളോടുള്ള ബന്ധത്തിൽ പരമോന്ന തമാണ്. ആ പദവി അലങ്കരിക്കുന്നവർ മന്ദിരത്തിന്റെ ഭാഗമായി ട്ടാണ് നിത്യതയിൽ കാണപ്പെടുന്നത്. ക്രിസ്തുവാകുന്ന തലയും സഭയാകുന്ന ശരീരവും പരിശുദ്ധാത്മാവിനാൽ ഒന്നായിച്ചേരുന്ന, പുതിയ യെരുശലേം എന്ന നഗരത്തിലെ, **മന്ദിരത്തിലാണ്** പിതാവാംദൈവം വസിക്കുന്നത്.

പുതിയ യെരുശലേം എന്ന ദൈവത്തിന്റെ നഗരത്തെയും പുതു വാനഭൂമിയെയും കുറിച്ചുള്ള വർണ്ണനയാണ് വെളിപ്പാട് പുസ്ത

കത്തിലെ അവസാന രണ്ടു അദ്ധ്യായങ്ങളിൽ പരിശുദ്ധാത്മാവ് വരച്ചു കാട്ടിയിരിക്കുന്നത്. ഇരുപത്തിയൊന്നാം അദ്ധ്യായത്തിൽ **നഗരം, മതിൽ, ഗോപുരം, വീഥി** എന്നിവയെക്കുറിച്ചുള്ള വിവരണമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇരുപത്തിരണ്ടാം അദ്ധ്യായത്തിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും **സിംഹാസനം, ജീവജലനദി, ജീവവൃക്ഷം, മനുഷ്യജാതി** എന്നിവയെക്കുറിച്ചുള്ള വിവരണമാണ് ആലേഖനം ചെയ്തിരിക്കുന്നത്.

**നഗരം**

നഗരം പണിയപ്പെട്ടിരിക്കുന്നത് സ്വച്ഛസ്ഫടികത്തിനൊത്ത തങ്കംകൊണ്ടാണ്. ആയിരത്തിയിരുനൂറ് നാഴിക നീളം, വീതി, ഉയരം എന്നിവകളുള്ള ഒരു വൻസൗധമാണ് ഈ നഗരം. അതിവേഗതയിൽ സഞ്ചരിക്കുന്ന ഒരു കൊട്ടാരമാണ് പുതിയ യെരുശലേം. ജീവനുള്ള കല്ലുകൾകൊണ്ട് പണിയപ്പെട്ടിരിക്കുന്നതുകൊണ്ടാണ് ആത്മാവാം ദൈവത്തോടൊപ്പം ഈ കൊട്ടാരം അതിവേഗതയിൽ സഞ്ചരിക്കുന്നത്.

ദൈവതേജസ്സ് നഗരത്തെ പ്രകാശിപ്പിക്കുന്നതുകൊണ്ട് നഗരത്തിൽ സൂര്യനും ചന്ദ്രനും ആവശ്യമില്ല, അവിടെ ഒരിക്കലും രാത്രി ഉണ്ടാകുകയില്ല. പുനരുത്ഥാനത്തിൽ സ്വർഗീയതേജസ്സ് പ്രാപിക്കുന്ന മീതെയുള്ള യെരുശലേമിൽ വിശ്രമിക്കുന്ന വിശുദ്ധന്മാരും എതിർക്രിസ്തുവിന്റെ ഭരണകാലത്ത് രക്തസാക്ഷികളാകുന്ന വിശുദ്ധന്മാരുമാണ് ഈ നഗരത്തിന്റെ ഭാഗമായിത്തീരുന്നത്.

**ഗോപുരം**

പന്ത്രണ്ടു മുത്തുകളാൽ നിർമ്മിതമയ പന്ത്രണ്ടു ഗോപുരങ്ങളാണ് നഗരമതിലിനുള്ളത്. ഇതിൽ യിസ്രായേൽ ഗോത്രങ്ങൾ പന്ത്രണ്ടിന്റെയും പേരുകൾ എഴുതിയിരിക്കുന്നു.

**നഗരവീഥി**

സ്വച്ഛ സ്ഫടിക തുല്യവും തങ്കനിർമ്മിതവുമാണ്.

**മതിൽ**

നഗരമതിലിന്റെ പണി സുര്യകാന്തവും അതിന്റെ അടിസ്ഥാനങ്ങൾ പന്ത്രണ്ടു രത്നങ്ങളാൽ പണിയപ്പെട്ടതും കുഞ്ഞാടിന്റെ പന്ത്രണ്ടു അപ്പൊസ്തലന്മാരുടെ പേരുകൾ അതിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാകുന്നു. പുതുവാനഭൂമിയിൽ പ്രവേശിക്കപ്പെ

ടുന്ന ദൂതതുല്യരായ മനുഷ്യരുടെ അളവിനൊത്തവണ്ണം നൂറ്റി നാല്പത്തിനാലു മുഴം ഉയരമാണ് നഗരമതിലിനുള്ളത്

വെളിപ്പാട് പുസ്തകം ഇരുപത്തിരണ്ടാം അദ്ധ്യായത്തിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനവും അതിൽ നിന്നു പുറപ്പെടുന്ന ജീവജലനദിയെക്കുറിച്ചുമാണ് വർണ്ണിച്ചിരിക്കുന്നത്. മാനവരാശിയോടുള്ള ബന്ധത്തിലെ ദൈവീകനിത്യതയുടെ സമ്പൂർണ്ണമായ വെളിപ്പെടുത്തലാണ് ഈ ഭാഗത്തു രേഖപ്പെടുത്തിരിക്കുന്നത്. പിതാവിന്റെ മന്ദിരമാകുന്ന ക്രിസ്തുയേശു എന്ന വിഷയത്തിന് മാത്രം പ്രധാന്യം കൊടുത്തിരിക്കുന്നതുകൊണ്ട് മറ്റു വിഷയങ്ങളിലേക്ക് പ്രവേശിക്കുന്നില്ല.

ജീവപുസ്തകത്തിൽ പേരെഴുതപ്പെടുന്ന നിത്യജീവനു യോഗ്യരാകുന്നവർ പുതിയ യെരുശലേമിന്റെ ഭാഗമാകുന്നില്ല. അവർ പുതുവാനഭൂമിയാകുന്ന പ്രാകാരത്തിൽ വസിക്കുന്ന ദൂതതുല്യരായ മനുഷ്യരും പുനരുത്ഥാനത്തിൽ ഭൗമിക തേജസ്സു പ്രാപിക്കുന്നവരുമായിരിക്കും.

പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും രാത്രി ഉണ്ടായിരിക്കില്ല എന്നതിന്റെ അർത്ഥം ഉല്പത്തിപുസ്തകത്തിന്റെ പ്രാരംഭ അദ്ധ്യായത്തിൽ പ്രസ്താവിച്ചിരിക്കുന്ന **മരണമാകുന്ന ഇരുൾ** ഉണ്ടായിരിക്കുകയില്ല എന്നുള്ളതാണ്. ദൈവീക ആരാധന പുതുവാനഭൂമിയിൽ നിർബാധം ഉണ്ടായിരിക്കും. പുതുവാനഭൂമിയിലെ ദൂതതുല്യരായ മനുഷ്യരാണ് ഭൂരാജക്കന്മാർ. അവരാണ് ഗോപുരങ്ങളിൽ കൂടി വിശുദ്ധ നഗരമാകുന്ന പുതിയ യെരുശലേമിലേക്ക് പ്രവേശിക്കപ്പെടുന്നവർ. അവർ അവിടെ നിത്യം വസിക്കുന്നവരല്ലായെങ്കിലും ദൈവത്തിന്റെ നഗരത്തിൽ പ്രവേശനാനുമതിയുള്ളവരാണ്.

മാനവരാശിയോടുള്ള ബന്ധത്തിലെ ദൈവീക നിത്യതയിൽ ദൈവത്തോടൊപ്പം കാണപ്പെടുന്നവർ താഴെപ്പറയുന്ന മൂന്ന് ഗണത്തിൽപ്പെടുന്നവരാണ്.

- പുതിയ യെരുശലേം എന്ന വിശുദ്ധനഗരത്തിലെ **മന്ദിരത്തിൽ** വചനമാകുന്ന കുഞ്ഞാടും അവന്റെ മണവാട്ടിയാകുന്ന നിർമ്മലകന്യകയും
- പുതിയ യെരുശലേം എന്ന **നഗരത്തിൽ** പഴയനിയമ ശ്രേഷ്ഠന്മാരായ വിശുദ്ധന്മാരും പുതിയനിയമ സഭയുടെ കന്യകമാ

രുടെ നിലവാരത്തിനു യോഗ്യരാകുന്ന തോഴിമാരാകുന്ന കന്യകമാരും എതിർക്രിസ്തുവിന്റെ ഭരണകാലത്തു രക്തസാക്ഷിത്വം വരിക്കുന്നവരും

- പുതുവാന ഭൂമിയെന്ന പ്രാകാരത്തിലെ ഭൂരാജാക്കന്മാരാകുന്ന ദൂതതുല്യരായ മനുഷ്യജാതി

ഇവരെ കൂടാതെ മറ്റാരുംതന്നെ മാനവരാശിയോടുള്ള ബന്ധത്തിൽ ദൈവീകനിത്യതയിൽ വരുവാനുള്ള ലോകത്തിൽ കാണുകയില്ല. പിതാവാംദൈവം വസിക്കുന്ന മന്ദിരത്തിലെ ജീവനുള്ള കല്ലുകളായി തീരുവാനുള്ള സ്വർഗീയവിളി ലഭിച്ചിട്ടുള്ളവർ അത് തിരിച്ചറിഞ്ഞ് അതിലേക്ക് എത്തിച്ചേരുവാൻ ജീവിതത്തെ സമർപ്പിക്കുക. മനുഷ്യജന്മം കൊണ്ട് നേടാവുന്ന പരമോന്നത സ്ഥാനത്തിലേക്ക് എത്തിച്ചേരുവാൻ പരിശുദ്ധനായ ദൈവം നമ്മെ സഹായിക്കട്ടെ.

പൊടിയിൽ നിന്ന് ഉത്ഭവിച്ചു മൺപുരകളിൽ പാർത്തു പുഴുപോലെ ചതഞ്ഞുപോകുന്ന മനുഷ്യനെക്കുറിച്ചുള്ള ദൈവീക പദ്ധതി എത്ര മഹത്വരമാണ്. ക്രിസ്തുവിൽ നമ്മെ വിളിച്ചിരിക്കുന്ന പരമവിളിയുടെ ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കാതെ അതിൽ എത്തിച്ചേരുവാൻ ദൈവമായ കർത്താവു ഈ പുസ്കതം വായിക്കുന്ന ഏവരേയും സഹായിക്കട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. സകലത്തിനും കാരണഭൂതനായവൻ സകലവും അതതിന്റെ സമയത്തു ഭംഗിയായി ചെയ്യുകയും **നിത്യത** എന്ന വലിയ മർമ്മം മനുഷ്യരുടെ ഹൃദയത്തിൽ വച്ചുമിരിക്കുന്നു. മനുഷ്യന്റെ ആത്മാവ് നിത്യതയ്ക്കു വേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. അതിനാൽ നമ്മുടെ **നിത്യത** ദൈവത്തോടൊപ്പം ആകുന്നതിൽപ്പരം സന്തോഷമില്ല. ആ നിത്യസൗഭാഗ്യത്തിലേക്ക് ദൈവത്തിന്റെ ആത്മാവു നമ്മെ ഓരോരുത്തരെയും നടത്തുമാറാകട്ടെ.

ദൈവീകപദ്ധതികളുടെ സമ്പൂർത്തീകരണത്തിനായി
സകലവും അതതിന്റെ സമയത്ത് നന്നായി ചെയ്യുന്ന
**യേശുക്രിസ്തു**
**ഇന്നലെയും ഇന്നും എന്നെന്നേക്കും**
**അനന്യൻ തന്നെ.**

**പ്രേഷ്യസ് കോളിംഗ് മിനിസ്ട്രീസ്**
**പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ**

1. മനുഷ്യൻ പ്രാണനെ വിട്ടാൽ പിന്നെ അവൻ എവിടെ? മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ? (പരിഷ്കരിച്ച രണ്ടാമത്തെ പതിപ്പ്)
2. പുസ്തകവ്യാഖ്യാനം-വെളിപ്പാട് (മലയാളം)
3. When A Person Breathes His Last, Where Will He Be? If A Human Being Dies Will He Live Again? (English)

**ഉടൻ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ**

1. പുസ്തകവ്യാഖ്യാനം-വെളിപ്പാട് (ഹിന്ദി)
2. അന്ത്യന്യായവിധി
3. ദൈവീകപ്രത്യക്ഷതകൾ
4. ശവം ഉള്ളേടത്ത് കഴുക്കൾ കൂടും

ദൈവവിളിയുടെ പരമോന്നത ലക്ഷ്യം എന്തെന്നറിയാതെ അനേകർ ദൈവീക പദ്ധതിയിൽനിന്ന് അന്യപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ദൈവവചനത്തിന്റെ പരിജ്ഞാനത്തികവിലേക്ക് ദൈവമക്കളെ ഉയർത്തുക എന്ന ലക്ഷ്യത്തോടെ വചനത്തിലും പ്രാർത്ഥനയിലും പ്രവർത്തനത്തിലും അധിഷ്ഠിതമായി ബൈബിൾ ക്ലാസ്സുകൾ, സെമിനാറുകൾ, മുഴുരാത്രി പ്രാർത്ഥനകൾ, മിനി കൺവെൻഷനുകൾ, ആത്മീക കൂട്ടായ്മകൾ, ഉപവാസപ്രാർത്ഥനകൾ, പരസ്യയോഗങ്ങൾ എന്നീ ശുശ്രൂഷകൾ ഈ മിനിസ്ട്രിയുടെ കീഴിൽ ചെയ്തുകൊണ്ടിരിക്കുന്നു. **ഇതുവരെ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ ഇതരഭാഷകളിലേയ്ക്ക് പരിഭാഷപ്പെടുത്തുവാനും അനിമേഷൻ രൂപത്തിലുമാക്കുവാനും ആഗ്രഹിക്കുന്നു**. താത്പര്യമുള്ളവർ ദയവായി ബന്ധപ്പെടുക.

**Precious Calling Ministries**
Post Box No. 4, Anickad PO,
Kottayam 686503, Kerala.
Mob : 094 47 13 92 74, 094 00 41 92 74
E-mail : **preciouscallingministries@yahoo.co.in**
Website : **www.preciouscallingministries.com**
**പ്രസിദ്ധീകരണങ്ങൾ വെബ് സൈറ്റിലും ലഭ്യമാണ്.**